OFFICE OF THE KALLOOPPARA GRAMA PANCHAYAT



# വികസനരേഖ

കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത്



എന്റെ ഭാവനയിലുള്ള
ഗ്രാമത്തിൽ
ഒന്നാമനും രണ്ടാമനുമില്ല.
അവസാനക്കാരനുമില്ല.
എല്ലാവരും സമന്മാർ

ഗാന്ധിജി

**അധികാരം ജനങ്ങളിലേക്കൊഴുകുന്നു.**
**ഗ്രാമസ്വരാജ് സ്വപ്നം പൂവണിയുന്നു.**

26-4

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത്
# *വികസന രേഖ*




# *വികസന സെമിനാർ*

## ജനകീയാസൂത്രണം ജില്ലാ തല പരിശീലനം ലഭിച്ചവർ

പ്രൊഫ. സജി ചാക്കോ
എ. ജി. സുരേന്ദ്രപ്പെരുമാൾ
അനിൽ തോമസ്
സാബു ജോസഫ്
ചെറിയാൻ വർഗീസ്, വലിയകണ്ടത്തിൽ
വി. എ. ജോസഫ്, വാഴയിൽ
എം. ജെ. ചെറിയാൻ, മണ്ണഞ്ചേരിൽ

## ജനകീയാസൂത്രണം സംസ്ഥാന പരിശീലനം ലഭിച്ചവർ

റ്റി. എം. വർഗീസ്
മറിയാമ്മ വർഗീസ്

## വികസന രേഖ തയ്യാറാക്കാൻ സഹായിച്ച പഞ്ചായത്ത് ജീവനക്കാർ

എം. ശശിധരൻ പിള്ള
(സെക്രട്ടറി സ്പെഷ്യൽ ഗ്രേഡ്)
ഒ. ഉണ്ണികൃഷ്ണൻ
(മുൻ സെക്രട്ടറി)
പി. കെ. കുറിയാക്കോസ്
(സൂപ്രണ്ട്)
ജി. ചന്ദ്രശേഖരകൈമൾ (U. D. C.)
സി. പി. ശിവൻപിള്ള (U. D. C)
ജേക്കബ് ഈപ്പൻ (U. D. C.)
റ്റി. എം. ആന്റണി (L. D. C)
എം. ജയകുമാർ (L. D. C.)
പി. കെ. സരസമ്മ
പി. സി. സരോജിനി
പി. ജോർജ്ജുകുട്ടി

## ദ്വിതീയ വിവര ശേഖരത്തിന് നേതൃത്വം കൊടുത്തവർ

റ്റി. കെ. നാരായണൻ നായർ, പുന്തലകുന്നത്ത്
സി. കെ. മോഹനനൻ നായർ
പി. എൻ. രാധാകൃഷ്ണപണിക്കർ
കെ. ആർ. ഗോപാലാൻ
എൻ. രാജൻ, പുതുപ്പറമ്പിൽ
ഷാജി സാം, തച്ചക്കാലിൽ
ജോസ്, കുറഞ്ഞൂർ
ഏബ്രഹാം കുര്യൻ
വർഗീസ് കൊച്ചുവർഗീസ്, വെള്ളാപ്പള്ളിൽ
വർഗീസ് സാമുവേൽ, വള്ളൊംതറയിൽ
വർഗീസ്കുട്ടി
രാജു, മണ്ണിൽ
ചാണ്ടി വർക്കി
പൊന്നമ്മ മാത്യു, താന്നിക്കൽ
വർഗ്ഗീസ് ജോൺ, പിണക്കുളത്ത്
ചന്ദ്രശേഖരൻനായർ, കുന്നാംതടത്തിൽ
കെ. ഈ. ജേക്കബ്, കീരുവള്ളിൽ
പി. റ്റി. ഗോപാലകൃഷ്ണൻ, പഴമല
എം. ഡി. കുട്ടപ്പൻ, കൊച്ചുമറ്റത്തിൽ
കെ. കെ. തങ്കപ്പൻ കപ്പമാവുങ്കൽ
ജോസിറ്റോം ചക്കാലമുറിയിൽ
ജയമണി രാജപ്പൻ

# ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി ജനപ്രകൃതി

സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം, മത്സ്യകൃഷി

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളവും പൊതുജനാരോഗ്യവും

ഗതാഗതം, ഊർജം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സംസ്കാരം

വനിതാക്ഷേമം

സഹകരണം

പട്ടികജാതി, പട്ടികവർഗക്ഷേമം

വിഭവസമാഹരണം

ഉപസംഹാരം

## എഡിറ്റോറിയൽ ബോർഡ്


ആശാ ബാലൻ

റജി പോൾ

ജഗദീഷ് കെ.

മത്തായിക്കുട്ടി ടി. എം., താഴത്തേക്കൂറ്റ്

ഇ. എൻ. ഗോപാലകൃഷ്ണൻ

ഇണ്ടൻതുരുത്തിൽ

സാബു ജോസഫ്

എ.ജി. സുരേന്ദ്രപെരുമാൾ

കെ. ആർ. ഗോപാലൻ

പ്രദീപ്

സുരേന്ദ്രൻ പഴമല

എം. ജെ. ചെറിയാൻ മണ്ണഞ്ചേരിൽ



*കർമ്മനിരത...* പ്രസിഡന്റ് ബസി ചെറിയാൻ



കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് ആഫീസ്

# പഞ്ചായത്ത് സമിതി അംഗങ്ങൾ



അഡ്വ. വിജയലക്ഷ്മിക്കുഞ്ഞമ്മ



ബിനു വർഗീസ്



റജി ചാക്കോ



ശശി സി. റ്റി.



രാജൻ മാരേട്ട്



ബിജു നൈനാൻ

# ആമുഖം

## ആസൂത്രണം ജനപങ്കാളിത്തത്തോടെ.....

ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതി ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് കേരളസംസ്ഥാനം. വികസനമെന്നാൽ മുകൾ തട്ടിൽ നിന്ന് ആവിഷ്കരിച്ചത് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ ഇവിടെ തിരുത്തികുറിക്കപ്പെടുന്നു. ജനങ്ങൾ തങ്ങൾക്ക് വേണ്ടത് എന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാര മാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും, അങ്ങനെ പുതിയൊരു വികസന സംസ്ക്കാരത്തിന് രൂപം കൊടുക്കാനുമാണ് കേരള സംസ്ഥാനം ഭരിക്കുന്ന നായനാർ സർക്കാരിന്റെ പരിശ്രമം. കേരളത്തിൽ നടന്നു വരുന്ന ജനകീയ ആസൂത്രണ പരിപാടി അതിന്റെ നൂതനത്വം കൊണ്ടു തന്നെ ഇൻഡ്യയുടെ ആകെ സവിശേഷ ശ്രദ്ധ നേടി കഴി ഞ്ഞു.

കേരളത്തിന്റെ 9-ാം പദ്ധതി ജന പങ്കാളിത്തത്തോട് കൂടി ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാരും, ആസൂത്രണ ബോർഡും ചേർന്ന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. ഒൻപതാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകെ ഏൽപ്പിക്കുന്നതിനാണ് തീരുമാനം. മനുഷ്യ വിഭവം അടക്കം വൻതോതിൽ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ രക്ഷാധികാരിയായും, പ്രതിഭാധനനായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും രൂപവൽക്കരിച്ചിട്ടുള്ള ഉന്നത തല മാർഗ്ഗ നിർദ്ദേശക സമിതിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കുന്നത്.

ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയായി തീരാവുന്ന ഈ നൂതന സംരംഭത്തിന്റെ ഭാഗമായി നമ്മുടെ ഗ്രാമമ പഞ്ചായത്തിന്റെ സമഗ്രമായ വികസന സാദ്ധ്യതകളെ സൂക്ഷമമായി അപഗ്രഥിക്കുന്നതിനാണ് ശ്രമിക്കുന്നത്. ദീർഘ വീക്ഷണത്തോടെ കാര്യക്ഷമതയോടെ ഈ രേഖയെ സമീപിച്ച് ഒരു പുതിയ വികസന സംസ് ക്കാരം നമുക്ക് വളർത്തിയെടുക്കാം.

# 1

# കല്ലൂപ്പാറ ഇന്നലെകളിലൂടെ

സ്വാതന്ത്ര്യനന്തര കാലഘട്ടത്തിൽ വില്ലേജ് യൂണിയനിൽ നിന്നാണ് കല്ലൂപ്പാറയുടെ തദ്ദേശ സ്വയം ഭരണ ചരിത്രം ആരംഭിക്കുന്നത്. പാട്ടത്തിൽ ഗോപാല പിള്ളയായിരുന്നു വില്ലേജ് യൂണിയന്റെ അദ്ധ്യക്ഷൻ. തിരുവിതാംകൂറിൽ പഞ്ചായത്ത് സംവിധാനം നിലവിൽ വന്നപ്പോൾ തന്നെ കല്ലൂപ്പാറ പഞ്ചായത്ത് രൂപമെടുത്തു. കിഴക്കും, വടക്കും തൊട്ടൊഴുകുന്ന മണിമലയാറും തെക്ക് കിഴക്ക് മല്ലപ്പള്ളി പഞ്ചായത്തും പടിഞ്ഞാറ് കുന്നന്താനവും കവിയൂരും പഞ്ചായത്തിന് അതിര് വരയ്ക്കുന്നു. 1953-ൽ ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. മരേട്ട് തോപ്പിൽ ശ്രീ. എം. സി. നൈനാൻ പ്രസിഡന്റും, മഞ്ഞനാം കുഴിയിൽ ഫാദർ എം. സി. അലക്സാണ്ടർ (വൈസ് പ്രസിഡന്റുമായി രൂപം കൊണ്ട ഭരണ സമിതിയിൽ കൊട്ടാരത്തിൽ പരമേശ്വരൻ പിള്ള, കീത്തളശ്ശേരിയിൽ കെ. ഇ. വർഗ്ഗീസ് പൗവ്വത്തിക്കുന്നിൽ ഫിലിപ്പോസ്, കടക്കാം പുറത്ത് രാഘവൻനായർ, മാരുതും പൊയ്കയിൽ എം. മാത്യു പടുവയിൽ കുഞ്ഞുനാണു എന്നിവർ അംഗങ്ങളായിരുന്നു. ആദ്യത്തെ പഞ്ചായത്ത് ആഫീസ് കല്ലൂപ്പാറ ചന്തക്ക് സമീപം കോട്ടക്കൽ വക ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ പ്രവർത്തനം ആരംഭിച്ചു. 2 വർഷത്തിന് ശേഷം പഞ്ചായത്ത് ആഫീസ് പുതുശ്ശേരി കങ്കാണി കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചെങ്കിലും വീണ്ടും കല്ലൂപ്പാറയിൽ തന്നെ സ്ഥാപിക്കപ്പെട്ടു. ഒരു ക്ലാർക്കും, ഒരു പ്യൂണുമായിരുന്നു ആദ്യകാല ജീവനക്കാർ. ആദ്യഭരണ സമിതിയുടെ അവസാനഘട്ടത്തിൽ ഒരു ആഫീസർ നിയമിതനായി. അവസാന വർഷം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. എം. സി. നൈനാൻ രാജി വയ്ക്കുകയും തുടർന്ന് ഫാദർ എം. സി. അലക്സാണ്ടർ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ആദ്യ ഭരണ സമിതിയുടെ കാലാവധി 10 വർഷം നീണ്ടു നിന്നു. പഞ്ചായത്തിൽ 7 വാർഡുകളാണ് ഉണ്ടായിരുന്നത്.

1963-ൽ അധികാരത്തിലേറിയ ശ്രീ. എ. എസ്. തോമസ് പ്രസിഡന്റായുള്ള ഭരണസമിതി 1980 വരെ നീണ്ട പതിനാറു വർഷം നില നിന്നു. ഏഴു വാർഡുകൾക്കായി ഒമ്പതു മെമ്പറന്മാർ പഞ്ചായത്തിനുണ്ടായിരുന്നു. ആറാം വാർഡിനെ ദ്വയാംഗമണ്ഡലമെന്ന നിലയിൽ കണക്കാക്കി. പട്ടികജാതി വർഗ മെമ്പറന്മാർ പ്രതിനിധീകരിച്ചിരുന്നു.

അടുത്ത ഭരണസമിതിക്ക് ശ്രീ. അലക്സാണ്ടർ കെ. ജോൺ (കല്ലൂപ്പാറ ജോയി) നേതൃത്വം നൽകി. ആ കാലയളവിൽ പഞ്ചായത്തിനെ 9 പ്രാദേശിക വാർഡുകളായി തിരിച്ച് മെമ്പറന്മാർ പ്രതിനിധികളായി. ശ്രീ. കല്ലൂപ്പാറ ജോയി പ്രസിഡന്റായുള്ള ഭരണ സമിതിയുടെ ശ്രമം മൂലം ഏറ്റം നല്ല പഞ്ചായത്ത് എന്ന ബഹു

| Sl No. | സംഘടന | അംഗങ്ങളുടെ എണ്ണം ഉദ്ദേശം |
|---|---|---|
| 1 | പഞ്ചായത്ത് തല കാർഷിക വികസന സമിതി | 100 |
| 2 | പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി | 75 |
| 3 | പഞ്ചായത്ത് തല ആരോഗ്യ സംരക്ഷണ സമിതി | 50 |
| 4 | പഞ്ചായത്ത് തല സാംസ്കാരിക സമിതി | 50 |
| 5 | പഞ്ചായത്ത് തല കായിക സമിതി | 50 |
| 6 | പഞ്ചായത്ത് തല വനിതാ സമിതി | 50 |
| 7 | പഞ്ചായത്ത് തല വികസന സമിതി | 100 |

മതി ലഭിക്കുകയുണ്ടായി.

ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വരുന്നതിനു തൊട്ടുമുമ്പു വരെ ഭരണ നിർവ്വഹണം നടത്തിയ ഭരണസമിതിയാണ് പിന്നീട് അധികാരത്തിലെത്തിയത്. ശ്രീ. ആർ. രാമചന്ദ്രൻനായർ പ്രസിഡന്റായിരുന്നു.

1988 മുതൽ 1995 വരെയുള്ള സമിതി അംഗങ്ങൾ

വാർഡ്

1. സി. ആർ. രാമചന്ദ്രൻനായർ
2. ഇ. കെ. സോമൻ
3. അലക്സാണ്ടർ കെ. ജോൺ
4. റ്റി. കെ. നാരായണൻ നായർ
5. ഏലിയാമ്മ മാത്യു (വൈ. പ്രസിഡന്റ്)
6. അലക്സ് മാത്യു
7. ഏലിയാമ്മ യോഹന്നാൻ
8. കെ. കെ. തങ്കപ്പൻ
9. സി. സി. സൈമൺ

1995 സെപ്റ്റംബർ 30 ന് പ്രഭാതത്തിൽ പ്രസിഡന്റ് ശ്രീമതി ബസി ചെറിയാന്റെ നേതൃത്വത്തിൽ ഭരണ സമിതി അധികാരമേറ്റു.

പഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ വമ്പിച്ച ജന പങ്കാളിത്വമുണ്ടായിരുന്നു. ആവുന്നത്ര വികസനത്തോടൊപ്പം അഴിമതിയുടെ കറ പുരളാത്ത ഒരു ഭരണം പ്രസിഡന്റ് ബസി ചെറിയാൻ വാഗ്ദാനം ചെയ്തതോടൊപ്പം അതിനായുള്ള സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. പരിമിതമായ വിഭവങ്ങളുടെ സഹായത്തോടെ ഈ വാഗ്ദാനം നിറവേറ്റാനുള്ള നിരന്തരമായ പരിശ്രമത്തിലാണ് പ്രസിഡന്റും സമിതി അംഗങ്ങളും.

പഞ്ചായത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളെ സഹായിക്കാൻ പഞ്ചായത്ത് തലത്തിൽ ചില ബഹുജന സംഘടനകൾ രൂപീകരിക്കാൻ ആലോചനയുണ്ട്.

## ഇന്നിന്റ ദു:ഖം

| | |
|---|---|
| കേരളത്തിലെ ജനസംഖ്യ | 2.9 കോടി |
| കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ | 2103395 (7 %) |
| ആകെ ഭൂമി | 38,85, 497 ഹെക്ടർ |
| കൃഷി ഭൂമി | 3043044 ഹെക്ടർ (78%) |
| ആവശ്യമായ കാർഷിക വിഭവം | 27860974 ടൺ |
| ഉൽപാദിപ്പിക്കപ്പെടുന്ന വിഭവം | 1086578 ടൺ (39%) |

# 2

# പഞ്ചായത്ത് പൊതു വിതരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | - | മല്ലപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | - | പത്തനംതിട്ട |
| താലൂക്ക് | - | മല്ലപ്പള്ളി |
| ഉൾപ്പെടുന്ന വില്ലേജ് | - | കല്ലൂപ്പാറ |
| വിസ്തീർണ്ണം | - | 29.17 ചതു. കി. മീ. |
| അതിരുകൾ | - | വടക്ക് മല്ലപ്പള്ളി, കുന്നന്താനം പഞ്ചായത്തുകൾ |
| | | കിഴക്ക് - മണിമലയാർ - പുറമറ്റം പഞ്ചായത്ത് |
| | | തെക്ക് - മണിമലയാർ - ഇരവിപേരൂർ പഞ്ചായത്ത |
| | | പടിഞ്ഞാറ് - കവിയൂർ പഞ്ചായത്ത് |
| ജനസംഖ്യ | - | 17624 (1991 സെൻസസ്) |
| പുരുഷൻ | - | 8277 |
| സ്ത്രീകൾ | - | 9347 |
| പട്ടികജാതി | - | 2043 |
| പട്ടികജാതി പു. | - | 922 |
| പട്ടികജാതി സ്ത്രീ | - | 1121 |
| പട്ടിക വർഗ്ഗം | - | 21 |
| പട്ടിക വർഗ്ഗ പു | - | 10 |
| പട്ടിക വർഗ്ഗ സ്ത്രീ | - | 11 |

| | | |
|---|---|---|
| വാർഡുകൾ | - | 9 |
| പ്രസിഡന്റിന്റെ പേര് | - | ബസി ചെറിയാൻ |
| വൈസ് പ്രസിഡന്റ് | - | റ്റി. ആർ. രവീന്ദ്രനാഥ് |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ | - | അന്നമ്മ ജോസഫ് |
| സമിതി അംഗങ്ങൾ | | |
| | | അഡ്വ. വിജയലക്ഷ്മിക്കുഞ്ഞമ്മ |
| | | ബിനു വർഗീസ് |
| | | റജി ചാക്കോ |
| | | ശശി സി. റ്റി. |
| | | രാജൻ മാരേട്ട് |
| | | ബിജു നൈനാൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ | | |
| | | ബിജു നൈനാൻ |
| | | രവീന്ദ്രനാഥ് റ്റി. ആർ. |
| | | രാജൻ മാരേട്ട് |
| | | ശശി സി. റ്റി. |
| | | ബിനു വർഗീസ് |
| | | ബസി ചെറിയാൻ (എക്സ്ഓഫീഷ്യോ) |

## ഇന്നിന്റെ ദുഃഖം

ഇന്ത്യയിലെ ആകെ വീടുകൾ 165 ദശലക്ഷം
ഇതിൽ മൺകുടിലുകൾ 65 ദശലക്ഷം
പാർപ്പിടമില്ലാത്തവർ 18 ദശലക്ഷം

3

# കല്ലൂപ്പാറയുടെ ചരിത്രവഴികൾ

രാജഭരണകാലത്തു തന്നെ ഭരണസിരാ കേന്ദ്രമെന്ന നിലയിൽ ശ്രദ്ധേയമാണു കല്ലൂപ്പാറ. കൊച്ചി ആസ്ഥാനമാക്കിയ ഇടപ്പള്ളി തമ്പുരാക്കന്മാരുടെ അധീനതയിലായിരുന്നു ഈ പ്രദേശം. ഇടപ്പള്ളി കേന്ദ്രമാക്കി ഭരണം നടത്തിയ എളങ്ങല്ലൂർ നമ്പൂതിരിയുടേതായിരുന്നു 'ഇടപ്പള്ളി രാജ്യം'.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉദയത്തിൽ തിരുവല്ല താലൂക്കിൽ 'കല്ലൂപ്പാറ പ്രവൃത്തി' എന്ന ദേശഭാഗം മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ, വായ്പൂര്, പുറമറ്റം ഈ പ്രദേശങ്ങളെ ഉൾക്കൊണ്ടിരുന്നു.

കല്ലൂപ്പാറ, കാർത്തികപ്പള്ളി താലൂക്കിലെ തൃക്കുന്നപ്പുഴ, കുന്നത്തുനാടു താലൂക്കിലെ വാഴപ്പള്ളി എന്നീ സ്ഥലങ്ങളും ഇടപ്പള്ളി രാജാവിന്റെ അധീനതയിലായിരുന്നു. ഇത് ഒരു നമ്പൂതിരിയുടെ രാജ്യമാകയാൽ തിരുവിതാംകൂറിന്റെ പടയോട്ടക്കാരനായ മഹാരാജാവു മാർത്താണ്ഡ വർമ്മ 'ഇടപ്പള്ളിയെ' ആക്രമിച്ചിരുന്നില്ല.

1820 വരെ സ്വതന്ത്രമായി നിലകൊണ്ട ഇടപ്പള്ളി സ്വരൂപത്തിന്റെ ഭാഗമായിരുന്നു കല്ലൂപ്പാറ. ബ്രിട്ടീഷ് അധീശത്വത്തോടെ 1820-ൽ 'ഇടപ്പള്ളിയെ' കൊച്ചി രാജ്യത്തോടു ചേർത്തു. തിരുവിതാംകൂറിനോട് ആഭിമുഖ്യമുള്ള 'തമ്പുരാന്' അതിഷ്ടമായില്ല. തുടർന്ന് 1825-ൽ ഈ രാജ്യത്തെ ഇംഗ്ലീഷ് റസിഡന്റ് തിരുവിതാംകൂറിനോടു ചേർത്ത് ഉത്തരവായി. അങ്ങനെ 1825-ൽ 'കല്ലൂപ്പാറ പ്രവൃത്തി' തിരുവിതാംകൂറിന്റെ ഭാഗമായി.

1956-ൽ ഈ പ്രദേശം ഇടപ്പള്ളിയിൽ നിന്നും ജ[illegible] ഷീയ സർക്കാർ ഏറ്റെടുത്തതോടെ കല്ലൂപ്പാറ, മല്ല[illegible] ള്ളി, ആനിക്കാട്, കോട്ടാങ്ങൽ, പുറമറ്റം എന്നീ പഞ്ച[illegible] യത്തുകളായി ഇത് വിഭജിക്കപ്പെട്ടു.

## പറഞ്ഞുപതിഞ്ഞ ഐതിഹ്യം

കല്ലൂപ്പാറ ദേവീക്ഷേത്രത്തിനരികിൽ പുഴയ്ക്കഭി[illegible] ഖമായി പ്രത്യേകം പണി കഴിപ്പിച്ച കുളപ്പുര, മാളി[illegible] യും, എട്ടുകെട്ടും ഇടപ്പള്ളി രാജ പ്രമുഖരുടെ പ്രതാ[illegible] വിളിച്ചു പറയും. ഭരണശ്രദ്ധയ്ക്കും സുഖവാസത്തി[illegible] മായി തമ്പുരാൻ ഇവിടം സന്ദർശിക്കുക പതിവായി[illegible] ന്നു. പ്രകൃതിരമണീയമായ ഈ സ്ഥലത്ത് മണിമലയ[illegible] റിന്റെ മുഗ്ധലാവണ്യം നുകർന്നു കൊണ്ട് നിൽ[illegible] മ്പോഴാണ് ദുർഗന്ധം വമിക്കുന്ന തോണി ക്ലേശി[illegible] തുഴയുന്ന ഏതാനും നസ്രാണികൾ തമ്പുരാന്റെ ശ്ര[illegible] യിൽപ്പെട്ടത്.

തോണി തടയിച്ച് ഉള്ളടക്കത്തെക്കുറിച്ചു[illegible] അന്വേഷണത്തിൽ കിഴക്കു നിന്ന് ദൂരെ നിര[illegible] ത്തേക്കു സംസ്ക്കാരത്തിനു കൊണ്ടു പോകുന്ന ശ[illegible] ശരീരമാണെന്ന് അദ്ദേഹം മനസിലാക്കി. അന്ന് ഇ[illegible]

ടെയുള്ള ക്രിസ്ത്യാനികൾക്ക് ശവസംസ്ക്കാരത്തിനും ആരാധനയ്ക്കും ദൂരെ നിരണത്തുള്ള ക്രൈസ്തവദേവാലയം മാത്രമായിരുന്നു അവലംബം.

പ്രജകളോടുള്ള അമിതവാത്സല്യവും താല്പര്യവും കാരണം ദൈവാരാധനയ്ക്കുള്ള അവരുടെ കഷ്ടപ്പാടിൽ മനംനൊന്ത ഇടപ്പള്ളി ശ്രേഷ്ഠൻ ഉടൻതന്നെ കല്ലൂപ്പാറ ക്ഷേത്രത്തിനു സമീപം തന്നെ ഒരു പള്ളി സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ച് ഉത്തരവായി.

## ഇതിഹാസ ബന്ധിയായ ചരിത്രം.

അഞ്ചു വൃക്ഷങ്ങളുടെ പേരിൽ ചരിത്രശുദ്ധിതമായ 'പുതുശേരി' ഇപ്പോഴും 'അഞ്ചിലവുങ്കൽ' എന്നറിയപ്പെടും. ഈ സ്ഥലം ഭാരത കഥാപാത്രങ്ങളായ പഞ്ചപാണ്ഡവരുടെ വിഹാരസ്ഥലമായിരുന്നെന്നും അവർ നട്ടു വളർത്തിയ അഞ്ച് ഇലവുകൾ അടുത്തടുത്ത് നില കൊണ്ടും ഈ സ്ഥലം പ്രാധാന്യമാർന്നെന്നാണു വിശ്വാസം.

തുരുത്തിക്കാട്ടും മണിമലയാറ്റിലെ 'പള്ളിക്കയ'ത്തിന രികെ കാണുന്ന ഗുഹാമുഖം അഞ്ചിലവുങ്കൽ നിന്നും അങ്ങോട്ടേയ്ക്കുള്ള പാണ്ഡവ നിർമ്മിതമായ ഭൂഗർഭപാതയുടെ ലക്ഷ്യമായിരുന്നുപോലും. ഇങ്ങനെ കേരള ചരിത്രത്തിൽ സ്ഥാനം പിടിച്ച ഐതിഹ്യങ്ങൾക്ക് കേദാരമാണ് കല്ലൂപ്പാറ.

## സാംസ്കാരിക സമന്വയം

പ്രസിദ്ധമായ രാജവംശത്തിന്റെ ആസ്ഥാനം മതമൈത്രിക്കുപുകൾ വെറ്റ ദേവീക്ഷേത്രത്തിന്റെയും ക്രൈസ്തവ ദേവാലയത്തിന്റെയും സാമീപ്യം, സർവ്വോപരി ക്ഷേത്ര കലകളുടെയും, നാടൻ കലകളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും കേളീരംഗം. ഇങ്ങനെ തെക്കൻ തിരുവിതാംകൂറിനെ സമ്പന്നമാക്കിയ സാംസ്ക്കാരിക തരംഗങ്ങൾക്ക് ഉറവിടമായ പുണ്യഭൂമിയാണു കല്ലൂപ്പാറ.

## സമരഗാഥകൾ സാമൂഹികമാറ്റങ്ങൾ

ഭാരതമാകെ അലയടിച്ച സ്വാതന്ത്ര്യ സമരത്തിന്റെ ഇരമ്പം കേരളത്തെ അധികമൊന്നും പ്രകമ്പനം കൊള്ളിച്ചില്ല. എങ്കിലും പ്രഗത്ഭരായ പല സ്വാതന്ത്ര്യ സമരസേനാനികൾക്കും കല്ലൂപ്പാറ ജന്മം നൽകി.

### ഇന്നിന്റെ ദുഃഖം

ഇന്ത്യയിൽ ജനിക്കുന്ന ആകെ കുട്ടികൾ 25 ദശലക്ഷം

ഇതിൽ 3.5 ദശലക്ഷം ആദ്യ പിറന്നാളിന് മുമ്പ് ലോകത്തോട് വിട പറയുന്നു.

17 ലക്ഷം പേർ 5-ാം പിറന്നാളിന് മുൻപ് മരിക്കുന്നു.

18 ദശലക്ഷം പേർ മാത്രമേ 15 വർഷത്തിനുശേഷം ജീവിക്കുന്നുള്ളൂ.

OFFICE OF THE KALLOOPPARA GRAMA PANCHAYAT

5-3

# ഭൂ ജന ജല പ്രകൃതികൾ

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കല്ലൂപ്പാറയെ ആറ് മേഖലകളായി തിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. ചെറു ചരിവ്
3. ഇടത്തരം ചരിവ്
4. സമതലം
5. മല ഇടുക്കുകൾ
6. വെള്ളം കയുന്ന പ്രദേശം (പുഞ്ച)

ഇവയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 500 മീറ്ററിനു മുകളിൽ 400 നും 500 നും ഇടയിൽ 400-ൽ താഴെ എന്നിങ്ങനെ തരം തിരിക്കാം.

| ക്രമന. | മേഖലകൾ | വിസ്തൃതി (ഹെ.) |
|---|---|---|
| 1 | ഉയർന്ന കുന്നിൻ പ്രദേശം | 115.00 |
| 2 | ചെറു ചരിവ് | 547.00 |
| 3 | ഇടത്തരം ചരിവ് | 632.00 |
| 4 | സമതലം | 416.00 |
| 5 | മല ഇടുക്കുകൾ | 281.00 |
| 6 | വെള്ളം കയറുന്ന പ്രദേശം | 339.00 |

| നിമ്നോന്നതി | | |
|---|---|---|
| ക്രമനം | മേഖലകൾ | വിസ്തൃതി (ഹെ.) |
| 1 | 200 മീറ്ററിനു മുകളിൽ | 117.00 |
| 2 | 200നും 100 നും ഇടയിൽ | 1182.00 |
| 3 | 100 നു താഴെ | 1031 |

## മണ്ണ് ഉപരിതല വസ്തുക്കൾ

പഞ്ചായത്തിന്റെ മേൽ മണ്ണിന്റെ സ്ഥിതി കിഴക്കേ അതിരിനു ചേർന്ന് ഒഴുകുന്ന മണിമലയാറിന്റെ തീര പ്രദേശത്ത് ഏറിയ പങ്കും എക്കൽ മണ്ണാണ്. പാടശേഖരങ്ങൾ ഒഴിച്ചാൽ ബാക്കി പാറയും ചെങ്കൽ ചേർന്ന ചുവന്ന മണ്ണുമാണ്.

കേരള സംസ്ഥാന ബോയിൽ സർവ്വേ ഓർഗനൈസേഷൻ 1993-ൽ നടത്തിയ പഠനം അനുസരിച്ച് പത്തനംതിട്ട ജില്ലയിലെ പ്രത്യേകിച്ച് കഴിക്കൻ മേഖലകളിലെ ദക്ഷിണ സഹ്യാദ്രി മേഖലയിലെ മൺ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ചെമ്മണ്ണ്

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 85.14 ശതമാനത്തോളം വിസ്തീർണ്ണം തവിട്ടു നിറം കലർന്ന മണ്ണ് കാണപ്പെടുന്നു. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ ഇവ വേനൽക്കാലത്ത് വരണ്ടു പോകുന്ന സ്ഥിതിയാണ്. ഈ കാലാവസ്ഥയിൽ പിതൃശില രാസ ഭൗതീക അപക്ഷയങ്ങൾക്ക് വിധേയമായി പൊടിഞ്ഞ് രൂപം പ്രാപിച്ചതാണ് ഈ മണ്ണ്. ചെരുവുകളെ അപേക്ഷിച്ച് മുകൾ ചെരുവും കുന്നിന്റെ മണ്ടയിലും താരതമ്യേന ആഴം കുറഞ്ഞ മണ്ണാണ് കാണുന്നത്. മാത്രമല്ല മിക്കവാറും ഈ ഭൂപ്രകൃതി വിഭാഗങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നു.

ഇവിടുത്തെ മണ്ണിന്റെ ഘടന പരിശോധിച്ചാൽ ചെരുവിന്റെ താഴ്ഭാഗങ്ങളിലേയും താരതമ്യേന ചരിവ് കുറഞ്ഞ പ്രദേശങ്ങളിലും (50 യിൽ താഴെ) ഉള്ള മണ്ണ് സാന്റിലേം വിഭാഗത്തിൽ ഉൾപ്പെടുന്നു. എന്നാൽ

| മണ്ണിന്റെ ഘടന | | | | | |
|---|---|---|---|---|---|
| ക്രമനമ്പർ | മണ്ണ് ഉപരിതല വസ്തുക്കൾ | വിസ്തീർണ്ണം | നീർവാർച്ച | പി. എച്ച്. മൂല്ല്യ | പാറതരം |
| 1 | ചെമ്മണ്ണ് | 1458 | നീർവാർച്ച കൂടിയത് | 5-8 | |
| 2 | നദീജന്യ എക്കൽ | 297 | കുറഞ്ഞത് | 5-7 | |
| 3 | പാറ | 11 | | - | ഖോണ്ടലൈറ്റ് ചാർണക്കൈറ്റ് |

| ക്രമനമ്പർ | ഋതുക്കൾ | സമയം |
| --- | --- | --- |
| 1 | മഞ്ഞുകാലം | നവം. പകുതി മുതൽ ജനു. അവസാനം |
| 2 | വേനൽക്കാലം | ഫെബ്രുവരി ആദ്യം മുതൽ മെയ് അവസാനം |
| 3 | മഴക്കാലം | ജൂൺ ആദ്യം മുതൽ ഒക്ടോബർ |

ചെരുവിന്റെ മുകൾ ഭാഗങ്ങളിലും കുന്നിന്റെ മുകൾഭാഗത്തും ഗ്രാവലിന്റെ അംശം കൂടുതലാണ്.

## നദി ജന്യ എക്കൽ

കുന്നിന്റെ മുകൾ ഭാഗങ്ങളിലും ചെരുവുകളിലും ഉള്ള മണ്ണ് ലവണങ്ങളും മറ്റു വസ്തുക്കളും മഴയുടേയും മറ്റ് ആന്തരീക പ്രവർത്തനങ്ങളുടെയും ഫലമായി താഴ്വാരങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. അങ്ങനെ ഉണ്ടാവുന്നതാണ് എക്കൽ മണ്ണ്. കല്ലൂപ്പാറ പഞ്ചായത്തിലെ കിഴക്കേ അതിർ ത്തിയിലും മറ്റ് താഴ്വര പ്രദേശങ്ങളിലും ഇത്തരം മണ്ണ് കാണപ്പെടുന്നു. (297 ഹെ.)

ഘടന അനുസരിച്ച് ഇവ മണൽ കലർന്ന ചെളിമണ്ണും സിൽറ്റ് കലർന്ന ചെളിയുമാണ് ഇരുണ്ട നിറം മുതൽ നരച്ച ഇരുണ്ട നിറം വരെ കാണപ്പെടുന്നു. ഈ വിഭാഗം മണ്ണ് താരതമ്യേന നീർവാർച്ച കുറഞ്ഞതും 0.5 മുതൽ 1.5 മീറ്റർ വരെ ആഴത്തിൽ ഉള്ളതുമാണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള ജൈവ വസ്തുക്കളും ലവണങ്ങളും അടങ്ങിയിരിക്കുന്നതു കൊണ്ട്

| ക്രമന. | വിവിധ തലങ്ങൾ | ലഭിച്ച പ്രതിമാസ ശരാശരി മഴ മില്ലി. മിറ്ററിൽ | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- |
| | | 1990 | 1991 | 1992 | 1993 | 1994 | 1995 | 1996 |
| 1 | സംസ്ഥാ ശരാശരി | 231.66 | 258.83 | 279.41 | 235.00 | N. A. | N. A. | N. A. |
| 2 | ജില്ലാ ശരാശരി | 217.25 | 237.75 | 201.6 | 247.6 | N. A. | N. A. | N. A. |
| 3 | കല്ലൂപ്പാറ | 205.81 | 212.17 | 225.16 | 235.64 | 233.65 | 241.03 | 258.70 |

| മാസങ്ങൾ | 1990.0 | 1991.0 | 1992.0 | 1993.0 | 1994.0 | 1995.0 | 1996.0 |
|---|---|---|---|---|---|---|---|
| ജനുവരി | 40.20 | 7.60 | 2.30 | 0.00 | 0.00 | 0.00 | 1.46 |
| ഫെബ്രുവരി | 0.00 | 0.00 | 0.00 | 0.00 | 2.14 | 1.61 | 0.00 |
| മാർച്ച് | 40.70 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| ഏപ്രിൽ | 1.45 | 0.00 | 2.00 | 0.00 | 0.00 | 0.00 | 0.00 |
| മേയ് | 0.00 | 1.86 | 16.45 | 2.13 | 7.19 | 2.16 | 41.65 |
| ജൂൺ | 687.15 | 714.16 | 835.15 | 865.85 | 835.95 | 795.19 | 854.75 |
| ജൂലൈ | 567.45 | 635.19 | 715.45 | 690.95 | 747.15 | 697.96 | 695.16 |
| ആഗസ്റ്റ് | 325.17 | 400.75 | 416.10 | 417.35 | 435.65 | 537.45 | 516.19 |
| സെപ്റ്റംബർ | 316.15 | 315.21 | 375.60 | 295.67 | 315.00 | 368.36 | 219.16 |
| ഒക്ടോബർ | 367.65 | 295.95 | 195.25 | 347.15 | 287.38 | 297.19 | N. A |
| നവംബര | 127.15 | 135.25 | 115.75 | 190.65 | 161.15 | 181.15 | N. A. |
| ഡിസംബർ | 36.70 | 40.15 | 27.95 | 17.95 | 12.25 | 11.35 | N. A. |
| ആകെ | 2469.7 7 | 2546.1 2 | 2702.0 | 28227. 7 | 2803.8 6 | 2892.4 2 | 2328.3 7 |

നദീജന്യ എക്കൽ ഉള്ളതുകൊണ്ടും ഈ മൺ തരം നല്ല ഫലഭൂഷ്ടിയുള്ളതാണ്.

## പാറ

ഈ പഞ്ചായത്തിൽ പാറ ഉപരിതലത്തിൽ കാണുന്ന പ്രദേശങ്ങളാണ് ഒന്നും രണ്ടും വാർഡുക ളിലെ നരിക്കുട്ടൻപാറ, വേളൂരേട്ടുപാറ, നെടുമ്പാറ, വള്ളോന്ത്ര മൂത്തേടത്ത് പ്രദേശങ്ങൾ. ഇവ നിർമ്മാ ണാവശ്യങ്ങൾക്കായി പൊട്ടിച്ചെടുക്കുന്നു. ഇവിടെ കാണപ്പെടുന്ന പാറ പ്രധാനമായും രണ്ടു വിഭാഗങ്ങ ളായി കാണപ്പെടുന്നു.

1. വെളുത്ത തവിട്ടു പുള്ളിയോടു കൂടിയ പാറ - ഖോണ്ടലൈറ്റ്

2. കറുത്ത പാറ - ചാർണക്കൈറ്റ്

## ജല കാലാവസ്ഥ

കാലാവസ്ഥപരമായി കേരള സംസ്ഥാനം മൊത്തം സമശീതോഷ്ണ മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ കല്ലൂപ്പാറ പഞ്ചായത്തിലെ കാലാവസ്ഥ വിശ കലനം ചെയ്യുമ്പോൾ പശ്ചിമ ഘട്ട മല നിരകളുടെ സ്വാധീനം അല്പം ഉണ്ടെന്ന് മനസ്സിലാകും. ഓരോ പ്രദേ ശത്ത് നടത്തി വരുന്ന കൃഷിയേയും അവിടെ നില നിൽക്കുന്ന കാലാവസ്ഥാ ചക്രത്തേയും ആസ്പദമാക്കി കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലകളായി തിരിച്ചിട്ടുണ്ട്. (Agro climate Zones) അതിൽ ഇട നാട്ടി ലാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. ഈ പ്രദേശ ത്തെ പൊതുവായ കാലാവസ്ഥ താഴെ കൊടുക്കുന്നു.

## വർഷപാതം

കേരളം പോലുള്ള ഒരു സംസ്ഥാനത്തിലെ കാർഷിക, വ്യവസായികാഭിവൃദ്ധി മഴയെ ആശ്രയിച്ചാണ്. അതുകൊണ്ടു തന്നെ മഴയുടെ ലഭ്യത സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കുന്നു. (ന്യൂന മർദ ഫലമായുണ്ടാകുന്ന മഴ കാർഷിക മേഖലയെ സ്വാധീനിക്കുന്നുണ്ട്.)

1990 ജനുവരി 1-ാം തീയതി മുതൽ 1996 ഒക്ടോബർ 1 വരെ കല്ലൂപ്പാറ പഞ്ചായത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ (മീറ്ററിൽ)

## താപനില

സംസ്ഥാനത്ത് ഏറ്റം കൂടുതൽ താപനില പാലക്കാട്ട് ജില്ലയിലാണ്. കല്ലൂപ്പാറ പഞ്ചായത്തിലെ താപനില ഏതാണ്ട് ജില്ലാ ശരാശരിയോട് അടുത്ത് നില്ക്കുന്നതാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് ഏറ്റം കൂടുതൽ താപം അനുഭവപ്പെടുന്നത്. ചില വർഷങ്ങളിൽ 41-50 വരെ എത്തിയിട്ടുണ്ട്. ജൺ മാസം മുതൽ താപനിലയിൽ പടി പടിയായി കുറവ് അനുഭവപ്പെടുന്നു. ആ കുറവ് ജനുവരി തുടരുന്നു. ചില വർഷങ്ങളിൽ താപനില 1780 വരെ കുറയാറുണ്ട്.

## ജന പ്രകൃതി

1991 ലെ സെൻസസ് പ്രകാരം കല്ലൂപ്പാറയിലെ ജനസംഖ്യ 17624 ആണ്. അതിൽ പുരുഷൻമാർ 8277 ഉം സ്ത്രീകൾ. 9347 ഉം ആണ്. പട്ടികജാതി ജനസംഖ്യ 2043. പട്ടിക ജാതി സ്ത്രീകൾ 1121 ഉം പട്ടികജാതി പുരുഷന്മാർ 922 പട്ടിക വർഗ്ഗ ജനസംഖ്യ 21. പട്ടിക വർഗ്ഗ പുരുഷൻമാർ 10 പട്ടിക വർഗ്ഗ സ്ത്രീകൾ 11. 1990 ലെ സാക്ഷരതാ പ്രവർത്തനത്തിനു വേണ്ടി നടത്തിയ സർവ്വേയിൽ 5 വയസിനു താഴെയുള്ള കുട്ടികളെ ഒഴിച്ചാൽ 97% സാക്ഷര രാണ്.

വിദ്യാഭ്യാസ മേഖലയിൽ പത്തനംതിട്ട ജില്ലയിൽ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് കല്ലൂപ്പാറ. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ടെങ്കിലും ഗുണനിലവാരത്തിൽ പിന്നിൽ നിൽക്കുന്നു. ഇതു മാറേണ്ടതാണ്. സാമ്പത്തിക, സാമൂഹിരക, സാംസ്കാരിക പശ്ചാത്തലത്തിന് ഇവിടുത്തെ ജന

| ജലസേചന സംവിധാനങ്ങൾ | | | | |
|---|---|---|---|---|
| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ |
| 1 | ഇല്ല | - | 1 | - |
| 2 | 1 | - | 3 | - |
| 3 | 2 | - | 1 | - |
| 4 | ഇല്ല | - | 4 | 1 |
| 5 | - | | 4 | - |
| 6 | - | 2 | 2 | - |
| 7 | - | 1 | 2 | - |
| 8 | - | - | - | - |
| 9 | - | 1 | 3 | - |

| കല്ലൂപ്പാറ പഞ്ചായത്തിൽ 1995 രേഖപ്പെടുത്തിയ പ്രതിമാസ താപനില ശരാശരി (ഡിഗ്രി. സെൽഷ്യസിൽ) | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| മാസ വർഷം | താപ നില | ജ | ഫെ | മാ | ഏ | മെ | ജൂ | ജൂ | ആ | സെ | ഒക് | ന | ഡി |
| 1995 | കൂടി യത് | 35.0 | 37.0 | 40.1 | 38 | 27.1 | 26.1 | 26.1 | 28.1 | 29.1 | 28.9 | 24.0 | 21.7 |
| | കുറ ഞ്ഞ ത് | 32.1 | 34.8 | 35.0 | 24.8 | 23.1 | 24.9 | 26.1 | 27.1 | 26.6 | 23.6 | 23.6 | 20.1 |

| വാർഡ് | ഒന്നിൽ കൂടുൽ നില | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| I | 25 | 147 | 257 | 48 | 60 | 537 |
| II | 15 | 120 | 346 | 77 | 30 | 588 |
| III | 5 | 78 | 251 | 85 | 27 | 446 |
| IV | 6 | 125 | 355 | 60 | 20 | 566 |
| V | 8 | 110 | 271 | 27 | 35 | 451 |
| VI | 20 | 110 | 261 | 70 | 30 | 491 |
| VII | 22 | 115 | 386 | 67 | 40 | 630 |
| VIII | 11 | 75 | 444 | 40 | 30 | 600 |
| IX | 28 | 105 | 416 | 35 | 35 | 619 |

ങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിൽ പങ്കുണ്ടെന്നു വേണം പറയാൻ.

ജനങ്ങളുടെ താമസ സൗകര്യ വിവരം ചുവടെ ചേർക്കുന്നു

## തൊഴിലില്ലായ്മ

കേരള സംസ്ഥാനത്തിലെ മറ്റ് എല്ലാ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമല്ലാത്ത രീതിയിൽ ഇവിടെയും തൊഴിലില്ലായ്മ രൂക്ഷമാണ് എങ്കിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം തുലോം കുറവാണ്.

| ഐ. ആർ. ഡി. പി. സർവ്വേ പ്രകരം ദാരദ്ര്യ രേഖയ്ക്കു താഴെയുള്ളവരടെ വിവരം | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുട്ടുംബങ്ങളുടെ എണ്ണം | ഇതൽ എസി എസ്റ്റി കുടുംബങ്ങൾ | നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസി, എസ്റ്റി | സഹയം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയള്ള ആകെ കുടുംബങ്ങൾ (സഹയം ലഭിച്ചവർ ഉൾപ്പെടെ) |
| 1 | 86 | 5 | 22 | 2 | 15 | 71 |
| 2 | 189 | 19 | 55 | 10 | 35 | 154 |
| 3 | 117 | 24 | 37 | 9 | 26 | 91 |
| 4 | 104 | 19 | 28 | 11 | 20 | 84 |
| 5 | 65 | 16 | 17 | 7 | 12 | 53 |
| 6 | 135 | 10 | 37 | 6 | 24 | 111 |
| 7 | 132 | 13 | 39 | 10 | 26 | 106 |
| 8 | 144 | 28 | 53 | 23 | 37 | 107 |
| 9 | 102 | 7 | 43 | 4 | 28 | 74 |

# വികസന മേഖലകൾ

5-1

# കൃഷിയും ജലസേചനവും

നാമ മാത്ര കർഷകരുടെ വിയർപ്പ് വീണു കുതിർന്ന മണ്ണാണ് കല്ലൂപ്പാറയുടേത്. കല്ലും, പാറയും ഇടകലർന്ന ഭൂപ്രകൃതിയാണെങ്കിലും മണ്ണേറിഞ്ഞാലും പൊന്നു വിളയുന്ന കാലമുണ്ടായിരുന്നു. തെങ്ങ്, കരിമ്പ്, മരച്ചീനി, വാഴ, നെല്ല് ഇവയായിരുന്നു മുഖ്യ കൃഷി. ഇടവിളയായി ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, പയർ തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് മുഖ്യ കൃഷിയുടെ സ്ഥാനം റബ്ബർ കൈയ്യടക്കിയിരിക്കുന്നു. ഇടവിളയായി കൊക്കോയും.

മുഖ്യ ജീവനോപാധി കൃഷിയും, അതുമായി ബന്ധപ്പെട്ട തൊഴിലുകളും ആയിരുന്നു. കാളയും, കലപ്പയും ഉപയോഗിച്ച് നിലമൊരുക്കിയിരുന്ന സ്ഥാനത്ത് ഇന്ന് ട്രാക്റ്റർ, ടില്ലർ ഇവ കടന്നു വന്നിട്ടുണ്ട്. ജലസേചനത്തിനായി തേക്കു തോണിയുടെയും, തേക്ക് പാട്ടിന്റെയും കാലം മാറി പമ്പ് സെറ്റുകളും, ചെറുകിട ജലസേചന പദ്ധതികളും രംഗത്ത് വന്നു.

കുന്നുകളും, മലകളും, താഴ്വരകളും ഇടകലർന്നുള്ള പ്രത്യേക ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. സമുദ്ര നിരപ്പിൽ നിന്നും 50 മുതൽ 200 മീറ്റർ വരെ ഉയരമുള്ള സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. പഴുക്കാലക്കുന്ന്, നെടുമ്പാറ, ചാമക്കുന്ന്, മുടിമല, വട്ടമല, കുംഭമല, തുരുത്തിക്കാട് കോളേജ് മല ഇവയാണ് പ്രധാന ഉയർന്ന മലകൾ. ഈ മലകളുടെ താഴ്വാരങ്ങളിൽ നെൽപ്പാടങ്ങളും, മൺ പ്രദേശങ്ങളും നില നിൽക്കുന്നു.

കണ്ടേ... പാത്തേ.... കളിക്കുന്ന കൊച്ചുകുട്ടികളെപ്പോലെ മഴക്കാലത്ത് പെട്ടെന്ന് വെള്ളപ്പൊക്കവും, മഴ നിന്നാൽ പിറ്റേന്ന് വരണ്ടും പോകുന്ന മണിമലയാർ കിഴക്കേ ഓരം ചേർന്ന് കുണുങ്ങി ഒഴുകുന്നു. കിണറുകളും, കുളങ്ങളും ഒഴിച്ചാൽ ജലസേചനത്തിനും, കുടിവെള്ളത്തിനും ഏക ആശ്രയം മണിമലയാർ മാത്രമാണ്.

20-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ഭൂരിഭാഗവും വൻ ഭൂ ഉടമകളായ ഇടപ്പള്ളി തമ്പാക്കൻമാരുടെകൈവശമായിരുന്നതിനാൽ വ്യാപകമായ കൃഷി ഉണ്ടായിരുന്നില്ല. കാലക്രമേണ പാട്ട വ്യവസ്ഥയിൽ വിളയുടെ 1/4, 1/3 ഭാഗങ്ങൾ ഭൂ ഉടമക്ക് കൊടുത്ത് കൃഷിക്ക് ആരംഭം കുറിച്ചു. കരിമ്പ് കൃഷി അതിൽ പ്രധാന ഇനമായിരുന്നു. ചക്കും, കാളയും ഉപയോഗിച്ച് തന്നത്താൻ കരിമ്പാട്ടി ശർക്കരയാക്കി വിറ്റിരുന്നു. പുളിക്കീഴ് ട്രാവൻകൂർ ഷുഗർമിൽ പ്രവർത്തനം ആരംഭിച്ചതോടെ വള്ളങ്ങളിലും, ലോറിയിലും കരിമ്പ് കൊണ്ടു പോയി തുടങ്ങി.

വിവിധ ഭാഗങ്ങളിൽ ചിതറി കിടക്കുന്ന പാട ശേഖരങ്ങളിൽ നെൽകൃഷിയും ഇടവിളയായി എള്ള്, പയർ

ഇവയും കൃഷി ചെയ്തിരുന്നു. കൊച്ചു വിത്ത്, മുന്നായൻ ഇവയായിരുന്നു പ്രധാന നെല്ലിനങ്ങൾ. കര ഭൂമികളിലും നെൽകൃഷി ചെയ്തിരുന്നു. ആകെ കൃഷിയുടെ 12 ശതമാനം മാത്രമെ നെൽകൃഷിയുള്ളൂ. കര കൃഷികളിൽ ഭൂരിഭാഗവും മരച്ചീനി കൃഷി ആയിരുന്നു. പഞ്ഞ മാസങ്ങളിലെ പ്രധാന ആഹാരം മരച്ചീനി ആയിരുന്നു.

ജലസേചനത്തിനായി തോടുകളും, കുളങ്ങളും ആണ് ഉപയോഗിച്ചിരുന്നത്. നാടൻ ജല സേചന മാർഗ്ഗങ്ങളായ തോണി, ചക്രം ഇവ ഉപയോഗിച്ചിരുന്നു. കീട നിയന്ത്രണത്തിന് പ്രത്യേക മാർഗ്ഗങ്ങളാണ് ഉപയോഗിച്ചിരുന്നത്. ചാഴിയെ നശിപ്പിക്കുവാൻ വെണ്ണീർ പാറ്റിക്കൽ എലികളെ പിടിക്കുവാൻ മുള കുറ്റി കെണി, എലിപ്പത്തായം എന്നീ നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്.

കൃഷി ലാഭകരമല്ലാതായതും, ആധുനീക വിദ്യാഭ്യാസം സാർവ്വത്രീകമായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിന് കാരണമായി. ജനസംഖ്യാ വർദ്ധനവ് മൂലം കൃഷിയിടങ്ങൾ ഭവന നിർമ്മാണത്തിന് ഉപയോഗിച്ചു. കൃഷിയുടെ മാന്യത സമൂഹത്തിൽ കുറഞ്ഞു. ഇവയെല്ലാം കാർഷിക മേഖലയെ ബാധിച്ച പ്രശ്നങ്ങളാണ്.

നെല്ല്, മരച്ചീനി, കരിമ്പ്, വാഴ, പച്ചക്കറികൾ ഇവയുടെ സ്ഥാനത്ത് റബ്ബർ കൃഷി വ്യാപകമായി. ഇത് കാരണം ഭക്ഷ്യോൽപാദന രംഗത്ത് മാന്ദ്യം സംഭവിച്ചു.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1638.4 ഹെക്ടറാണ്

# ഭൂവിനിയോഗം

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Ref:- അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 192 ഹെക്ടർ |
| പുരയിടം | 1271.6 ഹെക്ടർ |
| പുറമ്പോക്ക് | 142 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 32.8 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | 1638.4 ഹെക്ടർ |

# കൃഷി വിവരണം

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളും കൃഷിക്ക് അനുയോജ്യമാണ്. കൃഷിക്ക് അനുയോജ്യമല്ലാത്ത തരിശ് ഇല്ലെന്ന് തന്നെ പറയാം. നാമ മാത്ര കൃഷിക്കാരാണ് കൂടുതലും. അതിനാൽ പ്രകൃതിയെ ആശ്രയിച്ചും മറ്റും വേണ്ടത്ര പരിചരണം നല്കാതെയുള്ള കൃഷിയാണ് നടത്തുന്നത്. കയ്യാലകൾ കെട്ടി കൃഷിയിടങ്ങൾ സംരക്ഷിക്കാത്തതിനാൽ മണ്ണൊലിപ്പ് മൂലം കൃഷിക്ക് ദോഷം അനുഭവപ്പെടുന്നു.

# വിള ഉല്പാദനവും, വിസ്തീർണ്ണവും

(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

# രാസവള പ്രയോഗം

ജൈവ വളത്തിന്റെ പാതയിൽ നിന്നും രാസവള പ്രയോഗത്തിലേക്ക് മാറിയതിനാൽ മണ്ണിന്റെ ഘടനയിൽ മാറ്റം വന്നിട്ടുണ്ട്. കൃഷിക്ക് രാസവളത്തെ ആശ്രയിക്കാതെ മറ്റു മാർഗ്ഗമില്ല. രാസവള ലഭ്യതക്കായി ചെങ്ങരൂർ സർവ്വീസ് സഹകരണസംഘം നടത്തുന്ന ഡിപ്പോകൾ മാത്രമെ പഞ്ചായത്തിലുള്ളൂ. ചെങ്ങരൂർ, ശാസ്താംങ്കൽ, കല്ലൂപ്പാറ, തുരുത്തിക്കാട് എന്നിവിടങ്ങളിലാണ് ഡിപ്പോകൾ

# ജലസേചനം

കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുവാൻ പഞ്ചായത്തിൽ 5 ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ ഉണ്ട്. പുളിയങ്കിൽ ചീങ്ക, കുഞ്ചെരം, ചെറുമത, തുരുത്തിക്കാട്, പാലേക്കര എന്നിവയാണ് നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ. പഞ്ചായത്തിലെ 9 വാർഡുകളിലും കൂടി 21 കുളങ്ങൾ ജലസേചനത്തിനായി ഉണ്ട്. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ അപര്യാപ്തമാണ്.

# മണ്ണ് ജല സംരക്ഷണം

| വിള | വിസ്തീർണ്ണം | ഉത്പാദനം | ഉത്പാദനക്ഷമത |
|---|---|---|---|
| നെല്ല് 1ാം വിള | - | - | - |
| 2ാം വിള | 30 H | 92 MT | 3.2. MT |
| 3ാം വിള | 112 H | 392 MT | 3.5. MT |
| പയർ | 10 H | 6 MT | 0.6 MT |
| എള്ള് | 2 | 0.44 MT | 0.22 MT |
| പച്ചക്കറികൾ | 10 H | 20 MT | 2 MT |
| തെങ്ങ് | 297 H | 2079000 NWS | 35 NWS |
| വാഴ | 110 H | 858 MT | 7.8. MT |
| മരച്ചീനി | 110 H | 2035 MT | 18.5 MT |
| കുരുമുളക് | 75 H | 20.25 MT | 0.27 MT |
| പ്ലാവ് | 14 | - | - |
| കശുമാവ് | 16 H | 12.8 MT | 08 MT |
| മാവ് | 10 H | - | - |
| റബ്ബർ | 750 H | 697.5 MT | 0.93 MT |
| കവുങ്ങ് | 84 | 1, 60, 000 NWS | 20, 000 NWS |

മുൻകാലങ്ങളിൽ വരമ്പുകളിട്ടും, മരങ്ങൾ അതിർത്തികളിൽ വച്ച് പിടിപ്പിച്ചും, കയ്യാലകൾ വച്ചും, മണ്ണ് കൊത്തിയിളക്കിയും ആണ് മണ്ണ് ജല സംരക്ഷണം നടത്തിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, ഭൂമിയുടെ തുണ്ടുവൽക്കരണവും, കാർഷിക വൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജല സംരക്ഷണത്തെ ബാധിച്ചു.

## നഴ്സറികൾ

5 നേഴ്സറികളാണ് ഇന്ന് നിലവിലുള്ളത്. 3 പ്രധാനപ്പെട്ട നഴ്സറികൾ കടമാൻകുളത്താണ്. സെന്റ് മേരീസ് മാഞ്ചിയം നഴ്സറി കടമാൻകുളം, ഷൈനി അഗ്രോ നേഴ്സറി കടമാൻകുളം, ഇണ്ടം തുരുത്തിൽ നേഴ്സറി കടമാൻകുളം, പാട്ടമ്പലത്ത് നേഴ്സറി തുരുത്തിക്കാട്, ഇരണക്കൽ നേഴ്സറി ഈട്ടിക്കൽ എന്നിവയാണ് നഴ്സറികൾ. നഴ്സറികളിൽ പ്രധാന ഇനം റബ്ബറാണ്. തെങ്ങ്, കവുങ്ങ്, മാഞ്ചിയം, തേക്ക് എന്നിവയും ഉണ്ട്. നഴ്സറികളിൽ മിക്കതും ശാസ്ത്രീയ പരിചരണം ലഭിക്കുന്നവയല്ല.

## കൃഷിഭവൻ

1987-ൽ ആണ് കല്ലൂപ്പാറയിൽ കൃഷി ഭവൻ പ്ര

വർത്തനമാരംഭിച്ചത്. സ്വന്തമായി കെട്ടിടം ഇല്ല. ഒരു കൃഷി ആഫീസറും 2 കൃഷി അസിസ്റ്റന്റുമാരും ഉള്ള കൃഷിഭവന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഒന്നു പോലെ എത്തുന്നില്ല.

## പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

1980 കളിൽ ഭാഗീകമായി പണി പൂർത്തിയായ D.I.P. കനാൽ പൂർത്തിയാകാത്തതിനാൽ കുഞ്ചെരം, ചെറിയപാടം, വെണ്ണീർ വിള എന്നീ പാടശേഖരങ്ങളിലെ കൃഷി 1-ാം കൃഷിയിൽ തൃപ്തിപ്പെടേണ്ട അവസ്ഥയാണ് D. I. P. കനാൽ പൂർത്തിയായാൽ മുമ്പ് സൂചിപ്പിച്ച പാടങ്ങളിലെ കൃഷി 3-ാം കൃഷി വരെയാക്കാം.

നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ കാര്യക്ഷമമാക്കണം. ഒക്ടോബർ അവസാനം പമ്പ് സ്ഥാപിച്ച് പാടശേഖരങ്ങളിൽ ജല മെത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. നിലവിലുള്ള ബണ്ടുകളുടെ ശോചന്യാവസ്ഥ പരിഹരിക്കുന്നതിനും, ബണ്ടിന്റെ നീളം വർദ്ധിപ്പിക്കുകയും വേണം. നിലവിലുള്ള ഭൂതത്താൻ കുളം, കുറ്റിശ്ശേരിൽ കുളം, കടുവാക്കുഴിക്ക് സമീപം ഉള്ള ഗവ. കുളം എന്നിവ സംരക്ഷിക്കുകയും, പുതിയതായി പൊതു കുളങ്ങൾ നിർമ്മിക്കുകയും വേണം. വെണ്ണീർ വിള ചാലിൽ മണലാടിക്കൽ കടവിൽ പുറമ്പോക്കായി കിടക്കുന്ന സ്ഥലത്ത് പൊതുകുളം നിർമ്മിക്കാവുന്നതാണ്. വെളിയനായ് ചാലും, കുഞ്ചെരം ചാലും താഴ്ത്തി സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കണം.

മണ്ണൊലിപ്പ്:- മണ്ണൊലിപ്പ് മൂലം കാർഷീക വിളകളുടെ ആദായം കുറയുന്നതിനാൽ പുല്ലുകൾ, മരങ്ങൾ ഇവ വച്ചു പിടിപ്പിക്കണം. കയ്യാലകൾ നിർമ്മിക്കണം.

മണ്ണ് പരിശോധന:- മണ്ണിന്റെ അമ്ലഗുണം, ക്ഷാരഗുണം ഇവ തിരിച്ചറിയാതെയുള്ള വള പ്രയോഗം നടത്തുന്നതിനാൽ കാർഷീക ആദായം കുറയുന്നു. കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ വാർഡുകൾ തോറും കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തണം.

## അടുക്കളതോട്ടം

പഞ്ചായത്തിൽ ആവശ്യത്തിനുള്ള പച്ചക്കറികൾ ഇന്ന് ഉല്പാദിപ്പിക്കുന്നില്ല. പച്ചക്കറി കൃഷിക്ക് അനുയോജ്യമായ മണ്ണാണ്. ഒരു വീടിന് ഒരു അടുക്കള തോട്ടം എന്ന പദ്ധതി ആവിഷ്ക്കരിച്ചാൽ പച്ചക്കറി വിപണനം നടത്താൻ വരെ ഈ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. കൃഷി ഭവനെ പരമാവധി ഈ മേഖലയിൽ ഉപയോഗിക്കണം. വീട്ടമ്മമാരെ അടുക്കള തോട്ട നിർമ്മാണത്തിന് പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ഈ രംഗത്ത് ആവിഷ്ക്കരിക്കണം.

## കൃഷിക്കാരുടെ സാമ്പത്തിക നില

ഉല്പാദന ചിലവ് വർദ്ധിച്ചിരിക്കുന്നതിനാൽ സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന സാമാന്യ ജനങ്ങൾ കൃഷിയിൽ വൈമുഖ്യം കാണിക്കുന്നു. കൃഷിയിറങ്ങുന്ന സമയങ്ങളിൽ കൃഷിക്കാർക്ക് സാമ്പത്തിക വായ്പാ സഹായം നല്കാൻ സഹകരണ ബാങ്കുകളെ പ്രോത്സാഹിപ്പിക്കണം. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും, ജലാമാലകളും ഇല്ലാതായാൽ സാധാരണ കൃഷിക്കാരന് ഇത് വലിയ ഒരു അനുഗ്രഹം ആകും. അതോടൊപ്പം കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കണം.

## രോഗങ്ങൾ

നെൽകൃഷിയെ ബാധിക്കുന്ന മുഞ്ഞ, തണ്ട് തുരപ്പൻ, ഇലചുരുട്ടിപ്പുഴു, കായ്പുഴു, തെങ്ങിനെ ബാധിക്കുന്ന ചെല്ലി, മണ്ടയടപ്പ് കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം എന്നിവ പഞ്ചായത്തിലെ കൃഷിയെ ബാധിക്കുന്നു. കൃഷിഭവന്റെ സഹായത്തോടെ ഇതിനെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണവും നല്കണം. മരുന്നും, മരുന്നടിക്കാനുള്ള ഉപകരണവും കൊടുക്കണം. മരുന്നുകൾക്കും, ഉപകരണങ്ങൾക്കും സബ്സിഡി അനുവദിക്കണം.

## തരിശ്

കൃഷി യോഗ്യമായ തരിശു ഭൂമി പഞ്ചായത്തിൽ 32.8 ഹെക്ടർ ഉണ്ട്. അത് കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. പഞ്ചായത്ത് ഏറ്റെടുത്ത് ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്താവുന്നതാണ്.

## വളങ്ങൾ

രാസവള പ്രയോഗം മൂലം മണ്ണിന്റെ ഘടനയ്ക്ക് തന്നെ മാറ്റം വന്നിട്ടുണ്ട്. ജൈവ വള പ്രയോഗത്തിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുക. പച്ചിലകൾ നന്നായി ലഭിക്കുന്ന ശീമ കൊന്ന തുടങ്ങിയ ചെടികൾ നട്ടു വളർത്തണം. രാസവള ഡിപ്പോ ഇല്ലാത്ത വാർഡുകളിൽ ഡിപ്പോകൾ ആരംഭിക്കണം.

## ഇൻഷ്വറൻസ്

കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷകർക്ക്

ആത്മ വിശ്വാസം നല്കുന്നതിനും ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

- പമ്പാ ഇറിഗേഷൻ പദ്ധതി ഉടൻ പൂർത്തീകരിക്കുക.
- മണിമലയാറ്റിൽ ചെക്ക് ഡാം നിർമ്മിച്ച് വെള്ളം സംരക്ഷിക്കണം.
- പനക്കീഴ്, അമ്പാട്ടുഭാഗം, തുരുത്തിക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ പാടങ്ങളിൽ വെള്ളം കെട്ടി കിടക്കുന്നത് മൂലം കൃഷി നടക്കുന്നില്ല. ഇതിന് പരിഹാരം കാണണം.
- പനയംമ്പാല, കുറവൻതോട്, വലിയ തോട്, മണ്ണുവേലി, കൈമുറി പുരയിടം എന്നീ തോടുകൾ ആഴം കൂട്ടി ജലനിർഗ്ഗമന സൗകര്യം ഉണ്ടാക്കണം.
- നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. നവംബർ മാസം 1-ാം തീയതി പ്രവർത്തനം ആരംഭിക്കത്തക്ക തരത്തിൽ പമ്പുകൾ സ്ഥാപിക്കണം. നിലവിലുള്ള പമ്പു ഹൗസുകളുടെയും, ബണ്ടിന്റെയും പുനരുദ്ധാരണ പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് ബണ്ടിന്റെ നീളം വർദ്ധിപ്പിക്കണം.
- കുഞ്ചെരം ചാൽ, വെളിയനാട് ചാൽ, കുറ്റിശ്ശേരികുളം, കടുവാക്കുഴിക്ക് സമീപം ഉള്ള ഗവ. കുളം എന്നിവ ആഴം കൂട്ടുകയും ആവശ്യമായ ഇടങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുകയും ചെയ്യുക.
- ചെറിയ പാടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം മണലാടിക്കൽ കടവ് വരെ നീട്ടുക.
- വെണ്ണീർ വിള പുഞ്ചയിൽ വെള്ളം എത്തിക്കുന്നതിന് പാറപ്പുഴക്കടവിൽ ഒരു പമ്പ് വച്ച് അടിച്ച് പമ്പ് ഹൗസിലും പാടത്തും വെള്ളം എത്തിക്കുക.
- പെരുംമ്പടി പാലത്തിന് മുകളിലും, മണലാടിക്കൽ കടവ് പാലത്തിനടുത്തും തടയണകൾ.
- പനയമ്പാല തോട് നെടുങ്ങാടപ്പള്ളിയിൽ നിന്നും കിഴക്കോട്ട് വെട്ടി മല്ലപ്പള്ളി വലിയതോട് വഴി പൂവനക്കടവിൽ ഇറക്കിയാൽ ഉദ്ദേശം 1000 ഏക്കറോളം വരുന്ന വെണ്ണീർവിള, ചെറിയ പാടം പാടശേഖരങ്ങളിൽ 2 കൃഷി ഇറക്കുന്നതിന് കഴിയും. നെല്ലുൽപാദന രംഗത്ത് വമ്പിച്ച വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയുന്ന ഈ പദ്ധതിക്കായി സർവ്വേ നടത്തി വേണ്ടത് ചെയ്യുക.
- മേജർ ഇറിഗേഷനിൽപെടുത്തി മണിമലയാറിന്റെ ആറ്റു തീരം സംരക്ഷിക്കുക.
- മട വീണ് കൃഷി നശിക്കാതിരിക്കാൻ പൊയ്ക്കുടി കണ്ടത്തിന്റെ തോട്ടിൽ സംരക്ഷണ ഭിത്തി കെട്ടുക.
- കൃഷിഭവൻ പ്രവർത്തനം സജ്ജീവമാക്കണം. പഞ്ചായത്തിലെ കർഷക സംഘങ്ങളുടെ കേന്ദ്രമായി കൃഷിഭവനെ മാറ്റണം. ലാഭകരമായ കൃഷി എങ്ങനെ നടത്താം എന്നതിനെ സംബന്ധിച്ച് സെമിനാറുകളും മറ്റും നടത്തി ദുർബ്ബല കർഷകരെയുൾപ്പെടെ കൃഷിയിറക്കുവാൻ പ്രേരിപ്പിക്കണം.
- പച്ചക്കറി കൃഷി, ഇടവിളകൾ ഇവ പ്രോത്സാഹിപ്പിക്കണം. ഒരു വീടിന് ഒരു തോട്ടം എന്ന നിലയിൽ പച്ചക്കറി വ്യാപകമാക്കാൻ പദ്ധതി തയ്യാറാക്കണം. കർഷകരുടെ ഉല്പന്നത്തിന് ന്യായ വില ലഭിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണം. ഇതിനായി സഹകരണ സംഘങ്ങളുടെയുൾപ്പെടെ യുള്ളവരുടെ സഹായം തേടണം.
- മണ്ണു പരിശോധന, വിള ഇൻഷ്വറൻസ്, വളം, കീടനാശിനി, കൃഷിക്കുള്ള ഉപകരണങ്ങൾ എന്നിവക്കുള്ള സബ്സിഡി പ്രയോജനപ്പെടുത്തണം. സബ്സിഡി ഏർപ്പെടുത്തേണ്ടതിന് ഏർപ്പെടുത്തണം.
- ഒമ്പതാം പദ്ധതിയിൽ പ്രധാന ഊന്നൽ കൊടുക്കേണ്ടത് കൃഷിക്കാണെന്ന വസ്തുത തിരിച്ചറിയുന്നു. കൃഷി വ്യാപകമാക്കിയാൽ മറ്റാരെയും ആശ്രയിക്കാതെ നിലനിൽക്കാനുള്ള പ്രകൃതി വിഭവങ്ങൾ നമുക്കുണ്ട്. ആയതിന് കൂട്ടായി പ്രവർത്തിക്കുകയും, ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുകയും വേണം.

5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

(അവലംബം ലൈവ് സ്റ്റോക്ക് സെൻസസ്, സാമൂഹ്യ സാമ്പത്തിക സർവ്വെ) കല്ലൂപ്പാറ പഞ്ചായത്ത് പൊതുവെ ഒരു കാർഷിക മേഖലയാണ്. കൃഷിയുടെ ഒരു അവിഭാജ്യഘടകമാണ് കന്നുകാലി വളർത്തൽ. ഉഴവുമാടുകൾ എന്ന നിലയിലും വണ്ടി വലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും, കൃഷിക്ക് ആവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികൾ ആയിരുന്നു. കാലി വളർത്തൽ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. വയലുകളിൽ ഒരു വിള വെടുപ്പു കഴിഞ്ഞാൽ അടുത്ത വിളവ് ഇറക്കുന്നതുവരെയുള്ള കാലം കാലികളെ മേയിക്കുന്നതിനു വേണ്ടി ഉപയോഗിച്ച് വന്നിരുന്നു. ഈ രീതി നിലനിന്നിരുന്നതുകൊണ്ട് പാടത്തെ ജൈവവളാവശ്യം നിറവേറ്റാൻ കർഷകർക്കു കഴിഞ്ഞിരുന്നു.

പശു, എരുമ, കാള, ആട് എന്നിവയാണ് കല്ലൂപ്പാറ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനപ്പെട്ടതു കോഴിയും താറാവുമാണ്.

## വളർത്തുമൃഗങ്ങളും പക്ഷികളും

കല്ലൂപ്പാറ പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ കണക്കാണ് പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. പഞ്ചായത്തിലെ സാധ്യത നോക്കിയാൽ ഇതിൽ കൂടുതൽ മൃഗങ്ങളെ വളർത്താൻ കഴിയും. ഈ പഞ്ചായത്തിലെ V-ാം വാർഡ് ഒഴികെ എല്ലാ വാർഡ് പ്രദേശങ്ങളുമായി ബന്ധപ്പെട്ട് പാടശേഖരങ്ങൾ കാണാൻ കഴിയും. ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയിൽ അധികവും അത്യുല്പാദന ശേഷിയുള്ളവയാണ്. കാളകളുടെയും പോത്തുകളുടെയും എണ്ണം പഞ്ചായത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാളവണ്ടിയുടെ ഉപയോഗം തീരെയില്ല. കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന്റെ ഫലമായി കലപ്പ ഉപയോഗിച്ച് നിലം ഉഴുന്ന ഏർപ്പാട് വളരെയധികം കുറഞ്ഞു വരുന്നു.

കല്ലൂപ്പാറ പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം കല്ലൂപ്പാറയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയാണ്.

ക്ഷീര വിപണന രംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ മൂന്ന് പ്രദേശങ്ങളിൽ (തുരുത്തിക്കാട്, ചെങ്ങരൂർ, പ്രതിഭാ ജംഗ്ഷൻ) മാത്രമാണ് വിപണന സംവിധാനം ഉള്ളത്. മറ്റു പ്രദേശങ്ങളിൽ ക്ഷീര സംഘങ്ങൾ ഉണ്ടാവേണ്ടതായിട്ടുണ്ട്.

| നമ്പർ | ഇനം | കറവ ഉള്ളത് | കറവ ഇല്ലാത്ത | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആകെ |
|---|---|---|---|---|---|---|
| 1 | പശു | 1459 | 580 | - | - | 2039 |
| 2 | എരുമ | 10 | 3 | - | - | 13 |
| 3 | ആട് | - | - | - | - | 1143 |
| 4 | കാള | - | - | - | - | 125 |
| 5 | പട്ടി | - | - | - | - | 418 |
| 6 | പൂവൻകോഴി | - | - | - | - | 9016 |
| 7 | പിടക്കോഴി | - | - | 13187 | 17335 | 30522 |
| 8 | താറാവ് (ആൺ) | - | - | - | - | 2950 |
| 9 | താറാവ് (പെൺ) | - | - | - | - | 8405 |
| 10 | മറ്റുള്ളവ | - | - | - | - | 241 |

കാലിത്തീറ്റയുടെ ദൗർലഭ്യം കന്നുകാലി വളർത്തുകാർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു വരുന്നു. നെൽ കൃഷി ഗണ്യമായി കുറഞ്ഞതിനാൽ വൈക്കോലിനും മറ്റും ക്ഷാമം നേരിട്ടു കൊണ്ടിരിക്കുന്നു.

ഇറച്ചിക്കോഴി വളർത്തൽ സാമാന്യം ലാഭകരമായി നടത്താൻ കഴിയും. എന്നാൽ അതിനുള്ള സംവിധാനങ്ങൾ ഇല്ല. മുട്ടക്കോഴി വളർത്തൽ വ്യവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഒന്നും ഇല്ല.

പേപ്പട്ടികളുടെ ശല്യം ഒരു വലിയ പ്രശ്നമാണ്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാവേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

- കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല
- തീറ്റപ്പുൽകൃഷി സൗകര്യം ഉണ്ടാവണം
- IRDP പോലുള്ള വായ്പകൾ നൽകി കന്നുകാലി വളർത്തൽ ഊർജ്ജസ്വലമാക്കണം.
- ക്ഷീര വിപണന സൗകര്യങ്ങൾ പരിമിതമാണ്. കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് ആവശ്യമാണ്.
- രോഗ പ്രതിരോധ കുത്തി വയ്പുകൾ കന്നുകാലികൾക്ക് യഥാസമയം നൽകുന്നതിനുള്ള ക്രിയാത്മകമായ സംവിധാനം ഇല്ല. അത്തരത്തിലുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.
- പന്നി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം
- പ്രത്യുല്പാദനശേഷിയുള്ള കന്നുകാലികളെ ലഭിക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുക.
- ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും, മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവണം.
- ഗോവർഗ്യാസ് പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
- സഹകരണ അടിസ്ഥാനത്തിലുള്ള കാലിത്തീറ്റ വിതരണ കേന്ദ്രങ്ങൾ കൂടുതൽ ഉണ്ടാവേണ്ടതാണ്.
- മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക
- ക്ഷീര സഹകരണ സംഘങ്ങളും, ബീജസങ്കലന കേന്ദ്രങ്ങൾ രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ ഉണ്ടാവണം.
- കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഗ്രാമ പഞ്ചായത്ത് മുഖാന്തരം നടത്തുക.
- പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ആട്ടിൻ കുട്ടികളെ വിതരണം നടത്തുക.
- ICDD സബ് സെന്ററിന്റെ (പാലത്തുങ്കൽ)

പരാധീനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന തോടുകൾ ഉണ്ട്. കുളങ്ങളും, ചാലുകളും, എല്ലാ വാർഡു പ്രദേശങ്ങളിലും ഉണ്ട്. പഞ്ചായത്തിന്റെ തെക്കു ഭാഗത്തിലൂടെ 10 കി. മീറ്ററോളം നീളത്തിൽ മണിമലയാർ ഒഴുകുന്നുണ്ട്. ഇവയാണ് പഞ്ചായത്തിലുള്ള പ്രധാന ജല സ്രോതസ്സുകൾ.

മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിയ ആരും ഈ പഞ്ചായത്തിലില്ല. സ്വന്തമായി വയലുള്ളവർ ഈ പഞ്ചായത്തിൽ നിരവധി ഉണ്ട്. ആറ്റു വരാൽ, കാരി, വാള ഇവയൊക്കെയാണ് നദിയിലും, കുളങ്ങളിലും ധാരാളമായി കണ്ടു വരുന്ന മത്സ്യങ്ങൾ. ഉൾനാടൻ മത്സ്യബന്ധന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല. ശുദ്ധ ജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ കുളങ്ങൾ ഉണ്ട്. പഞ്ചായത്തിലെ പൂതത്താൻ കുളത്തിൽ വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ട്. നിരവധി പാറമടക്കുഴികൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ട്. കല്ലൂപ്പാറയിലെ നെടുംമ്പാറയിൽ ഏതാണ്ട് മൂന്നേക്കറോളം പാറമടക്കുഴിയുണ്ട്. ഈ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യകൃഷിയും, മത്സ്യബന്ധനവും പുഷ്ടിപ്പെടുത്താൻ കഴിയും.

## പ്രശ്നങ്ങൾ

- കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാവണം.
- സഹകരണ അടിസ്ഥാനത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം
- തുരുത്തിക്കാട് പാടം ചാൽ, വെളിയനാട് ചാൽ, അമ്പാട്ടു ഭാഗം ചാൽ എന്നിവയുടെ സൈഡ് കെട്ടി മത്സ്യം വളർത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
- മണിമലയാറിന്റെ ഒരു തട അണ നിർമ്മിക്കുക.
- നദീ തീരങ്ങളിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക.
- നദികളിലും കുളങ്ങളിലും കൃത്യമ ആവസവ്യവസ്ഥകൾ നിർമ്മിക്കുക.



ഒരു പ്രശ്നത്തെ അപൂർണ്ണമായി നേരിടുമ്പോൾ നാമൊരു പ്രശ്നമുണ്ടാക്കുന്നു

5-3

# വ്യവസായം

വ്യവസായ മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കല്ലൂപ്പാറ പഞ്ചായത്ത്. 1980 കളിൽ തുരുത്തിക്കാട് കേന്ദ്രമാക്കി ഒരു ബാറ്ററി വ്യവസായം തുടങ്ങ്ഹിയ തൊഴിച്ചാൽ വൻകിട വ്യവസായ മേഖലയിൽ ഒരു ചുവടുവയ്പ് പോലും നടന്നിട്ടില്ല.

കടമാൻകുളത്ത് ഒരു ഫൈബർ ഗ്ലാസ് ഫാക്ടറി, ചെങ്ങരൂർ തീപ്പെട്ടി ഫാക്ടറി, മടുക്കോലിൽ ഒരു വുഡ് ആന്റ് സ്റ്റീൽ ഇൻഡസ്ട്രി, കോളാ നിർമ്മാണം, ഗാർമെന്റ് മേക്കിംഗ് തുരുത്തിക്കാട് കേന്ദ്രമാക്കിയുള്ള ചൂരൽ നിർമ്മാണം, 3 ഹോളോ ബ്ലോക്ക്സ് നിർമ്മാണ കേന്ദ്രം, ഒരു അയൺ ഫേബ്രിക്കേഷൻസ് ഇവയൊഴിച്ചാൽ കാര്യമാത്ര പസക്തമായ സംരംഭങ്ങൾ ഈ മേഖലയിൽ ഇല്ല.

## പ്രശ്നങ്ങൾ

- അസംസ്കൃത വസ്തുക്കളുടെ അഭാവം
- സഹകരണ സംഘങ്ങൾ ഈ മേഖലയിൽ ശ്രദ്ധിക്കുന്നില്ല.
- വ്യവസായ സംരംഭകരുടെ പരിജ്ഞാനക്കുറവ്
- വൈദ്യുതിയുടെ ദൗർലഭ്യം
- വിപണന സാദ്ധ്യതക്കുറവ്
- ബാങ്കുകളിൽ നിന്നും ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
- വനിതകൾ ഈ രംഗത്ത് പ്രവേശിക്കാനുള്ള വൈമുഖ്യം
- പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളും, കൈതൊഴിലുകാർക്കും ഉള്ള പരിശീലനക്കുറവു മൂലം തൊഴിലാളി ദൗർലഭ്യം.

## സാദ്ധ്യതകൾ

വിദ്യാ സമ്പന്നതയിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് ഒട്ടും പിറകിലല്ല. അഭ്യസ്തവിദ്യരായ സാങ്കേതിക തൊഴിൽ പരിശീലനം ലഭിച്ച യുവതീയുവാക്കൾ തൊഴിലിനു വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ പോയി കുറഞ്ഞ കൂലി നിരക്കിലും തികഞ്ഞ അസംതൃപ്തിയിലും കഴിയുന്നു. സ്വന്തം തൊഴിൽ മേഖല കണ്ടെത്തി സാമ്പത്തിക ലാഭം കൊയ്തെടുക്കാൻ വേണ്ടതായ സാദ്ധ്യതകൾ നമ്മുടെ പ്രദേശത്തുണ്ട്.

ഈ പഞ്ചായത്തിൽ സുലഭമായ അസംസ്കൃത വസ്തുക്കൾ, റബ്ബർ, നാളികേരം ഇവയാണ്. വ്യത്യസ്ഥങ്ങളായ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള

| വിഭാഗം | നമ്പ | ഇനം |
|---|---|---|
| ജനറൽ എസ്. എസ്. ഐ. | 1 | വെളിച്ചെണ്ണ |
| | 2 | ചവിട്ടുമെത്ത |
| | 3 | റബ്ബർ ബാൻഡ് |
| | 4 | കൈവിരൽ ഉറ |
| | 5 | ചെരുപ്പ് |
| | 6 | ഫാൻസിഫൈബർ (വാഴനാര്) |
| | 7 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ |

സാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്.

ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ

## ഖാദി ബോർഡ്

വളരെ കുറഞ്ഞ പലിശക്ക് ഗ്രാമ പ്രദേശങ്ങളിൽ വിവിധ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനായി ഖാദി ബോർഡ് ധനസഹായം നൽകുന്നുണ്ട്. ഖാദി തുണി ഉൽപാദന യൂണിറ്റ്, നെയ്ത്ത് കേന്ദ്രം എന്നിവയ്ക്ക് പലിശ ഇല്ലാത്ത വായ്പ കിട്ടും.

ഇവ കൂടാതെ പരമ്പരാഗത തൊഴിലാളികൾക്ക് തുടങ്ങാവുന്ന തൊഴിലുകൾ, സ്വർണ്ണപണി, തകരപ്പണി, ഈറ്റ, മുള ഇവയുമായി ബന്ധപ്പെട്ട തൊഴിലുകൾ തുടങ്ങിയവയ്ക്ക് സാദ്ധ്യതകൾ ഏറെയാണ്.

ഇന്ത്യയിൽ 7000 ലധികം വിവിധ തരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പി

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിത | 1 | തെങ്ങിൽ നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള കര കൗശല വസ്തുക്കൾ ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ ഐസ്ക്രീം കപ്പ്, ഹെയർപിൻക്ലിപ്പ് തുടങ്ങിയവയുടെ യൂണിറ്റ്. |
| | 2 | കൈതച്ചക്ക, നേന്ത്രപ്പഴം,ചക്ക, മാങ്ങാ തുടങ്ങിയവ ഉപയോഗിച്ച് ജാമുകൾ |
| | 3 | അവിൽ വ്യവസായം |
| | 4 | വാഴനാര്, കൈതനാര് എന്നിവയുടെ ഫൈബർഫാൻസി |
| | 5 | പേപ്പർ പൾപ്പുകൊണ്ടുള്ള കര കൗശല വസ്തുക്കൾ |

അവലംബം 551 യൂണിറ്റിന്റെ PMRY Profiles

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ഖാദി ബോർഡ് | 1 | തീപ്പെട്ടി, ചന്ദനത്തിരി |
| | 2 | പേപ്പർ കപ്പ്, ബാഗ്, പേപ്പർ കവർ, നോട്ട്ബുക്ക് |
| | 3 | ടെയിലറിംഗ്, എംബ്രോയിഡറി |
| | 4 | കളിപ്പാട്ടങ്ങൾ |
| | 5 | റെഡിമെയിഡ് |
| | 6 | മസാല |
| | 7 | വെളിച്ചെണ്ണമിൽ |
| | 8 | ബേക്കറി |
| | 9 | കൊക്കോ സംഭരണം |
| | 10 | പ്ലാസ്റ്റിക്ക് പാക്കേജിംഗ് |
| | 11 | പി. വി. സി. ഉൽപ്പന്നങ്ങൾ |
| | 12 | സോപ്പ്, സോപ്പുപൊടി |
| | 13 | മെറ്റൽ, ഗോളാബ്രിക്സ് |
| | 14 | പേപ്പർ പിൻ, ക്ലിപ്പ്, സേഫ്ടിപിൻ |
| | 15 | അലൂമിനിയം പാത്രം |
| | 16 | ചെമ്പു പാത്രം |
| | 17 | ഇലക്ട്രോണിക് ക്ലോക്ക് |
| | 18 | സംഗീത ഉപകരണ നിർമ്മാണം |
| | 19 | പെയിന്റ്, വാർണീഷ് |

ക്കുന്നുണ്ട്. അതിൽ 80000 കോടി രൂപയുടെ ഉൽപ്പന്ന ങ്ങൾ കയറ്റുമതി ചെയ്തു വരുന്നു.

ഈ പഞ്ചായത്തിൽ 250-ൽ അധികം ആളുകളെ ങ്കിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും മല്ലപ്പള്ളി താലൂക്കിലെ വിപണികൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്. എസ്. ഐ. | 1 | ശാസ്ത്രീയമായ കോഴി വളർത്തൽ |
| | 2 | ആയൂർവേദ മരുന്നു നിർമ്മാണം |
| | 3 | മരം, ഫർണിച്ചർ |
| | 4 | ഹാവായ് ചെരുപ്പ് |
| | 8 | ഫാൻസിലെതർഗുഡ്സ് |
| | 9 | സ്ക്കൂൾ ബാഗ് |
| | 10 | കുട്ടികളുടെ ഷൂ |
| | 11 | സിന്തറ്റിക് വിനാഗിരി |
| | 12 | ടയർ റീട്രേഡിംഗ്, ട്യൂബ് വർക്കനൈസിംഗ് |
| | 13 | ഇരുമ്പ് ഗ്രിൽ നിർമ്മാണം |
| | 14 | സംഗീത ഉപകരണ നിർമ്മാണം |
| | 15 | ഹോളോബ്രിക്സ് നിർമ്മാണം |

പയോഗ സാധനങ്ങൾ ഉത്പാദിപ്പിക്കാൻ മുന്നോട്ടു വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

വിഭാഗം നമ്പർ ഇനം

## വൈദ്യുതി ഉല്പാദനവും വിതരണവും

പഞ്ചായത്തിലെ വ്യവസായ സംരംഭകരെ ഗ്രസിച്ചിരിക്കുന്ന ഒരു വ്യാധിയാണ് വൈദ്യുതി ക്ഷാമം. നിലവിലുള്ള വൈദ്യുതി വിതരണ സമ്പ്രദായത്തിൽ നിന്നും വ്യവസായങ്ങൾ തുടങ്ങുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നൂലാമാലയും ഒരു പ്രശ്നമാണ്.

പഞ്ചായത്തിന്റെ കിഴക്കേ ഓരം ചേർന്ന് ഒഴുകുന്ന മണിമലയാറിന്റെ കുറുകെ ഒരു ചെക്ക് ഡാം നിർമ്മിച്ച് ഒഴുകിപ്പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് ഒരു മിനി വൈദ്യുതി നിർമ്മാണം മുഖേന പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കും.

കൂടാതെ പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും മല്ലപ്പള്ളിയിൽ സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കിയും വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാം.

## വൈദ്യുതി സംരക്ഷണം

വൈദ്യുതിയുടെ അമിത ഉപഭോഗം കുറയ്ക്കുന്നതി

ന്, കെ. എസ്. ഇ. ബി. ANERT സർക്കാർ എന്നിവരുടെ സഹായത്തോടെ വീടുകളിൽ വെളിച്ചത്തിനുവേണ്ടി സോളാർ ലാമ്പുകൾ സ്ഥാപിക്കാവുന്നതാണ്. വഴി വിളക്കുകൾക്കും സോളാർ സെല്ലുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## വ്യവസായ എസ്റ്റേറ്റ് (മിനി)

വൈദ്യുതി വെള്ളം റോഡ് ഇവയാണ് വ്യവസായത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. ഇവ മൂന്നും ലഭ്യമാക്കാവുന്ന സ്ഥലത്ത് കുറഞ്ഞത് 3 ഏക്കർ സ്ഥലമെങ്കിലും ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് തുടങ്ങണം.

## നിർദ്ദേശങ്ങൾ

- വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദ്ഗ്ദ്ധ പരിശീലനം നൽകുകയും സംരംഭകർ കോഴഞ്ചേരിയിലുള്ള ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്യുക.
- കരകൗശല രംഗത്ത് വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിന് Deputy commissioner ministry of handloom and Textiles മായി ബന്ധപ്പെട്ട് ഒരു craft development centre സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിന്റെ വിപണന സാദ്ധ്യതകളെപ്പറ്റി Indian Institute of Fashion Technology Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകണം.
- വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടു പോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കണം.
- ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരം, റബ്ബർ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് റബ്ബർ ബോർഡ് നാളികേര വികസന ബോർഡ് കേരഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന പരിപാടി നടത്തണം.
- വ്യവസായ സംരംഭകർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നിലവിലുള്ള നൂലാമാലകൾ നീക്കം ചെയ്യാൻ നടപടി ഉണ്ടാക്കണം.

## മറ്റ് ഗ്രാമ സഭാ നിർദ്ദേശങ്ങൾ

- പാൽ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ
- കൊക്കോ സംസ്കരണം
- പട്ടുനൂൽ വ്യവസായം
- ഇലക്ട്രോണിക് ഉല്പന്നങ്ങൾ
- തീപ്പെട്ടി
- കടലാസ്സും കടലാസ് ഉല്പന്നങ്ങളും
- ചെരുപ്പ് നിർമ്മാണം
- വളം നിർമ്മാണം
- നെയ്ത്ത് ശാലകൾ

ആസൂത്രണത്തിലെ പരാജയം പരാജയത്തെ ആസൂത്രണം ചെയ്യുന്നു

OFFICE OF THE KALLOOPPARA GRAMA PANCHAYAT

5-4

# അകത്തിരുട്ടകറ്റാൻ.....

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അതിനു വേണ്ട സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന് വർഷങ്ങൾക്കു മുമ്പു തന്നെ മുന്നേറ്റങ്ങൾ നടത്തിയ ക്രാന്ത ദർശികളുടെയും ഭാവനാ സമ്പന്നരുടെയും നാടാണ് കല്ലൂപ്പാറ.

ഇന്നു കാണുന്ന വിദ്യാലയങ്ങളിൽ നല്ല പങ്കും ജനപങ്കാളിത്തത്തോടെ രൂപം കൊണ്ടവയാണ്. കല്ലൂപ്പാറ അമ്പലത്തിനു സമീപം സ്ഥാപിതമായ വിദ്യാലയമാണ് (ഇന്ന് ഗവ. എൽ. പി. സ്ക്കൂൾ) പഞ്ചായത്തിലെ ആദ്യ ഔപചാരിക വിദ്യാലയം. കർമ്മ കുശലരായ കുറെ നാട്ടുകാർ സംഘടിച്ച് കല്ലൂപ്പാറ വലിയ പള്ളിയുടെ പൂമുഖത്താണ് ഈ വിദ്യാലയം ആരംഭിച്ചത്. അതു വളർന്ന് മൂന്നു ക്ലാസുവരെ ആയപ്പോൾ ഒന്നുമുതൽ നാലുവരെ ക്ലാസുകളായി ക്ഷേത്രത്തിനു തെക്കേ നടയിൽ ഇന്നു കാണുന്ന എൽ. പി. സ്ക്കൂളായി സ്ഥാപിച്ചു.

തുടർന്ന് തുരുത്തിക്കാട് ആരംഭിച്ച മലയാളം മീഡിയം സ്ക്കൂളും പൗരാണികതയിൽ മുൻഗണന അർഹിക്കുന്നു. ഇംഗ്ലീഷ് സ്ക്കൂളുകളും വർണ്ണാക്കുലർ എന്ന പേരിൽ മലയാളം സ്ക്കൂളുകളും നിലനിന്നിരുന്ന ആദ്യകാലത്ത് പഞ്ചായത്തിന്റെ മധ്യഭാഗമായി കണക്കാക്കാവുന്ന അഞ്ചിലവുങ്കൽ (പുതുശേരി) കേന്ദ്രമാക്കി 1919-ൽ ഓർത്തഡോക്സ് സമുദായം വകയായി ആരംഭിച്ച ഇംഗ്ലീഷ് യു. പി. സ്ക്കൂൾ പഞ്ചായത്തിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസസ്ഥാപനമാണ്. ഈ കാലയളവിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തു പരിധിക്കുള്ളിൽ അവസരം ഉണ്ടായിരുന്നില്ല. നമ്മുടെ പ്രദേശത്തു നിന്ന് മല്ലപ്പള്ളി CMS ഇരവിപേരൂർ St.John's, തിരുവല്ല എസ്. സി. എസ്. തുടങ്ങിയ ഹൈസ്ക്കൂളുകളെയാണ് ഉന്നത വിദ്യാഭ്യാസത്തിന് പഠിതാക്കൾ ആശ്രയിച്ചിരുന്നത്.

എന്നാൽ പുതുശേരി എം. ജി. ഡി. യു. പി. സ്ക്കൂൾ 1952-ൽ ഹൈസ്ക്കൂളായി ഉയർത്തിയതോടെ ഹൈസ് ക്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്ത് നാന്ദി കുറിക്കുകയായി.

1966-ൽ തുരുത്തിക്കാടു മലയിൽ ബിഷപ്പ് ഏബ്രഹാം മെമ്മോറിയൽ ജൂണിയർ കോളജ് സ്ഥാപിതമായതോടെ ഉപരി വിദ്യാഭ്യാസ മേഖലയ്ക്കും ഇവിടെ കളമൊരുങ്ങി.

ചെങ്ങരൂർ ബഥനി കോൺവന്റ് ഹൈസ്ക്കൂളും കല്ലൂപ്പാറ യു. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് കല്ലൂപ്പാറ ഗവ. ഹൈസ്ക്കൂളും നിലവിലുണ്ട്. എൽ. പി. സ്ക്കൂളുകളും ഒരു യു. പി. സ്ക്കൂളും ഇന്നു പ്രവർത്തി

## പഞ്ചായത്തിലെ സ്ക്കൂളുകളുടെ പൊതുവിവരം

| No. | സ്ക്കൂളിന്റെ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | കാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലം വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | | |
| 1 | M. G. D. H. S | എയ്ഡഡ് | 609 | 362 | 971 | 38 | 3 ഏക്കർ | 100 x 50 |
| 2 | ST. T. B. C. H. S | " | - | 969 | 969 | 34 | 3 ഏക്കർ | 140 x 40 |
| 3 | Govt. H. S. | Govt. | 146 | 128 | 274 | 15 | 75 സെന്റ് | ഇല്ല. |
| 4 | Govt. U. P. S. | " | 60 | 45 | 105 | 8 | 90 സെന്റ് | ഇല്ല |
| 5 | M. D. L. P. S | Aided | 28 | 27 | 55 | 3 | 14 സെന്റ് | ഇല്ല |
| 6 | St. Mary's L P S | " | 30 | 40 | 70 | 4 | 42 സെന്റ് | ഇല്ല |
| 7 | Govt. L. P. S | Govt. | 56 | 54 | 110 | 5 | 40 സെന്റ് | ഇല്ല |
| 8 | Central L. P. S. | Govt. | 24 | 32 | 56 | 3 | 27 സെന്റ് | ഇല്ല |
| 9 | Govt. L. P. S. | Govt. | 38 | 30 | 68 | 4 | 50 സെന്റ് | ഇല്ല |
| 10 | M. D. L. P. S. | Aided | 21 | 16 | 37 | 3 | 50 സെന്റ് | ഇല്ല |
| 11 | Govt. L. P. S | Govt. | 29 | 32 | 61 | 4 | 50 സെന്റ് | ഇല്ല |
| 12 | St. George L. P. S. | Aided | 98 | 137 | 235 | 8 | 40 സെന്റ് | ഇല്ല |
| 13 | St. Joseph's L. P. S. | Aided | 47 | 61 | 108 | 4 | 40 സെന്റ് | ഇല്ല |

ക്കുന്നു. ഏറ്റവും ഒടുവിൽ ചെങ്ങരൂർ കേന്ദ്രമാക്കി മലങ്കര കത്തോലിക്കാ സഭ വകയായി ആരംഭിച്ച സ്വാശ്രയ BEd കോളജ് പ്രൊഫഷ ണൽ വിദ്യാഭ്യാസ രംഗത്തെ നമ്മുടെ ആദ്യ ചുവടുവയ് പാണ്.

വിദ്യാഭ്യാസ ചരിത്രത്തിലെ അടിസ്ഥാന ശിലകൾ

| കുട്ടികളുടെ പൊതു അക്കാദമിക് നിലവാരം | | | | | | |
|---|---|---|---|---|---|---|
| ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | 30 40 മാർക്ക് നേടുന്നവർ | -40.5 | 50-60 | 60% |
| 3 | 213 | 42 | 55 | 33 | 34 | 49 |
| 4 | 184 | 34 | 37 | 32 | 33 | 48 |
| 5 | 344 | 42 | 45 | 56 | 62 | 139 |
| 6 | 337 | 28 | 38 | 64 | 79 | 127 |
| 7 | 373 | 34 | 79 | 92 | 80 | 88 |
| 8 | 441 | 53 | 89 | 101 | 81 | 117 |
| 9 | 447 | 44 | 31 | 96 | 67 | 99 |
| 10 | 400 | 50 | 117 | 90 | 70 | 67 |

എന്ന നിലയിൽ ഭാഷാക്ഷരങ്ങളുടെ അറിവ് നൈസർഗ്ഗികമായി പകർന്നു നൽകിയിരുന്ന ആശാൻ പള്ളിക്കൂടങ്ങൾ പഞ്ചായത്തിൽ നിലനിന്നിരുന്നു. മണ്ണിലാശാൻ, തങ്ങളത്തിലാശാൻ, ചെറുപുഴത്തോട്ടത്തിൽ മത്തായിസാർ, കൃഷ്ണനാശാൻ, ആറാട്ടുപുഴയാശാൻ, പരമേശ്വരൻ നായർ തുടങ്ങിയവർ നിലത്തെഴുത്ത് എന്ന പഠന സങ്കേതത്തെ ഫലപ്രദമായി അനുവർത്തിച്ചിരുന്ന ഗുരു ജനങ്ങളാണ്. ഈ അടിസ്ഥാന മേഖല ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു എങ്കിലും പത്തോളം ആശാൻമാർ ഇപ്പോൾ കൂടി പള്ളിക്കൂടങ്ങൾ നടത്തുന്നുണ്ട്. ഇവർക്കു പഞ്ചായത്തിൽ നിന്ന് ഗ്രാന്റ് നൽകി വരുന്നു.

ശാസ്ത്ര പുരോഗതിയിലേക്ക് നമ്മെ നയിക്കുന്ന കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകാൻ പഞ്ചായത്തിലെ സ്ക്കൂളുകൾ പ്രവർത്തനമാരംഭിച്ചു. ചെങ്ങരൂർ ബഥനി കോൺവന്റ് ഹൈസ്ക്കൂൾ കമ്പ്യൂട്ടർ ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. പുതുശേരി എം. ജി. ഡി. ഹൈസ്ക്കൂൾ, കല്ലൂപ്പാറ ഗവ. എച്ച്. എസ്. എന്നിവിടങ്ങളിൽ അതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുരുത്തിക്കാട് BAM College-നോടനുബന്ധിച്ച് കമ്പ്യൂട്ടർ പരിശീലനം നടക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് എൽ. പി., യു. പി. മേഖലകളിലായി 5 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ പ്രവർത്തിക്കുന്നു.

അംഗീകൃത എൽ. പി. സ്ക്കൂളുകളിൽ പലതും അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുകയാണ്. മലയാളം മീഡിയം സ്ക്കൂളുകളോടുള്ള പൊതുജനങ്ങളുടെ സമീപനം തന്നെ മാറിയിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള അഭവ്യമായ താല്പര്യം; സർക്കാർ, മാനേജ്മെന്റ് സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങി പല കാരണങ്ങൾ കൊണ്ടും സ്ക്കൂളുകളിലെ അംഗസംഖ്യ കുറഞ്ഞു വരുന്നു.

ജനകീയ സമിതികളുടെ സഹകരണത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഈ വിദ്യാലയങ്ങളുടെ പുരോഗതി സാധ്യമാക്കാം. പഞ്ചായത്തു തലത്തിൽ സ്ക്കൂൾ, കോംപ്ലക്സുകൾ സംഘടിപ്പിച്ച് വിദ്യാലയങ്ങളുടെ പരസ്പര സഹവർത്തിത്വത്തിലൂടെ സ്ക്കൂളുകളുടെ നിലവാരം ഉയർത്താനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമാക്കാനും കഴിയണം.

## സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | ആകെ ഡിവിഷൻ | കെട്ടിടങ്ങൾ | ഇനി വേണ്ട മുറികൾ | നിലവിലുള്ള മൂത്രപ്പുരകൾ | ഒരു സമയം എത്ര കുട്ടികൾ ഉപയോഗിക്കുന്നു | ആവശ്യമുള്ളതിന്റെ എണ്ണം | കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതീകരണം | പാചകമുറി | സ്റ്റാഫ് റൂം | വേണ്ട ഡസ്ക്ക് | ബഞ്ച് | മേശ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| M D L P S | 4 | 1 | - | 0 | - | 1 | 0 | ഇല്ല | ഉണ്ട് | 1 | 10 | - | 2 | |
| St. Mary's L P S | 4 | 1 | - | 2 | 4 | 1 | 0 | ഇല്ല | ഉണ്ട് | 1 | 4 | 2 | 2 | |
| Govt. L. P. G. S. | 4 | 2 | - | ഇല്ല | - | 3 | - | " | ഇല്ല | ഉണ്ട് | 1 | | | |
| Central L. P. S. | 4 | 1 | - | 2 | 5 | - | - | ഉണ്ട് | ഇല്ല | - | - | | | |
| Govt. L. P. S. | 4 | 1 | - | 2 | 8 | - | 1 | | | | | | | |

സ്കൂളുകളെ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾ ഗ്രാമ സഭകളിലൂടെ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ സ്കൂളുകളുടെ പുരോഗതിയും കുട്ടികളുടെയും അധ്യാപകരുടെയും കഴിവുകൾ ഫലപ്രദമായി ഉപയോഗിച്ച് സാമൂഹ്യ പുരോഗതിയും കൈവരിക്കുവാൻ നമുക്കു കഴിയണം.

## പരിഹാരമാർഗ്ഗങ്ങൾ

- പ്രീപ്രൈമറി ക്ലാസുകൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ പഞ്ചായത്ത്, പി. റ്റി. എ. എന്നിവയുടെ സഹായത്തോടെ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.
- അംഗൻവാടി, ബാലവാടി ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുക.
- കല്ലൂപ്പാറ ഗവ. ഹൈസ്കൂളിന് കളിസ്ഥലം, കുടിവെള്ളം, ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ ക്ലാസ് തുടങ്ങിയ സൗകര്യങ്ങൾ ക്രമീകരിക്കണം.
- തൊഴിലധിഷ്ഠിത കോഴ്സുകൾ ഹൈസ്കൂളുകളോടനുബന്ധിച്ചും നിർദ്ദിഷ്ട എഞ്ചിനീയറിംഗ് വിദ്യാലയം കമ്മ്യൂണിറ്റി ഹാൾ കേന്ദ്രീകരിച്ചും ആരംഭിക്കുക.
- ടെക്നിക്കൽ സ്കൂളുകൾ ആരംഭിക്കുക. നിലവിലുള്ള ഹൈസ്കൂളുകളെ വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുക.
- എൽ. പി., യു. പി. സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. അദ്ധ്യാപകരുടെ ദൗർബല്യം പരിഹരിക്കുക.
- ITC, Technical, Polytechnic തുടങ്ങി തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ ആരംഭിക്കുക. പ്രവർത്തന മേഖലയിലെ സ്കൂൾ അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും സ്കൂൾ കോംപ്ലക്സുകളും സംഘടിപ്പിച്ച് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഫലപ്രദമായ പരിപാടികൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുക.
- പ്രൈമറി തലത്തിൽ പഠന മാധ്യമം മാതൃഭാഷയാക്കാൻ ഗവൺമെന്റിനോട് ശുപാർശ ചെയ്യുക.
- അൺ എയ്ഡഡ് സ്കൂളുകളുടെ നിയന്ത്രണം ഫലപ്രദമായി നടപ്പാക്കുക.
- വിദ്യാർത്ഥികളുടെ വാഹന സൗകര്യം പര്യാപ്തമാക്കുക.
- പ്രാദേശികമായി ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരുടെയും വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തി വിദ്യാലയത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- കൃഷി, കൈത്തൊഴിലുകൾ, വനവൽക്കരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയിൽ പ്രായോഗിക ജ്ഞാനം സിദ്ധിക്കത്തക്കവിധം പരിപാടികൾ ആവിഷ്കരിക്കുക.
- സ്കൂൾ ലൈബ്രറിക്കു പുറമെ പ്രാദേശിക വായനശാലയുമായി ബന്ധിച്ച് വായനാശീലം വളർത്താൻ കുട്ടികളെ സഹായിക്കുക.
- സാക്ഷരതാ പരിപാടി പുനരാരംഭിക്കുക.
- ഉപരി വിദ്യാഭ്യാസ പദ്ധതികളെ പറ്റി വിവരം നൽകുന്ന Information Centre. Test കൾക്ക് പ്രത്യേക പരിശീലന കേന്ദ്രവും ആരംഭിക്കുക.

**സർവ്വരും സ്വതന്ത്രരാകുന്നതുവരെ**
**ആരും സ്വതന്ത്രരാകുന്നില്ല**

5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ വായു ശുദ്ധമായ വെള്ളം ശുചിത്വമുള്ള പാർപ്പിടം എന്നിവ ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ 4915 വീടുകൾ ഉള്ളതിൽ കുടിവെള്ളത്തിനായി 90% വീടുകളും കിണറുകളെ ആശ്രയിക്കുന്നു. 4600 കിണറുകൾ ഉള്ളതിൽ 846 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 47.5% വും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളാ വാട്ടർ അതോറിട്ടിയുടെ ജലവിതരണ പദ്ധതിയിൽ നിന്നും പഞ്ചായത്തിന്റെ 1,2,3,4,7 വാർഡുകളിൽ ജലം ഭാഗീകമായി എത്തുന്നുണ്ട്. അഴകനാക്കയത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പഴുക്കാലാക്കുന്നിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കിൽ എത്തിച്ച് ജലവിതരണം നടക്കുന്നു.

പഞ്ചായത്തിന്റെ 9 വാർഡുകളിലുമായി 206 പബ്ലിക്ക് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും 40 എണ്ണത്തിൽ താഴെ മാത്രമെ കുടിവെള്ളം ലഭിക്കുന്നുള്ളൂ.

ഡൊമസ്റ്റിക് ആൻഡ് നോൺ ഡൊമസ്റ്റിക്ക് കണക്ഷനുകൾ ആകെ 112 ഉണ്ടെങ്കിലും 60-ൽ താഴെ

**ശുദ്ധജല സ്രോതസ്സുകൾ**

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 7 | 4 | 3754 | 846 | 11 | 4622 |

കണക്ഷനുകൾക്കു മാത്രമെ തുടർച്ചയായി വെള്ളം ലഭിക്കുന്നുള്ളൂ. വിവിധ വാർഡുകളിലായി 11 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിൽ ഭൂരിഭാഗ വും പ്രവർത്തനരഹിതമാണ്. മഴക്കാലത്ത് ഉപയോഗി ക്കാതെ കിടക്കുന്നതാണ് ഇതിനു കാരണം.

9 വാർഡുകളിലേയും ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം രൂക്ഷമാണ്. കിണറുകൾ വറ്റിപ്പോകുന്നതാണ് പ്രധാന കാരണം. ഈ പഞ്ചായത്തിൽ 4 ലക്ഷം വീടു കോളനികളിലായി 200 ഓളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. ഇവർക്ക് വെള്ള മെത്തിക്കാൻ പൊതു കിണറുകളും, കുഴൽ കിണറുകളും ഉണ്ടെങ്കിലും അവ അപര്യാപ്തമത്രെ. പട്ടി കജാതി കോളനികൾ ഭൂരിപക്ഷവും ഉയർന്ന മലക ളിൽ സ്ഥിതി ചെയ്യുന്നതിനാൽ പട്ടികജാതിയിൽ പെട്ട മനുഷ്യരാണ് കുടി വെള്ളത്തിന് തീർത്തും ബുദ്ധിമുട്ടുന്നത്.

## പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രകൃതി ദത്തമായ ഓലികൾ വൃത്തിയാക്കി, ആഴം കൂട്ടി ചുറ്റുമ തിൽ കെട്ടി സംരക്ഷിക്കണം.

| പ്രകൃതി ദത്ത ഓലികൾ | |
|---|---|
| വാർഡ് | ഓലി (കുളം) |
| II | പഴുക്കാലാകുന്നിലെ ഓലി |
| III | മൂക്കനോലി |
| V | ഊതാംപുറത്ത് ഓലി |
| VIII | ഓലിക്കൽ, വട്ടോലിൽ, തട്ടാക്കടവിൽ ഓലികൾ |
| IX | പ്ലാംകൂട്ടത്തിൽപ്പടിക്കു സമീപം കുളം |

2. കുഴൽക്കിണറുകൾ

പ്രവർത്തനക്ഷമമല്ലാത്ത കുഴൽക്കിണറുകൾ റിപ്പ യർ ചെയ്ത് ഉപയോഗപ്രദമാക്കണം. കുഴൽക്കിണറു കൾ ഇല്ലാത്ത വാർഡുകളിൽ കുഴൽക്കിണറുകൾ നിർമ്മിക്കണം.

3. വേളൂപ്പാറ ടാങ്കിൽ നിന്നും നെടുമ്പാറ പട്ടിക ജാതി കോളനിക്ക് വെള്ളം പമ്പ് ചെയ്തു കൊടുക്കാ വുന്നതാണ്. തട്ടാരുമണ്ണിൽ കടവിൽ പമ്പു സെറ്റും നരിക്കുട്ടൻപാറയിൽ ടാങ്കും നിർമ്മിച്ചാൽ ആ പ്രദേ ശത്തെ ജലക്ഷാമം പരിഹരിക്കാം.

4 നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി വെള്ളമെത്തി ക്കാവുന്നതാണ്.

വാർഡ് I

a. പഴൂർപ്പടിയിൽ നിന്നും തങ്ങളത്തിൽപ്പടി വരെ.

b. പള്ളിപ്പടിയിൽ നിന്നും കൊച്ചുപുരയ്ക്കൽപ്പടിവ രെ

c. നങ്ങാമുറി കുരിശിൻ തൊട്ടി മുതൽ ഓലിക്കൽ പടി വരെ

d. നെടുമ്പാറ മുതൽ ആൽത്തറ വരെ

e. L. P. S. മുതൽ വെൺപാലപ്പടി വരെ

വാർഡ് II

a. കൊല്ലമലപ്പടി നിന്നും കീരുവള്ളിപ്പടി വഴി കല്ലു ക്കുഴിപ്പടി വരെ

b. കടമാൻകുളം ആശുപത്രിപ്പടിക്കൽ നിന്നും ചാമ ക്കുന്നിലേക്കും കാവനാൽക്കുഴിപ്പടി വരെ.

വാർഡ് VI

മല്ലപ്പള്ളി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധ തിയുടെ ഭാഗമായി കല്ലൂപ്പാറ പഞ്ചായത്ത് അതിർത്തി വരെ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ മൂശാരിക്കവലയിൽ നിന്നും മടുക്കോലിക്കവല വഴി കടുവാക്കുഴി വരെ ഇതിനായി മല്ലപ്പള്ളി പഞ്ചായ ത്തിന്റെ സഹകരണം കൂടിയേ തീരൂ.

വാർഡ് VII

a. പുതുപ്പലത്തുപടി മുതൽ എം. ഡി. എൽ. പി. എസ്. വരെ

b. കറുത്ത വടശേരിക്കടവു മുതൽ തോപ്പിൽപ്പടി വരെ

c. പാറക്കടവുപടി മുതൽ കുറഞ്ഞൂർക്കടവു വരെ

d ഐക്കരപ്പടി മുതൽ മാരുമണ്ണിപ്പടി വരെ

e പാറക്കടവിൽ പടി മുതൽ മൂകാമണ്ണിൽ പടി വരെ

## ചെറുകിട ശുദ്ധ ജല പദ്ധതികൾ

മൂന്നാം വാർഡിൽ കൂടാരത്തു കടവിൽ കിണർ കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ചാൽ മുടിമല പട്ടികജാതി കോളനിയിൽ കുടിനീർക്ഷാമം പരിഹരിക്കാൻ സാധിക്കും.

(നിലവിലുള്ള വാട്ടർ സപ്ലേ സ്കീമിൽ നിന്നും നേരിട്ട് പൈപ്പ് ലൈൻ ഇട്ട് മുടിമലയിൽ വെള്ളമെത്തിക്കാൻ പ്രസിഡന്റ് സർക്കാരിന് പ്രോജക്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്.)

എട്ടാം വാർഡിൽ ഉയർന്ന പ്രദേശമായ കുംഭമലയിൽ ടാങ്ക് നിർമ്മിച്ച് മണിമലയാറ്റിലെ കോമളം പ്രദേശത്ത് പമ്പ് സെറ്റ് സ്ഥാപിച്ചാൽ കുംഭമലയിലെ ജലക്ഷാമം പരിഹരിക്കാം.

## പ്രവർത്തിക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

- ഉയർന്ന പ്രദേശങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പ് നിർമ്മിച്ചും മഴവെള്ളം ശേഖരിക്കുക.
- മഴവെള്ള ശേഖരണത്തിന് പൊട്ടക്കിണറുകളും ഉപയോഗിക്കാവുന്നതാണ്.
- നിലവിലുള്ള തോടുകളിൽ ബണ്ടുകളിട്ട് മഴവെള്ളം തടഞ്ഞു നിർത്തുക.
- ഇതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടു കൂടി നടത്തുക.
- മണിമലയാറ്റിൽ ചെക്കു ഡാം നിർമ്മിച്ച് വാട്ടർ ലെവൽ ഉയർത്താൻ വേണ്ട നടപടികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും, സർക്കാരിൽ നിന്നും സഹായം തേടുക.

## ആരോഗ്യം

ആരോഗ്യമുള്ള ഒരു ശരീരത്തിലെ ആരോഗ്യമുള്ള ഒരു മനസ്സ് ഉണ്ടാകു എന്ന തത്വം അറിയാമെങ്കിലും കല്ലൂപ്പാറ പഞ്ചായത്ത് ഇക്കാര്യത്തിൽ അത്ര മുൻപന്തിയിലല്ല. 1960-കളിലാണ് കല്ലൂപ്പാറ പഞ്ചായത്തിൽ കടമാൻകുളം കേന്ദ്രമാക്കി ഒരു പൊതുജനാരോഗ്യ കേന്ദ്രത്തിന് തുടക്കം കുറിച്ചത്.

ഇണ്ടൻ തുരുത്തിൽ, വാഴുവേലിൽ തുടങ്ങിയ കുടുംബങ്ങൾ പാരമ്പര്യ വൈദ്യ ചികിത്സ നടത്തിയിരുന്നതൊഴിച്ചാൽ കാര്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലായിരുന്നു. കാവനാക്കുഴിയിലും, കാക്കനാട്ടിലും വിഷ ചികിത്സയും ലഭ്യമായിരുന്നു.

| കല്ലൂപ്പാറ ഗവ. ആശുപത്രി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വർഷം | IP | OP | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം | | | | | | |
| | | | ത്വക്ക് രോഗം | വാത രോഗം | മറ്റുള്ള രോഗങ്ങൾ | വിഷ ചികിത്സ | പകർച്ച വ്യാധികൾ | ആകെ | |
| 1992-93 | 38 | 34742 | 110 | 21 | 16483 | - | - | 16614 | |
| 1993-94 | 47 | 32623 | 1449 | 20 | 12952 | - | - | 14421 | |
| 1994-95 | 44 | 34675 | 750 | 125 | 13349 | - | - | 14224 | |
| 1995-96 | 124 | 36616 | 312 | 230 | 11314 | - | 2 | 11858 | |
| ആകെ | 253 | 138656 | 2621 | 396 | 54098 | - | 2 | 57117 | |

| ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| വിഭാഗം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണം | | മൊത്തം ജീവനക്കാരുടെ എണ്ണം |
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| അലോപ്പതി | 1 | - | - | 4 | 3 | - | 20 + 5 PHC |
| ആയൂർവേദ | 1 | - | 6 | - | - | - | 4 |
| ഹോമിയോ | 1 | - | - | 3 | - | - | 2 |

ചരടു ജപിച്ചു കൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, കാവുകളിലേക്ക് വഴിപാട് നേരുക തുടങ്ങിയ അന്ത വിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്ക് മുൻഗണന നൽകിയിരുന്നെങ്കിലും ചില പ്രദേശങ്ങളിലും സമൂഹങ്ങളുടെ ഇടയിലും അനുവർത്തിച്ചിരുന്നു.

കടമാൻകുളം പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കല്ലൂപ്പാറ ഗവ. ആശുപത്രിയാണ് ഗ്രാമത്തിലെ ചികിത്സാ സിരാ കേന്ദ്രം മറ്റു പഞ്ചായത്തിലെ ജനങ്ങൾ പോലും ഇവിടെ ചികിത്സയ്ക്കായി എത്തുന്നു. ഇണ്ടൻ തുരുത്തിൽ കുടുംബമാണ് സ്ഥലം സൗജന്യമായി കൊടുത്തത്.

1980-85കളിൽ ശ്രീ. കല്ലൂപ്പാറ ജോയി പ്രസിഡന്റായിരുന്നപ്പോഴാണ് ഇന്നത്തെ പുതിയ കെട്ടിടങ്ങൾ പണിതത്.

തുരുത്തിക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഗവ. ആയൂർവേദ ഡിസ്പെൻസറി ഏറ്റവുമൊടുവിൽ 1996-ൽ 9-ാം വാർഡിൽ തുണ്ടിയം കുളത്ത് പ്രവർത്തനം ആരംഭിച്ച ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവയും കല്ലൂപ്പാറയുടെ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

ഇത്രയും പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഇവയ്ക്കു പുറമെ സ്വകാര്യ മേഖലയിൽ 3 ഹോമിയോ ക്ലിനിക്ക് 4 അലോപ്പതി 6 ആയൂർവേദം, 8 പാരമ്പര്യ വൈദ്യൻമാരും ഒരു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രവും പഞ്ചായത്തിന്റെ ആരോഗ്യ മേഖലയെ സംപുഷ്ടമാക്കുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയൽ ഗുണപരമായ വ്യതിയാനം കാണുന്നില്ല.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കുന്ന നിർദ്ദേശങ്ങൾ

### ഹെൽത്ത് കാർഡ് സംവിധാനം

ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്താൻ ശ്രമിക്കണം. ഇതുവഴി മുൻകാല ആരോഗ്യ നില മനസിലാക്കാൻ കഴിയുന്നു. അതോടൊപ്പം ചികിത്സ എളുപ്പമാകുന്നു.

### രക്തദാനസേന

പഞ്ചായത്തിലെ യുവാക്കളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും രക്തം ദാനം ചെയ്യാൻ തയ്യാറുള്ളവരെ കണ്ടെത്തി അവരുടെ രക്ത ഗ്രൂപ്പ് നിർണ്ണ

യിച്ച് ആവശ്യമായ സാഹചര്യത്തിൽ രക്തം എത്തി ക്കാൻ സംവിധാനം ഏർപ്പെടുത്തണം. സ്ഥിരമായ റജി സ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## പൊതു ശ്മശാനം

ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നതും അധഃസ്ഥിതരുമായ ആളുകളുടെ ശവശരീരങ്ങൾ, കൂടാതെ അനാഥ പ്രേതം തുടങ്ങിയവ മറവു ചെയ്യുന്ന തിന് പഞ്ചായത്തിന് പൊതുവായ ഒരു ശ്മശാനം ആവശ്യമാണ്. 8-ാം വാർഡിൽ തുരുത്തിക്കാട് ജന വാസം കുറഞ്ഞ പ്രദേശം ഇതിന് അനുയോജ്യമാണ്.

## യോഗാകേന്ദ്രം

പ്രകൃതി ചികിത്സയ്ക്ക് പ്രാധാന്യമേറി വരുന്ന ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം തുടങ്ങാവുന്നതാണ്. അതു വഴി ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനും സാധിക്കും.

## സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ.

കല്ലൂപ്പാറ ഗവ. ആശുപത്രി വളരെയേറെ അപര്യാ പ്തതകളുടെ കൂമ്പാരമാണ്. 20-ൽ പരം ജോലിക്കാർ ഉള്ള ഈ സ്ഥാപനം പരി രക്ഷിച്ച് ഉപയോഗപ്രദമാ ക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. ഡോക്ടർമാ രുടെ അപര്യാപ്തത ഉപകരണങ്ങളുടെ കുറവ്, മരുന്നു കളുടെ ദൗർലഭ്യം, കിടക്കകൾ, കെട്ടിടങ്ങൾ ഇവയുടെ ശോച്യാവസ്ഥ തുടങ്ങിയവ അപര്യാപ്തതകളിൽ ചില തു മാത്രം. ഇതോടൊപ്പം ഗവ. ആയൂർ വേദാശുപത്രി, ഗവ. ഹോമിയോ ആശുപത്രി ഇവയുടേയും ശോച്യാ വസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്.

## പൊതു ആരോഗ്യസ്ഥിതി

ഈ ഗ്രാമം ആരോഗ്യപരമായി സാമാന്യം മെച്ചമായ നിലവാരം പുലർത്തുന്നു. പകർച്ച വ്യാധികളോ, തീരാ രോഗങ്ങളോ ബാധിച്ചവർ ഇവിടെ തുലോം ചുരുക്കമാ ണ്. ഗ്രാമ വാസികൾ അക്ഷരാഭ്യാസമുള്ളവരും ശുചിത്വ ബോധമുള്ളവരുമാണ്. സാമ്പത്തികമായി വലിയ ഉയർന്ന നിലയിൽ ഉള്ള ചുരുക്കം ചിലരൊഴി ച്ചാൽ ഇടത്തരക്കാരാണ് മിക്കവാറും. ദാരിദ്ര്യരേഖ യ്ക്ക് താഴെ ഉള്ളവർ 25% വരും. അവരെല്ലാം തന്നെ ശുചിത്വ ബോധത്തോടു കൂടി ജീവിക്കുന്നതിനാലും സർക്കാരിന്റെ കാലാ കാലങ്ങളിലുള്ള പ്രതിരോധ കുത്തിവയ്പുകൾ പൾസ് പോളിയോ വാക്സിൻ വിത രണം, വാർത്താ മാധ്യമങ്ങളിൽ കൂടിയുള്ള പരസ്യ ങ്ങൾ എന്നിവ മൂലവും ഗ്രാമീണ ജനത ആരോഗ്യ ത്തിൽ ആരോഗ്യകരമായ നിലവാരം പുലർത്തുന്നു. ശിശു മരണ നിരക്ക് വളരെ കുറവാണ്. ആയൂർ ദൈർഘ്യം സംസ്ഥാന ശരാശരിയിൽ നിന്നും താഴെ അല്ല. ആശുപത്രികളിൽ അഡ്മിറ്റ് ആകുന്നവരുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. രോഗം വന്നാൽ ഉടൻ പ്രതിവിധി തേടുന്നതിൽ ഉൽസു കരാണ്. പൊതുനിരത്തുകൾ, വൃത്തിയായി സൂക്ഷി ക്കുന്നതിൽ മുമ്പിലത്തേക്കാൾ ആളുകൾ ബോധവാ ന്മാരാണ്.

കക്കൂസ് ഇല്ലാത്തവരുടെ എണ്ണം 25% വരും. ഖരമാ ലിന്യങ്ങൾ ശ്രദ്ധാപൂർവ്വം നീക്കം ചെയ്യുന്നവരുടെ എണ്ണം 60% വരും. വേഷവിധാനത്തിൽ ശ്രദ്ധിക്കുന്നവ രാണ് 75% ഉം. ആഹാര സാധനങ്ങൾ ശുചിയായി ഭംഗിയായി സൂക്ഷിക്കുന്നവരാണ് കൂടുതൽ. പൊതു സ്ഥലങ്ങളിൽ തുറന്നു വച്ച് ഭക്ഷ്യ സാധനങ്ങൾ വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന രീതി പാടെ മാറി. മൽസ്യ മാംസാദികൾ വില്ക്കുന്ന കടകൾ ആരോഗ്യ പരിപാലന ഉദ്യോഗസ്ഥന്മാർ പരിശോധി ക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ പഞ്ചായത്തിന് അധികാരം കൊടുക്കണം.

## കക്കൂസുകൾ

പൊതുനിരത്തുകളുടെ വക്കിലും തുറസായ സ്ഥല ങ്ങളിലും മലമൂത്ര വിസർജ്ജനം ചെയ്യുന്നത് അനാ രോഗ്യകരമായ സ്ഥിതി വിശേഷമാണ്. സ്വന്തമായ കക്കൂസുകൾ നിർമ്മിക്കാൻ നിവർത്തിയില്ലാത്തവരെ ഈ രീതിയിൽ നിന്ന് പിന്തിരിപ്പിക്കാൻ സ്വന്തമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം. ആവശ്യാനു സരണം വിവിധ ഭാഗങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുകയും വൃത്തിയായി സൂക്ഷിക്കാനുള്ള നിയ ന്ത്രണം ഏർപ്പെടുത്തുകയും വേണം.

ഒൻപതു വാർഡുകളിലും കൂടി ഏതാണ്ട് 1000 കക്കൂസുകൾ നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്. •

തൊഴുത്തുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ബോധവൽക്കരണം നടത്തണം. കൊതുശല്യം മുമ്പില ത്തേതിനേക്കാൾ വർദ്ധിച്ചിരിക്കുന്നു. നിവാരണ മാർഗ്ഗ ങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ആഹാരസാധനങ്ങൾ വില്ക്കുന്ന സ്ഥലങ്ങൾ പരിശോധിക്കുകയും വിഷാംശം കലർന്നിട്ടുള്ളതാണോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കടകളിൽ നിന്നും ലഭിക്കുന്ന ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഗുണമേന്മ തിട്ടപ്പെടുത്താനും കുറഞ്ഞ സാധനങ്ങളുടെ വില്പന തടയാനും ഉള്ള ഇന്നത്തെ സംവിധാനം വളരെ അപര്യാപ്തമാണ്. ഇത് പൊതു ജനാരോഗ്യത്തെ പലപ്പോഴും ഹനിക്കുന്നുണ്ട്.

ചീത്തയായ പച്ചക്കറികൾ വില്പന ചെയ്യുന്ന സ്ഥലങ്ങൾ പരിശോധിക്കുന്നതിലും വീഴ്ചകൾ വരാൻ പാടില്ല. വിഷമരുന്ന് തളിക്കാത്ത പച്ചക്കറികൾ, പഴങ്ങൾ എന്നിവ ലഭ്യമാക്കാൻ സംവിധാനം വേണം. വീടും പരിസരവും പൊതു സ്ഥലങ്ങളും അണുനാശിനികൾ ഉപയോഗിച്ച് വൃത്തിയാക്കാൻ സാധിക്കണം.

വിദ്യാലയങ്ങളിൽ ഉച്ച ഭക്ഷണ വിതരണ സമ്പ്രദായം ഉള്ളയിടങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ പരിശോധകരെ ഏർപ്പെടുത്തി ആഹാരം പാകം ചെയ്യുന്നതും വിളമ്പുന്നതും ആരോഗ്യത്തിന് ഹാനികരമല്ലാത്ത തരത്തിലാണോ എന്ന് തിട്ടപ്പെടുത്തേണ്ടതാണ്. സെമിനാറുകൾ, ക്ലാസുകൾ തുടങ്ങിയവ വിദഗ്ധരെ കൊണ്ട് നടത്തിച്ച് ബോധവൽക്കരിക്കേണ്ടതാണ്.

പ്രതിരോധ കുത്തിവയ്പുകൾ, കുട്ടികൾക്കുള്ളവ യഥാ സമയങ്ങളിൽ തന്നെ നടത്തിയിരിക്കാൻ ശ്രദ്ധിക്കണം.

നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് അവ സൗജന്യമായി നൽകാൻ സാധിക്കണം.

അങ്ങനെ അരോഗദൃഢഗാത്രരായി പഞ്ചായത്തിലെ അംഗങ്ങൾ. നീണാൾ വാഴട്ടെ!

പേപ്പട്ടി ശല്യം ഒഴിവാക്കാൻ അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം. പട്ടികളെ വളർത്താൻ ലൈസൻസ് ഏർപ്പെടുത്തണം. വാക്സിൻ കുത്തിവയ്പ് നിർബന്ധമാക്കണം.

അറവുശാലകൾ മാംസക്കച്ചവടം ചെയ്യുന്നവർ - പൊതു ജനത്തിന് മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾക്കിടം നൽകാതെ സൗകര്യമായ സ്ഥാനങ്ങളിൽ മാത്രം ഇവ ഉണ്ടാക്കുകയും അവശിഷ്ടങ്ങൾ നശിപ്പിക്കുകയും ചെയ്യണം. ഗുണമേന്മയുള്ള ഉരുക്കളെ മാത്രം അറുക്കുന്നതിന് ഏർപ്പാടു ചെയ്യണം. പഞ്ചായത്ത് അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

## മൽസ്യ വിതരണം

ചീഞ്ഞതും രോഗം വന്നു ചത്തതുമായ മൽസ്യങ്ങൾ വിപണിയിൽ ഉണ്ടോ എന്ന് പരിശോധിക്കാനുള്ള രീതി ഇന്നത്തേതിനേക്കാൾ മെച്ചപ്പെടുത്തണം. പഞ്ചായത്തിന്റെ ശ്രദ്ധ ഇക്കാര്യത്തിലും പതിയേണ്ടതാണ്.

പൊതുസ്ഥലങ്ങളിൽ, റോഡ് വക്കത്ത്, വല്ല മൃഗങ്ങളും ചത്തു കിടന്നാൽ യഥാസമയം നീക്കം ചെയ്യപ്പെടാത്ത രീതി മാറ്റിയെടുക്കണം. ഇങ്ങനെ ശ്രദ്ധിച്ചാലെ പൊതു ജനാരോഗ്യം കാര്യക്ഷമമാവൂ.

### ഇന്നിന്റെ ദുഃഖം

ഒരു സാധാരണ പൗരന് ജീവൻ നിലനിർത്താൻ ആവശ്യമായ ഭക്ഷണം 2400 കലോറി

ഒരു പാശ്ചാത്യ പൗരന്റെ ശരാശരി ഭക്ഷണം 3500 കലോറി

2400 കലോറി ഭക്ഷണം ലഭിക്കാത്ത ഇന്ത്യക്കാർ 60%

ലോകത്ത് ഒരു മിനിറ്റിൽ ആയുധങ്ങൾക്കു വേണ്ടി ചെലവിടുന്ന തുക 20 ലക്ഷം ഡോളർ.

ലോകത്ത് ഒരു മിനിറ്റിൽ പോഷകാഹാരക്കുറവുമൂലം മരിച്ചു വീഴുന്ന കുട്ടികൾ 50,000.

# 5-6

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് നേരത്തെ തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിന്റെ പരിണാമമായിരുന്നു കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിന്റെ മധ്യത്തിൽ കൂടി കടന്നു പോകുന്ന തിരുവല്ല മല്ലപ്പള്ളി മെയിൻ റോഡ്. പുതിയ ജനകീയാസൂത്രണത്തിന്റെ ഉണർത്തു പാട്ടിന്നിടയിലും ആവേശജനകമായ ആ സ്മരണ നമുക്കു ദിശാബോധം പകർന്നു തരുന്നു.

കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ ആകെ 125 കിലോമീറ്ററോളം റോഡുകൾ ഉണ്ട്. ഇതിൽ 25 കിലോമീറ്ററോളം മാത്രമാണ് P. W. D. ഏറ്റെടുത്തിട്ടുള്ളത്. പഞ്ചായത്തിന്റെ കൈവശമുള്ള റോഡുകളിൽ കിലോമീറ്റർ റോഡുകൾ ടാർ ചെയ്തതാണ്. മറ്റുള്ള റോഡുകൾ മൺറോഡുകളാണ്. ടാർ റോഡുകൾ കാലാകാലങ്ങളിൽ മെയിന്റെൻസ് നടത്താൻ കഴിയാത്ത സാഹചര്യമാണ് പഞ്ചായത്തിനുള്ളത്. ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണം. കൂടുതൽ റോഡുകൾ ടാർ ചെയ്യണം എന്നുള്ള ആവശ്യം എല്ലാ ഗ്രാമ സഭകളിലും ജനങ്ങളിൽ നിന്ന് ഉയർന്നു വന്നു. PWD റോഡുകൾ പോലും യഥാസമയങ്ങളിൽ മെയിന്റെൻസ് നടത്താറില്ല. പഞ്ചായത്തിലെ മൺ റോഡുകളുടെ യഥാർത്ഥ പ്രശ്നങ്ങൾ താഴെപ്പറയുന്നു.

- ഓടകൾ ഇല്ലാത്തതു കാരണം വെള്ളം കെട്ടികിടന്ന് ചതുപ്പുകളുണ്ടാകുന്നു. തൻമൂലം ഗതാഗതം തടസ്സപ്പെടുന്നു.
- ആവശ്യം വേണ്ട പല സ്ഥലങ്ങളിലും കൾവർട്ടുകൾ നിർമ്മിക്കുവാൻ കഴിയാത്തതു കാരണം റോഡുകൾ പൂർണ്ണമായി ഉപയോഗിക്കുന്നതിന് സാധിക്കുന്നില്ല.
- മണ്ണൊലിപ്പുമൂലം ചരിഞ്ഞ പ്രദേശങ്ങളിൽ റോഡുകൾ താറുമാറാകുന്നു.

പണികൾ പൂർത്തിയായാൽ ഇരവിപേരൂർ കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രയാറ്റുകടവ് അപ്രോച്ച് റോഡ് മുഖേന കല്ലൂപ്പാറ നിന്ന് ഇരവിപേരൂരിലേക്കുള്ള ദൂരം ആറ് കിലോമീറ്ററിൽ നിന്ന് ഒരു കിലോമീറ്റർ ആക്കി കുറയ്ക്കുവാൻ കഴിയും.

തുരുത്തിക്കാട് പടുതോട് കടവിൽ പാലം നിർമ്മിച്ചാൽ ആലപ്പുഴയേയും, ശബരിമലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും ദൂരം കുറഞ്ഞ പാതയായി ഇതു മാറ്റാം. മല്ലപ്പള്ളി താലൂക്കിലെ ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ തുരുത്തിക്കാട് ബി. എ. എം. കോളജിലെ വിദ്യാർത്ഥികൾക്കും ഇത് പ്രയോജനപ്പെടും.

| പഞ്ചായത്തിലെ ടാർ റോഡുകൾ | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം (കി. മി) | വീതി (കി. മി) | ബസ് മറ്റു യാത്രാ സൗക ര്യം (കി.മീ) |
| 1 | കല്ലൂപ്പാറ ചന്ത പ്രയാറ്റ്കടവ് | പഞ്ചായത്ത് | 1.2 | 8 | ഇല്ല |
| 2 | യക്ഷിമന്നത്തുപടി അടുക്കോലിപ്പടി | പഞ്ചായത്ത് | 1.7 | 8 | ഉണ്ട് |
| 3 | കടമാൻകുളം ആശുപത്രി കാവനാ | പഞ്ചായത്ത് | 1.2 | 7 | ഉണ്ട് |
| 4 | കടമാൻകുളം കുരിശ് പൊൻമലമുറി | പഞ്ചായത്ത് | 2 kg | 8 | ഉണ്ട് |
| 5 | മുടിമല കിഴക്കേമുറിപ്പടി റോഡ് | പഞ്ചായത്ത് | 200 m | 5 | ഉണ്ട് |
| 6 | അഞ്ചിലവ് കറുത്ത വടശ്ശേരിക്കടവ് | P. W. D | 2.400 Kg | 8 | ഉണ്ട് |
| 7 | മേനാംമൂട്ടിൽ കറുത്തവടശ്ശേരിക്കടവ് | പഞ്ചായത്ത് | 1.5 | 8 | ഉണ്ട് |
| 8 | മാരേട്ട്തോപ്പ് കർക്കിടകകംപ്പള്ളിപ്പടി | പഞ്ചായത്ത് | 2 | 8 | ഉണ്ട് |
| 9 | തുണ്ടിയംകുളം പട്ടുതോട് | പഞ്ചായത്ത് | 1.41 | 8 m | ഉണ്ട് |
| 10 | പ്ലാക്കുട്ടത്തിപ്പടി ബി. എ. എം. കോളജ് | പഞ്ചായത്ത് | 0.54 | 8 | ഉണ്ട് |
| 11 | വാലത്തുങ്കൽപ്പടി സബ്സെന്റർ | പഞ്ചായത്ത് | 1 | 8 | ഉണ്ട് |
| 12 | ഈട്ടിക്കൽ പോഴിപ്പടി പാലത്തുങ്കൽ | പഞ്ചായത്ത് | 1.08 | 8 | ഉണ്ട് |
| 13 | കൊല്ലമലപ്പടി ചെറുമത കറുത്ത വടശ്ശേരിക്കടവ് | പഞ്ചായത്ത് | 2.5 | 8 | ഉണ്ട് |
| 14 | കടമാൻകുളം ചെങ്ങന്നൂർ | P. W. D | 3.1 | 8 | ഉണ്ട് |
| 15 | ഐക്കരപ്പടി ശാസ്ത്താനട | പഞ്ചായത്ത് | 2 | 8 | ഉണ്ട് |
| 16 | യക്ഷിമരുത്തുപടി നെടുംപാറ കരിമ്പിൽപ്പടി | പഞ്ചായത്ത് | 1 | 3 | ഉണ്ട് |

| മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ | | | | |
|---|---|---|---|---|
| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (കി. മി) | വീതി (കി. മി) |
| 1 | 1 | കല്ലൂപ്പാറ പള്ളിക്ക ജംഗ്ഷൻ നരിക്കുട്ടൻ പാറ റോഡ് | 0.600 km | 7 m |
| 2 | 2 | നല്ലങ്ങാട്ടുപടി കടമാൻകുളംപള്ളി വെണ്ണീർവവിള പുഞ്ച | 1.400 km | 5 m |
| 3 | 3 | കല്ലുക്കുഴിപ്പടി വാളുവേലിപ്പടി | 0.400 km | 4 m |
| 4 | 4 | പുതുശ്ശേരി എച്ച്. എസ് പനക്കീഴ് | 1 km | 6 m |
| 5 | 5 | നെടുംമ്പള്ളിൽപടി പട്ടേരിൽപ്പടി | 0.420 km | 3 m |
| 6 | 6 | കുറ്റിപ്പൂവം ഇല്ലത്തുപടി | 0.800 km | 6 m |
| 7 | 7 | പുതുപുലത്തുപടി എം. ഡി. എൽ. പി. എസ് റോഡ് | 0.800 km | 5 m |
| 8 | 8 | പുളിയാടപറമ്പിൽ മാമ്മൂട്ടത്തിൽപടി | 0.500 km | 2 m |
| 9 | 9 | തോട്ടത്തിപ്പടി പടുതോട്ട് | 1 km | 5 m |

റോഡുകൾക്ക് ഓടകൾ നിർമ്മിക്കുകയും അവ കൃത്യമായി പരിപാലിക്കുകയും ചെയ്താൽ റോഡുകളുടെ പ്രശ്നങ്ങൾ 70 ശതമാനത്തോളം പരിഹരിക്കപ്പെടും.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

## മറ്റ് പ്രധാന മൺ റോഡുകൾ

ഇവയെ പോലെതന്നെ അടിയന്തിര പ്രാധാന്യത്തോടെ തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുമുണ്ട്. ഓരോ വാർഡിൽ നിന്നും ഒരു റോഡെങ്കിലും തെരഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## നിർദ്ദേശങ്ങൾ

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമ സഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന സാദ്ധ്യതകൾ ഉരുത്തിരിയുന്നു.

- ഗതാഗതത്തിരക്കുള്ള റോഡുകളിൽ വളവുകൾ ഒട്ടേറെ അപകടങ്ങൾക്ക് കാരണമാവുന്നുണ്ട്. റോഡ് പാർശ്വങ്ങളിലെ വീതി കുറവും അപകടങ്ങൾ വിളിച്ചു വരുത്തുന്ന ഈ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കേണ്ടതുണ്ട്.
- ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക, റോഡുകളിൽ ഉടനീളം നാലടി വീതിയെങ്കിലുമുള്ള നടപ്പാതകൾ നിർമ്മിക്കുക. കൈയ്യേറപ്പെട്ട റോഡ് പുറംമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കുക. റോഡ് സൈഡിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക, ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റ

റുകൾ, ടെലിഫോൺ പോസ്റ്ററുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവ ചുരുങ്ങിയത് ആറടിയെ ങ്കിലും അകറ്റി സ്ഥാപിക്കുക തുടങ്ങിയ കാര്യ ങ്ങളിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

- ബസ് സർവ്വീസ് ഉണ്ടായിരുന്നിട്ടും പിന്നീട് നില ച്ചു പോയ പ്രദേശങ്ങളായ കടമാൻകുളം, ശാസ്താംനട, ചെങ്ങരൂർ എന്നിവിടങ്ങളെ ഉൾപ്പെടുത്തി ഒരു കെ. എസ്. ആർ. റ്റി. സി. ബസ് റൂട്ട് അനുവദിപ്പിക്കേണ്ടതാണ്.
- പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

## റോഡ് വികസനം

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചിലവഴിക്കപ്പെടുക യും വിവാദങ്ങൾക്ക് വിഷയമായി തീരുകയും ചെയ്യാറു ണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവ രങ്ങൾ നമുക്കില്ല. റോഡുകളെ സംബന്ധിച്ചുള്ള ധാര ണകൾ പലപ്പോഴും വസ്തു നിഷ്ഠവുമല്ല.

വിവിധ തരം റോഡുകൾ

ചുരുങ്ങിയത് പത്തടിയെങ്കിലും വീതിയുള്ള വഴിക ളെ റോഡുകൾ എന്നു വിളിക്കാം. ഇവ മൂന്ന് തരത്തിലു ണ്ട്. ടാർ റോഡ്, മെറ്റൽ റോഡ്, മൺ റോഡ് എന്നിവ. ഇവയുടെ ശൃംഖലയെ റോഡ് ശൃംഖല എന്നു വിളി ക്കാം. മിക്ക പദ്ധതികളും റോഡുകൾക്ക് പണമനുവദി ക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടുത്തിട്ടാ ണെന്നതിനാൽ റോഡുകളുടെ വീതിയുടെ അടിസ്ഥാ നത്തിൽ തരം തിരിച്ചു കാണുന്നത് നന്നായിരിക്കും. ഈ റിപ്പോർട്ടിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടിക കളിൽ വീതി കൂടി കാണിച്ചിരിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

റോഡ് പട്ടികകൾ

പഞ്ചായത്തിൽ നിലവിലുള്ള PWD, പഞ്ചായത്ത് ടാർ റോഡുകൾ, മൺ റോഡുകൾ എന്നിവയുടെ ഒരു ആധികാരിക പട്ടിക സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണന അനുസരിച്ചാണ് തയ്യാറാക്കേണ്ട

ത്. തയ്യാറാക്കപ്പെടുന്ന പട്ടിക വർഷംതോറും പുതു ക്കേണ്ടതാണ്.

പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും

മണ്ണൊലിപ്പിനും, നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും, കലുങ്കുകളും, പാർശ്വ സംരക്ഷണഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദാ പ്രവർത്തന സജ്ജമായി നിവർത്തിക്കുന്ന തിന് അയൽ കൂട്ടങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാ ണ്. ഓടകളോ, പാർശ്വഭിത്തികളോ ആവശ്യമായ സ്ഥലങ്ങളിൽ ചുരുങ്ങിയത് പന്ത്രണ്ടടി വീതിയെങ്കി ലും മൺറോഡുകൾക്ക്/മെറ്റൽ റോഡുകൾക്ക് വേണ മെന്ന് നിഷ്കർഷിക്കാവുന്നതാണ്.

ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ കൈമുതലായു ള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്ത മാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും, പൊതുസംഭാവനയും ചേർന്നതാവണം.

ഊർജ്ജം

ഗ്രാമ സഭകളിൽ ഗതാഗതവും ഊർജ്ജവും എന്ന വിഷയത്തെപ്പറ്റി വിശദമായ ചർച്ചകൾ നടന്നു. വൈദ്യുത പ്രതിസന്ധിയെപ്പറ്റി എല്ലാ ഭാഗത്തു നിന്നും പ്രതികരണങ്ങൾ ഉണ്ടായി.

പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളും മല്ല പ്പള്ളി ഇ. എം. എസിന്റെ കീഴിലും 8, 9 വാർഡുകളുടെ ചില ഭാഗങ്ങൾ വെണ്ണിക്കുളം ഇ. എം. എസിന്റെ കീഴിലുമാണ്. മല്ലപ്പള്ളിയുടെ കീഴിൽ പഞ്ചായത്തിലെ പുതുശ്ശേരിയിൽ സബ് എൻജിനീയർ ആഫീസ് പ്ര വർത്തിക്കുന്നു.

പഞ്ചായത്തിൽ ഏകദേശം 2000 ഗാർഹിക ഉപഭോ ക്താക്കളും 300 ലേറെ വ്യാപാര ഉപഭോക്താക്കളും (Commercial consumers) വ്യവസായിക, കാർഷിക മേഖലകളിൽ 25 വീതവും ഉപഭോക്താക്കളുണ്ട്. മല്ലപ്പ ള്ളി സെക്ഷന്റെ കീഴിലുള്ള 13 ഉം വെണ്ണിക്കുളം സെക്ഷന്റെ കീഴിൽ 2 ഉം ട്രാൻസ്ഫോമറുകളിൽ നിന്നായി പഞ്ചായത്തിന്റെ വൈദ്യുത വിതരണം നട ക്കുന്നു. ഇതിൽ വെണ്ണിക്കുളം സെക്ഷന്റെ കീഴിലുള്ള ഒരു ട്രാൻസ്ഫോമർ പുറമറ്റം പഞ്ചായത്തിലെ പടു തോട്ടാണ് സ്ഥാപിച്ചിരിക്കുന്നത്.

| പട്ടികജാതി കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| വാർഡ് | കോളനികളുടെ പേര് | കണക്ഷൻ ലഭിച്ച വീടുകൾ | സൗജന്യ സ്ലാബിൽ വൈദ്യുതി നല്കുന്നത് |
| 7 | വെള്ളാംപൊയ്ക | 12 | 3 |
| 8 | കുംഭമല | 10 | 2 |
| 6 | കണ്ടത്തിപ്പുര | 6 | - |
| 1 | നെടുമ്പാറ | 5 | - |
| 3 | മുടിമല | 12 | 3 |
| 4 | ചൂരക്കുഴി | 3 | - |
| 5 | നെല്ലിമൂട് | 10 | 2 |

പഞ്ചായത്തിലൂടെ 150 കി. മീ. വൈദ്യുത ലൈൻ കടന്നു പോകുന്നു. ആകെ 750 ഓളം സ്ട്രീറ്റ് ലൈറ്റുകളുണ്ട്. ഇവയിൽ 25 എണ്ണം ഫ്ലൂറസെന്റ് ട്യൂബുകളാണ്. പഞ്ചായത്ത് പ്രതിവർഷം 151344 (Rs. 8143/month) രൂപ ഇവയുടെ ചാർജ്ജായി ചെലവഴിക്കുന്നു. പഞ്ചായത്ത് വരുമാനത്തിന്റെ 21% വരുന്ന തുകയാണിത്.

പാചകാവശ്യത്തിനായി 99% വിറകിനെ ആശ്രയിക്കുന്നു. ചുരുക്കം ചിലർ L P G ഗ്യാസും ഗോബർ ഗ്യാസും ഉപയോഗിക്കുന്നു. പഞ്ചായത്തിൽ ഊർജ്ജ രംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നു.

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്നു. വ്യവസായിക രംഗത്തുള്ളവർ വളരെ ബുദ്ധിമുട്ടുന്നു.

നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കണം.

പുതുതായി 5 ട്രാൻസ്ഫോമറുകൾ കൂടി സ്ഥാപിക്കണം.

നിലവിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത റോഡുകളിൽ അവ സ്ഥാപിക്കണം.

റോഡുകൾ വെട്ടുന്നതിനു മുമ്പ് സ്വകാര്യ വ്യാപാരികളുടെ പറമ്പുകളിൽ കൂടി വലിച്ച ലൈനുകൾ റോഡുകളിലേക്ക് ഷിഫ്റ്റ് ചെയ്യണം.

സ്ട്രീറ്റ് ലൈറ്റുകളുടെ റിപ്പയറിംഗ്, ബൾബ് മാറിയിടുക ഇവ യഥാ സമയം നടക്കുന്നില്ല.

ലൈനുകളിൽ മുട്ടി നില്ക്കുന്ന കമ്പുകളും മറ്റും യഥാസമയം നീക്കം ചെയ്യണം.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം.

കൂടുതൽ കാര്യക്ഷമതയുള്ള അടുപ്പുകൾ പുകയില്ലാത്ത അടുപ്പുകൾ, ഗോബർ ഗ്യാസ്, സൗരോർജ്ജം മുതലായവയെപ്പറ്റിയുള്ള പ്രചാരണം ശക്തമാക്കണം.

പഞ്ചായത്തിലെ 3 ലക്ഷം വീടു കോളനികളും വൈദ്യുതീകരിക്കണം '

## മാർക്കറ്റ്

കല്ലൂപ്പാറ പഞ്ചായത്തിലെ അതിപുരാതനമായ മാർക്കറ്റാണ് കല്ലൂപ്പാറചന്ത. മദ്ധ്യതിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കിഴക്കൻ ദിക്കുകളിൽ

നിന്നും ജല മാർഗ്ഗവും മറ്റും അനേകർ ഈ വിപണന കേന്ദ്രത്തിൽ എത്തിച്ചേർന്നിരുന്നു. എന്നാൽ റോഡ് ഗതാഗതവും മറ്റും വർദ്ധിച്ചതിനാലും മറ്റു പല സ്ഥല ങ്ങളിലും മാർക്കറ്റുകൾ ആരംഭിച്ചതിനാലും ഈ മാർക്കറ്റ് ഇന്ന് നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ കർഷകരും മറ്റും തങ്ങളുടെ ഉല്പ ന്നങ്ങൾ വിറ്റഴിക്കുന്നതിന് മല്ലപ്പള്ളി, ചങ്ങനാശേരി മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായ ത്തിൽ തന്നെ വിപണന സൗകര്യങ്ങൾ ക്രമീകരിയ്ക്ക ണമെന്ന ഗ്രാമ സഭകളിൽ നിന്നും ആവശ്യം ഉയർന്നു വന്നു.

കല്ലൂപ്പാറ ചന്ത പുനരുദ്ധരിക്കുകയും ചന്തയിലെ റോഡുകൾക്ക് ഓട നിർമ്മിക്കുകയും ഷോപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യണം.

മറ്റു വാർഡുകളിലും താഴെപ്പറയുന്ന സ്ഥലങ്ങളിൽ അന്തി ചന്തകളും മറ്റും ആരംഭിക്കണം. പാലത്തുങ്കൽ സമീപം ഒരു മാർക്കറ്റ് ആരംഭിച്ചാൽ പഞ്ചായത്തിലെ 6, 7, 8, 9 വാർഡുകൾക്ക് പ്രയോജനപ്പെടും. ഇതിനായി കമ്യൂണിറ്റി ഹാളിനു സമീപമുള്ള സ്ഥലവിനിയോഗി ക്കാമെന്ന് ഗ്രാമ സഭകളിൽ നിർദ്ദേശമുണ്ടായി.

ചെങ്ങരൂർ

പുതുശ്ശേരി

കോമളം

കുറഞ്ഞൂർ കടവ്

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   - (a) ഗാർഹികം 2697
   - (b) വ്യാപാരം 302
   - (c) വ്യാവസായികം 18
   - (d) കാർഷികം 20
2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം
   - (a) Ordinary 52
   - (b) OTP 5
   - (C) OYEC 7
3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   - (a) ബൾബ് 25w 434, 40w 151, 60w 68
   - (b) ട്യൂബ് 18 (2x50w)
   - (c) മെർക്കുറി വേപ്പർ -
   - (d) സോഡിയം വേപ്പർ -
4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ
   1. വെള്ളാംപൊയ്ക
   2. കുമ്പമല
   3. കണ്ടത്തിപുരയ്ക്കൽ
   4. നെടുംപാറ
   5. മുടിമല
   6. കുര്യച്ചിറ
   7. നെല്ലിമൂട്

5. തൻ വർഷത്തെ കണക്ഷൻ

ഓർഡിനറി 8

OTP 2

OYEC 27

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. കല്ലൂപ്പാറ
2. ചെറിയപാടം
3. കടവാൻകുളം
4. പരുത്തിനാംകുഴി
5. ശാസ്ത്രാങ്കൽ
6. പുതുശ്ശേരി
7. തുരുത്തിക്കാട്
8. പാലത്തുങ്കൽ
9. കുമ്പമല
10. പരിയാരം
11. ലിഫ്റ്റ് ഇറിഗേഷൻ
12. മട്ടുക്കോലി
13. അരീയ്ക്കൽ

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 8143/-



ചെറിയ ദുഃഖങ്ങൾ സംസാരിക്കുന്നു
വലിയവ മൂകമാകുന്നു.

OFFICE OF THE KALLOOPPARA GRAMA PANCHAYAT

## 5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമാന്യം തൃപ്തികരമായ അവസ്ഥയാണ് പാർപ്പിട സൗകര്യത്തിന്റെ കാര്യത്തിൽ കല്ലൂപ്പാറ പഞ്ചായത്തിനുള്ളത്. ഏകദേശം അയ്യായിരത്തോളം വീടുകൾ ഇവിടെയുണ്ട്. ഇതിൽ 75% ഉയർന്ന നിലവാരത്തിലുള്ളവയാണ്. അഞ്ഞൂറു വീടുകൾ ഓല മേഞ്ഞവയും മുന്നൂറോളം കുടിലുകളുമാണ്.

ഗൾഫ് സ്വാധീനം മൂലം സാമ്പത്തികരംഗത്തുണ്ടായ പുരോഗതിയും ഇടത്തരക്കാരുടെ വരുമാന വർദ്ധനവും ഇടക്കാലത്ത് ഭവന നിർമ്മാണരംഗത്ത് വൻ നിക്ഷേപങ്ങൾക്ക് കാരണമായി. ഇരുനിലയിലും വിസ്തൃതമായുമുള്ള കോൺക്രീറ്റ് സൗധങ്ങൾ അവിടവിടെ ഉയർന്നിട്ടുണ്ട്. ഇത് നിർമ്മാണ തൊഴിൽ മേഖലയിൽ ഉണർവുണ്ടാക്കിയെങ്കിലും ഈ രംഗത്ത് പ്രാദേശികമായ മുന്നേറ്റം ഉണ്ടായി എന്നു പറയുക വയ്യ. തടി, മണൽ തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വൈരള്യവും ക്രമാതീതമായ വിലക്കയറ്റവും സാധാരണക്കാരന്റെ പാർപ്പിട സ്വപ്നത്തിന് വിലങ്ങുതടിയായി മാറിയിട്ടുമുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെയിടയിൽ ഭവനരഹിതർ ധാരാളമുണ്ട്. ഭൂരഹിതർക്കുവേണ്ടി സംസ്ഥാനത്താരംഭിച്ച ലക്ഷംവീട് പദ്ധതിയിൽപ്പെട്ട മൂന്നു കോളനികൾ പഞ്ചായത്തിലുണ്ട്. ഇരുപത്തി രണ്ടു വർഷങ്ങൾക്കു മുമ്പ് പണി തീർത്ത ഈ വീടുകളുടെ ഇന്നത്തെ സ്ഥിതി പരിതാപകരമാണ്. ഒരു വീട്ടിൽ രണ്ടു കുടുംബങ്ങൾ പങ്കിടുമ്പോഴത്തെ അസ്വസ്ഥതകൾ, കക്കൂസ്, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങളുടെ അഭാവം, മേൽക്കൂരകൾക്കുപോലും കേടുപാടുകൾ സംഭവിച്ച് ഏതു നിമിഷവും നിലംപതിക്കാവുന്ന അവസ്ഥ. ഇങ്ങനെ അടിയന്തിര ശ്രദ്ധ അർഹിക്കുന്നവയാണ് ലക്ഷംവീടുകൾ.

സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിലെ കുംഭമല, അമ്പാട്ടുഭാഗം, കുഴിപ്പാലം, മടുക്കോലി, കണ്ടത്തിപ്പുര, പഴുക്കാലാക്കുന്ന്, മുടിമല, നെടുംപാറ, വെള്ളാംപൊയ്ക, നെല്ലിമൂട് ചരിവ്, വട്ടമല എന്നീ പ്രദേശങ്ങളിൽ ഭവനരഹിതരും ഭൂരഹിതരും പാർക്കുന്നു.

IRDP സർവ്വേയുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ ആകെ 77 വീടുകൾ അനുവദിച്ചു. അവയിൽ 62 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വീടുകൾ ആവശ്യമുള്ളവരുടെ എണ്ണം റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ചെറുകിട ഭവന നിർമ്മാണവായ്പാ പദ്ധതികൾ സഹകരണ

| സമാശ്വാസ പെൻഷനുകൾ ലഭിക്കുന്നവവരുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് | അഗതി | വിധവാ | വികലാംഗ | വാർദ്ധക്യ | കർഷക തൊഴിലാളി | തൊഴിലി ല്ലായ്മ |
| കല്ലൂപ്പാറ | - | 60 | 43 | 25 | 131 | 107 |

സംഘങ്ങൾ മുഖേന ആവിഷ്കരിച്ചും ഗവൺമെന്റിന്റെ ഭവന സഹായ പദ്ധതികൾ രൂപീകരിച്ചും പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്.

കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിൽ ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിൽപ്പെട്ടവരാണ്. IRDP സർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 1074 കുടുംബങ്ങളുണ്ട്. അവയിൽ 141 എണ്ണം SC/ST വിഭാഗത്തിൽപെട്ടവയാണ്. IRDP ലിസ്റ്റിൽ ഉൾപ്പെടാനുള്ള കുടുംബങ്ങൾ ഇനിയുമുണ്ടെന്ന് കണ്ടെത്തി ലിസ്റ്റ് പരിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ 71 പേർ ബ്ലോക്ക് തലത്തിലുള്ള ട്രൈസം പരിശീലനം ലഭിച്ചവരായിട്ടുണ്ട്. പരിശീലനം ലഭിച്ചവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം വളരെ ചുരുക്കമാണ്. 75% പേർ ഇതരമേഖലകളിൽ തൊഴിൽ ചെയ്യുന്നു.

DWCRA പദ്ധതിപ്രകാരം ഏഴ്, എട്ട് വാർഡുകളിൽ രണ്ടു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇവ കാര്യക്ഷമാക്കുകയും മറ്റു വാർഡുകളിലൂടെ ഇത്തരം യൂണിറ്റുകൾ ആരംഭിക്കയും വേണം. IRDP സർവ്വേ പ്രകാരം കണ്ടെത്തിയ ഗ്രാമീണ കൈത്തൊഴിലുകാരിൽ 20 പേർക്ക് ആധുനിക ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരുടെ 19% വരുമിത്. ഇനി 90 പേർക്കു കൂടി ഉപകരണങ്ങൾ ലഭിക്കേണ്ടതുണ്ട്.

കാലാകാലങ്ങളിൽ ഉപാധിരഹിത വിഹിതത്തിൽ നിന്നും പഞ്ചായത്ത് കക്കൂസുകൾ നിർമ്മിച്ചു നൽകുന്നുണ്ടെങ്കിലും സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത 2400 കുടുംബങ്ങൾ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. സാമ്പത്തിക പരാധീനതമൂലമാണ് കക്കൂസുകൾ നിർമ്മിക്കാത്തത്.

കർഷകത്തൊഴിലാളി, വിധവാ, വാർദ്ധക്യകാല, തൊഴിലില്ലായ്മ, പദ്ധതികൾ പ്രകാരം സഹായം ലഭിക്കുന്നവർ പഞ്ചായത്തിലുണ്ട്. തുടർച്ചയായി മുടങ്ങുന്നതും അർഹതയുള്ളവർ ഇനിയും പദ്ധതികളിൽ ഉൾപ്പെടാനുള്ളതും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

സാധാരണ ജനങ്ങളുടെയും പ്രത്യേകിച്ച് അസമാരുടെയും കുട്ടികളുടെയും ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധവയ്ക്കാൻ കഴിയുന്ന അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട്.

പഞ്ചായത്തിൽ പത്ത് പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കേണ്ടതുണ്ട്.

## ഗ്രാമസഭകളിൽ കൂടി ഉയർന്നു വന്ന ആവശ്യങ്ങളും പരാതികളും

- ദരിദ്ര ജനവിഭാഗങ്ങളിൽ ഭൂരഹിതരായവർക്ക് ഭൂമി നൽകി വീടു വെയ്ക്കുവാൻ ആവിശ്യമായ നടപടി സ്വീകരിക്കുക.
- ലക്ഷംവീടുകളിൽ വെള്ളം, വെളിച്ചം, കക്കൂസ്, വഴി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- എല്ലാ വാർഡുകളിലും ഓരോ അംഗൻവാടികൾ ആരംഭിക്കുക.
- IRDP ലിസ്റ്റിൽ അർഹതയുള്ളവരെ കൂടി ഉൾപ്പെടുത്തുക.
- ട്രൈസം പരിപാടിയിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുക.

- അവശ വിഭാഗങ്ങളിൽ അർഹതയുള്ളവർക്ക് ധനസഹായം ലഭ്യമാക്കുക.
- സഹകരണ സംഘങ്ങൾ വഴി നൽകി വരുന്ന ഭവന നിർമ്മാണ വായ്പാ സൗകര്യങ്ങളുടെ നടപടികൾ ലഘൂകരിക്കുക.



എന്റെ വിശപ്പ് എന്നെ സംബന്ധിച്ചിടത്തോളം ഒരു ഭൗതീക പ്രശ്നമാണ്. അപരന്റെ വിശപ്പ് എന്നെ സംബന്ധിച്ചിടത്തോളം ഒരു ആത്മീയ പ്രശ്നമാണ്.

OFFICE OF THE KALLOOPPARA GRAMA PANCHAYAT

5-8

# സംസ്ക്കാരം

പുരാതന രാജവംശത്തിന്റെ അധീനത ഭാരതേതിഹാസവുമായി ബന്ധപ്പെട്ട ഐതിഹ്യം ഇങ്ങനെ ഈടും ശ്രേഷ്ഠവുമായ സംസ്ക്കാരം കൊണ്ടു സമ്പന്നമാണ് കല്ലൂപ്പാറയുടെ പൂർവ്വ ചരിത്രം. തെക്കൻകൂർ രാജവംശത്തിന്റെ ആധിപത്യത്തിലിരുന്ന നാടാണു കല്ലൂപ്പാറ.

ഇടപ്പള്ളി തമ്പുരാക്കന്മാരുടെ കോട്ടയുടെയും പുരാതന ആയോധന വിദ്യ അഭ്യസിച്ചിരുന്ന കളരിയുടെയും അവശിഷ്ടങ്ങൾ ഇപ്പോഴും ഇവിടെ കാണാനുണ്ട്. (തെക്കൻകൂർ രാജാക്കന്മാരുടെ മന്ത്രിമാരായിരുന്ന ഇണ്ടൻതുരുത്തിൽ കുടുംബം വക)

പഞ്ച പാണ്ഡവർ നട്ടുവളർത്തിയതെന്നു വിശ്വസിക്കപ്പെടുന്ന അഞ്ചിലവുകളുടെ പേരിൽ അറിയപ്പെട്ട അഞ്ചിലവുങ്കൽ ഇന്നത്തെ പുതുശേരിയായി പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തു നിലകൊള്ളുന്നു.

അതിപുരാതനമായ കല്ലൂപ്പാറ ദേവി ക്ഷേത്രം. ക്ഷേത്രക്കടവിൽ നീരാട്ടിനെത്തിയ അമ്പലാധിപനായ രാജാവ് ദൂരെ നിരണത്തുള്ള ക്രിസ്ത്യൻ ദേവാലയത്തിലേക്ക് കിഴക്കു നിന്ന് ശവസംസ്ക്കാരത്തിനു കൊണ്ടു പോകുന്ന ശവം ക്ഷേത്ര നടയിൽ നിന്നു കൊണ്ടു കാട്ടിക്കൊടുത്ത സ്ഥലത്ത് സംസ്ക്കരിക്കുവാൻ നിർദ്ദേശിക്കുന്നു. ഇങ്ങനെ കല്ലൂപ്പാറ വലിയ പള്ളിയുടെ പിറവി മതസൗഹാർദ്ദത്തിനു മകുടോദാഹരണമാകുന്നു.

ക്ഷേത്ര പ്രവേശന വിളംബരത്തിനു മുമ്പും അവർണ്ണർക്ക് പ്രവേശനം നിഷേധിക്കാത്ത മധ്യതിരുവിതാംകൂറിലെ ഏക ക്ഷേത്രം എന്ന നിലയിൽ പ്രാധാന്യമുണ്ട് കല്ലൂപ്പാറ ദേവീക്ഷേത്രത്തിന്.

സർവ്വജാതിയിൽപെട്ടവർക്കും എണ്ണതൊടീക്കാൻ അവകാശം, മറ്റു ക്ഷേത്രങ്ങളേക്കാളുപരി വിളക്കെടുക്കുന്നതിന് സ്ത്രീകൾക്കു പ്രത്യേക നേർച്ച. പള്ളി തിരുന്നാളും ക്ഷേത്ര ഉത്സവങ്ങളും തമ്മിലുള്ള സമന്വയം. ഇവ കല്ലൂപ്പാറയുടെ മാത്രം പ്രത്യേകതകളാണ്.

പ്രത്യേക പടയണി, ഓട്ടൻ തുള്ളൽ ഇവയിൽ പ്രാദേശിക പരിശീലനവും അവതരണവും കൂടാതെ കാക്കാരശി നാടകം തുടങ്ങിയ കേരളീയ കലകൾക്കും ഇവിടുത്തെ ക്ഷേത്രങ്ങളിൽ സ്ഥാനമുണ്ടായിരുന്നു.

തെള്ളിയൂർകാവ് വാണിഭത്തെക്കാൾ പുരാതനമായ കല്ലൂപ്പാറ മണപ്പുറത്തെ ഭരണിവാണിഭം, കാർഷിക വിഭവങ്ങൾ, പണിയായുധങ്ങൾ ഇവയുടെ വിപണനത്തിന് ദൂരെ ദിക്കുകളിൽ നിന്ന് വ്യാപാരികളെയും കൃഷിക്കാരെയും ആകർഷിച്ചിരുന്നു.

വ്യത്യസ്ഥ ആചാരങ്ങളും കലകളും പരിപോഷിക്കപ്പെടുന്ന മറ്റു ക്ഷേത്രങ്ങളും വ്യതിരേക വിശ്വാസ

ആരാധനാ സമ്പ്രദായങ്ങൾ വച്ചു പുലർത്തുന്ന ക്രൈസ്തവ ദേവാലയങ്ങളും ആരാധനാലയങ്ങളും കൊണ്ടു സാന്ദ്രമാണ് കല്ലൂപ്പാറയുടെ സംസ്കൃതി.

പ്രാദേശികമായി പ്രാധാന്യം ഉൾക്കൊള്ളുന്ന സംസ്ക്കാരത്തിനു വിളനിലമാണ്. പ്രകൃതി ശക്തിയെ സംജ്ഞയാക്കിയ കല്ലൂപ്പാറ ഇൻഡ്യയെ പുളകമണിയിച്ച സ്വാതന്ത്ര്യ സമരത്തിനും കേരള ചരിത്രത്തെത്തന്നെ മാറ്റി മറിച്ച കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങൾക്കും എണ്ണപ്പെട്ട പങ്കാളിത്തം നൽകിയ ദേശാഭിമാനികളുടെ നാടാണിത്. കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനമേഖലയാണിവിടം.

പഞ്ചായത്തു വക തുരുത്തിക്കാട് കമ്യൂണിറ്റി ഹാളും സാംസ്ക്കാരിക നിലയവും തുരുത്തിക്കാട്, മഠത്തുംഭാഗം, ചെങ്ങരൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളാണ്.

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

- നിലവിലുള്ള ഗ്രന്ഥശാലകൾ പഞ്ചായത്തു ഗ്രാന്റു നൽകി പ്രവർത്തനം കാര്യക്ഷമമാക്കുകയും ടി. വി. സെറ്റുകൾ ഇല്ലാത്തിടത്ത് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കയും ചെയ്യുക.
- എല്ലാ പ്രദേശങ്ങൾക്കും വായനശാലയുടെ പ്രയോജനം ലഭ്യമാകും വിധം വായന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- വായനശാലകളുമായി സഹകരിച്ച് എല്ലാ വാർഡു പ്രദേശങ്ങളിലും നാടക സംഘങ്ങൾ, കലാ പരിശീലനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ നേതൃത്വ പരിശീലനം ഇവ സംഘടിപ്പിക്കണം.
- പ്രവർത്തന നിരതമല്ലാത്ത, കാഞ്ഞിരത്തുനൂൽ, അരീക്കൽ പ്രദേശത്തെ ക്ലബ് കെട്ടിടങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമായ പരിപാടികൾക്കായി വിനിയോഗിക്കുക.
- ഗ്രന്ഥശാല, വായനശാല ഇവയുടെ പ്രയോജനം വനിതകൾക്കു ലഭിക്കത്തക്കവിധം ആസൂത്രണം ചെയ്യുക.
- തപാലാഫീസ് ഇല്ലാത്ത ഇടങ്ങളിൽ (6-ാം വാർഡിൽ മടുക്കോലി, 8-ാം വാർഡിൽ കോമളം, ശാസ്താങ്കൽ) ആരംഭിക്കുക.
- ദേശീയ ഉത്സവങ്ങൾ, ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ഇവയോടനുബന്ധിച്ച്, വാർഡുകൾ തോറും ഗ്രാമോത്സവങ്ങളും പഞ്ചായത്തു തല കലാകായികോത്സവങ്ങളും സംഘടിപ്പിച്ച്, പടയണി, കോലംതുള്ളൽ, കോലടി, മാർഗ്ഗംകളി തുടങ്ങിയ നാടൻ കലകളെ പരിപോഷിപ്പിക്കുക.
- ഗ്രാമോത്സവത്തിന്റെ ഭാഗമായി കലാ സാംസ്ക്കാരിക ജാഥകൾ സംഘടിപ്പിക്കുക.
- എയ്ഡ്സ്, പകർച്ചവ്യാധികൾ, ഇവ തടയുന്നതിനുവേണ്ട ബോധവൽക്കരണ പരിപാടികൾ ജനകീയമായി ആവിഷ്ക്കരിക്കുക.
- പഞ്ചായത്തു തലത്തിൽ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി, അവരുടെ സംഘടനത്തിലൂടെ പരിശീലനങ്ങളും പരിപാടികളും ആവിഷ്കരിക്കുക.
- കായിക പരിപാടികൾക്കായി പഞ്ചായത്ത് സ്റ്റേഡിയം സ്ഥാപിക്കുക.
- സാംസ്ക്കാരിക നിലയവുമായി ചേർന്ന് ലൈബ്രറിയും വായനശാലയും ആരംഭിക്കുക.
- ഗവൺമെന്റ് പബ്ലിക് റിലേഷൻ വകുപ്പുമായി സംയോജിച്ച് ഫിലിംഷോ, ലഘുലേഖ വിതരണം എന്നിവ ഫലപ്രദമായി വിനിയോഗിക്കുക.

**ഭൂരിപക്ഷത്തോട് ചേർന്ന്**
**തിന്മ ചെയ്യാതിരിക്കുക**

5-9

# സ്ത്രീ മഹത്വം

കല്ലൂപ്പാറ പഞ്ചായത്തിലെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്. പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലായി കാണുന്നു. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1100 സ്ത്രീകളുണ്ട്.

വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പട്ടികയിൽ നിന്ന് വ്യക്തമാകുന്നതാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 80% വരുമ്പോൾ സ്ത്രീകളുടേത് 30% മാത്ര മാകുന്നു. സ്ത്രീ തൊഴിലാളികൾ കൂടുതലും കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിൽ സ്ത്രീകളുടെ കൂലി പുരുഷന്മാരുടേതിനേക്കാൾ കുറവാണ്.

## തൊഴിൽ പങ്കാളിത്തം

കർഷക തൊഴിലാളികൾ, അദ്ധ്യാപകർ, തയ്യൽ എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്. വനിതകളുടേത് മാത്രമായ രണ്ട് തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതു രണ്ടും DWCRA യൂണിറ്റുകളാണ്. തൊഴിൽ രഹിതരായ യുവജനങ്ങൾ കൂടുതൽ വനിതകളാണ്. പൊതു പരിപാടികളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. അഭ്യസ്ത വിദ്യരായ വനിതകൾ പോലും പൊതു പ്രവർത്തനങ്ങളിൽ വിമുഖരാണ്. എന്നാൽ അടുത്തകാലത്ത് നടന്ന മദ്യ വിരുദ്ധ സമരങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഒരു പരിധി വരെ വർദ്ധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

- പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
- മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
- തൊഴിൽ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചും നിയമങ്ങളെ സംബന്ധിച്ചും സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല.
- സ്ത്രീകളുടെ നേതൃത്വത്താലുള്ള DWCRA യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക.
- വനിതാ സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല.
- സ്ത്രീകൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങളെക്കുറിച്ച് അറിയാനു

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 2217 | 2006 |
| കർഷകത്തൊഴിലാളി | 4825 | 2861 |
| മൃഗസംരക്ഷണം | 513 | 238 |
| മത്സ്യബന്ധനം | - | - |
| ഖനനം | - | - |
| കുടിൽ വ്യവസായം | 89 | 64 |
| മറ്റു വ്യവസായങ്ങൾ | 31 | 7 |
| കെട്ടിട നിർമ്മാണം | 427 | 532 |
| വ്യാപാരം | 127 | 114 |
| ഗതാഗതം, വാർത്താവിനിമയം | 25 | 15 |
| മറ്റുള്ളവ | 1023 | 3513 |
| ആകെ | 8277 | 9347 |
| അവലംബം. സെൻസസ് 1991 | | |

ള്ള സംവിധാനം നിലവിലില്ല.

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ ഇല്ല.
- സ്ത്രീകൾക്ക് നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ യാതൊന്നും ഇല്ല.
- സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ യാതൊന്നുമില്ല.
- ജോലിക്കു പോകുന്ന വനിതകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ക്രഷുകൾ ഒന്നു തന്നെ നിലവിലില്ല.
- പൊതു ജനങ്ങളിൽ നിന്നുണ്ടാകുന്ന പ്രതികരണത്തെ ഭയന്ന് സ്ത്രീകൾ പൊതു പരിപാടികളിൽ മുന്നിട്ടിറങ്ങാൻ മടി കാണിക്കുന്നു.
- അടുത്ത കാലത്തുണ്ടായ മദ്യവിരുദ്ധ സമരങ്ങളിൽ സ്ത്രീകൾ സജീവമായിട്ടുണ്ട്.

## വാർഡ് 1

അംഗൻവാടി വേണം

മഹിളാസമാജം വഴി ഹോം നേഴ്സിംഗ് പരിശീലനകേന്ദ്രം സ്ഥാപിക്കുക.

കറി പൗഡർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

## വാർഡ് 2

മഹിളാ സമാജങ്ങൾ രൂപീകരിച്ച് വ്യവസായ

യൂണിറ്റുകൾ സ്ഥാപിക്കുക.

അംഗൻവാടി സ്ഥാപിക്കുക.

സ്ത്രീകളു നഗ്നത പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളും അശ്ലീല പരസ്യങ്ങളും നിരോധിക്കണം.

ഒരു ക്രഷ് സ്ഥാപിക്കണം.

സർക്കാർ നല്കുന്ന സഹായങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുക.

## വാർഡ് 3

അംഗൻവാടി സ്ഥാപിക്കുക.

പുരുഷന്മാരുടെ ഒപ്പം കൂലി സ്ത്രീകൾക്കും നല്കുക.

സ്ത്രീകൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ മഹിളാ സമാജങ്ങളെ അറിയിക്കുക.

## വാർഡ് 4

4, 5 വാർഡുകൾ ഉൾക്കൊള്ളിച്ച് ഒരു അംഗൻവാടിയുള്ളതിന് സ്വന്തമായി ഒരു കെട്ടിടം

സ്ത്രീകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള സമ്പ്രദായം.

## വാർഡ് 5

മദ്യപാനം മൂലം സ്ത്രീകൾ പീഢനം അനുഭവിക്കുന്നുണ്ട്.

## വാർഡ് 6

വനിതാ നേതൃത്വത്തിലുള്ള ഒരു സംഘടന രൂപീകരിച്ചിട്ടില്ല.

ബഹുജന സംഘടനകളിൽ വനിതാ പങ്കാളിത്തം കൂടുതൽ വേണം.

സ്ത്രീകൾക്ക് സംഘടിക്കുന്നതിന് ഒരു വേദി ഇല്ല.

## വാർഡ് 7

വനിതാ വ്യവസായ യൂണിറ്റ്

അംഗൻവാടി

വനിതകൾക്ക് കൂടുതൽ പ്രതിനിധ്യം വേണം

മഹിളാ സഹകരണ സംഘങ്ങൾ

## വാർഡ് 8

സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു.

കൂലി നിരക്കിൽ സ്ത്രീപുരുഷ അന്തരം ഉണ്ട്.

കർഷക തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കൃഷി കുറഞ്ഞു വരുന്നതുകൊണ്ട് ഇല്ല.

സ്ത്രീധനത്തിന്റെ പേരിൽ പീഢനം അനുഭവിക്കുന്നവർ ഉണ്ട്.

## വാർഡ് 9

വനിതകൾക്കായുള്ള സഹകരണ തൊഴിൽ സംഘങ്ങൾ ആരംഭിക്കുക.

കുറ്റിമുല്ല യൂണിറ്റ് നഷ്ടത്തിലാണ്. DWCA യൂണിറ്റുകൾ പുതിയതായി ആരംഭിക്കണം.

മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിച്ചുകൊണ്ട് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുക.

വികലാംഗ പുനരിധിവാസ പരിശീലന കേന്ദ്രം ആരംഭി ക്കുക.

## പ്രശ്നങ്ങൾ

- തൊഴിൽ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചും നിയമങ്ങളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ല.
- സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ കൂടുതലായി വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല.
- സ്ത്രീകളുടെ നേതൃത്വത്തിലുള്ള DWCRA യൂണിറ്റുകൾ കൂടുതൽ ആവശ്യമാണ്.
- സ്ത്രീകൾക്ക് സംഘടിതമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ മഹിളാ സംഘടനകൾ കുറവാണ്.
- വനിതകൾ നേതൃത്വം വഹിക്കുന്ന സംഘടനകൾ യാതൊന്നുമില്ല.
- വനിതാ സഹകരണ സംഘങ്ങൾ യാതൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.
- സർക്കാർ സ്ത്രീകൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങളെ സംബന്ധിച്ച്

സ്ത്രീകൾക്ക് അറിയാൻ സംവിധാനങ്ങളൊന്നും നിലവിലില്ല.

■ സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല.



## ഇന്നിന്റെ ദുഃഖം

ഭാരതത്തിൽ ഓരോ ഏഴ് നിമിഷത്തിലും
ഒരു സ്ത്രീ ആക്രമണത്തിനു വിധേയമാകുന്നു.
ഓരോ 26 മിനിറ്റിലും ഒരു സ്ത്രീ അവഹേളിക്കപ്പെടുന്നു.
ഓരോ 54 മിനിറ്റിലും ഒരു സ്ത്രീ ബലാൽസംഗം ചെയ്യപ്പെടുന്നു.
സ്ത്രീധനത്തിന്റെ പേരിൽ 2 മണിക്കൂറിൽ ഒരു സ്ത്രീ വീതം കൊല്ലപ്പെടുന്നു.

5-10

# സഹകരണം

1969-ൽ സഹകരണനിയമം പ്രാബല്യത്തിൽ വരുന്നതിനു വളരെ മുമ്പു തന്നെ കല്ലൂപ്പാറ പ്രദേശങ്ങളിൽ പരസ്പര സഹായ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിരുന്നു. കേരള പിറവിക്കു ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവിർഭാവത്തിനുശേഷം പഞ്ചായത്തിൽ ക്രമീകൃതമായ സഹകരണ സ്ഥാപനങ്ങളുടെ ഉദയമായി.

കല്ലൂപ്പാറയുടെ ഗ്രാമീണ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് സഹകരണ പ്രസ്ഥാനം നൽകിയ സംഭാവന അമൂല്യമാണ്. പ്രാദേശികമായി വിഭവ സമാഹരണം നടത്തി കർഷകന് കുറഞ്ഞ പലിശയ്ക്ക് സാമ്പത്തിക സഹായവും മിതമായ വിലയ്ക്ക് വളങ്ങളുടെ വിതരണവും ന്യായ വില ലഭിക്കുന്ന വിപണിയും ലഭ്യമാക്കുന്നതിന് സഹകരണ മേഖലയ്ക്കു കഴിഞ്ഞു.

എല്ലാ വിഭാഗം ജനങ്ങളുടെയും വിശ്വാസമാർജ്ജിച്ചുകൊണ്ടു മുന്നേറുന്ന സഹകരണ പ്രസ്ഥാനങ്ങൾക്ക് മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും സാധാരണ ജനങ്ങളെ ഒരളവുവരെ വിമുക്തരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കാർഷിക സഹായം, ഉല്പാദക വിതരണ രംഗത്ത് മുന്നേറാൻ കഴിഞ്ഞെങ്കിലും ചെറുകിട വ്യവസായ ഉല്പാ ദന മേഖലകളിൽ കാര്യമായ പ്രവർത്തനം ആരംഭിക്കുവാൻ ഇവിടെ സഹകരണ മേഖലയ്ക്കു കഴിഞ്ഞിട്ടില്ല. സഹകരണത്തിന്റെ അനന്ത സാധ്യതകൾ മുതലാക്കി വ്യവസായ സംരംഭങ്ങളുടെ കാര്യക്ഷമമായ മുന്നേറ്റങ്ങളിലൂടെ സാമ്പത്തിക വ്യവസ്ഥയിൽ ചലനങ്ങളുണ്ടാക്കാൻ 9-ാം പദ്ധതി കാലത്തു നമുക്ക് കഴിയണം.

## ക്രെഡിറ്റ് മേഖല

കേരള പിറവിയോടു കൂടി തന്നെ പഞ്ചായത്തു പ്രദേശം ഉൾപ്പെടുത്തി തിരുവല്ലായുടെ കിഴക്കൻ മേഖലയുടെ ഉന്നമനത്തിനായി ഇരവിപേരൂർ കേന്ദ്രമാക്കി ഒരു സഹകരണ സംഘം പ്രവർത്തനമാരംഭിച്ചു. പിൽക്കാലത്ത് ഏഷ്യയിലെ ഏറ്റവും വലിയ അർബൻ ബാങ്കായി ഉയർന്ന തിരുവല്ല ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്ന ഈ സ്ഥാപനത്തിന് നമ്മുടെ പഞ്ചായത്തിലെ കർഷകരുടെ മുഴുവൻ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞില്ല.

ഇതേ കാലയളവിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ കല്ലൂപ്പാറ കേന്ദ്രമാക്കിയും ചെങ്ങരൂർ ആസ്ഥാനമാക്കിയും രണ്ടു സഹകരണ സംഘങ്ങൾ രൂപീകൃതമായി. കല്ലൂപ്പാറ സംഘത്തിന് ഏറെക്കാലം മുമ്പോട്ടു പോകാനായില്ല.

1980-ൽ ചെങ്ങരൂർ സംഘത്തിൽ കല്ലൂപ്പാറ സംഘം യോജിപ്പിച്ച് കല്ലൂപ്പാറ പഞ്ചായത്തു പ്രദേശം മുഴുവനും പ്രവർത്തന മേഖലയാക്കി ചെങ്ങരൂർ സർവ്വീസ് സഹകരണ സംഘം വിപുലീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കാർഷിക ഉല്പാദക വിപണന രംഗത്തും സർവ്വോപരി ബാങ്കിംഗ് സംവിധാനങ്ങളിലും വൻപിച്ച പുരോഗതിയാർജ്ജിച്ച് കുറഞ്ഞ കാലം കൊണ്ട് കേരള സഹകരണ രംഗത്തെ സുപ്രധാന ശക്തിയായി മാറാൻ ഈ ബാങ്കിനു കഴിഞ്ഞിട്ടുണ്ട്.

സർവ്വ ശ്രീ. പി. കെ. പത്മനാഭപിള്ള, ഫാ. ചെറിയാൻ വലിയകണ്ടത്തിൽ, ഏബ്രഹാം മഞ്ഞനാം കുഴിയിൽ, പി. ജി. മാധവപണിക്കർ, സി. എം. ചാണ്ടി, ഐ. എം. തോമസ്, പി. വി. ജോസഫ്, വി. കെ. മാമ്മച്ചൻ, ജോസഫ് ടി. തുരുത്തിപ്പള്ളി എന്നിവർ മുൻ പ്രസിഡന്റന്മാരാണ്.

ഒരു വ്യാഴ്ചവട്ടക്കാലമായി ബാങ്കിന്റെ ഭരണ സാരഥ്യം വഹിക്കുനന ശ്രീ. ടി. കെ. നാരായണൻ നായരുടെ നേതൃത്വത്തിൽ തുടർന്നു വരുന്ന ഭരണസമിതി എല്ലാ സഹകാരികളുടെയും പൂർണ്ണ പിന്തുണയാർജ്ജിച്ച് പത്തനംതിട്ട ജില്ലയിലെ ഏറ്റവും നല്ല സഹകരണ സംഘമായി ഈ ബാങ്കിനെ നിലനിർത്തുന്നു.

കല്ലൂപ്പാറയിലും ചെങ്ങരൂരുമായി രണ്ടു ബ്രാഞ്ചുകളും 4 വളം ഡിപ്പോകളും ഒരു കൺസ്യൂമർ സ്റ്റോറും ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്നു. 14,780, 030 രൂപാ ഓഹരി മൂലധനവും മൂന്നു കോടിയോളം നിക്ഷേപവുമായി സാമ്പത്തിക മേഖലയിൽ ഒരു പ്രതിഭാസമായി മാറി കഴിഞ്ഞു ഈ സംഘം. കല്ലൂപ്പാറ പഞ്ചായത്തിലെ ഒൻപത് വാർഡുകളിലെ ജനങ്ങളുടെയും സൗകര്യാർത്ഥം നാല് ബ്രാഞ്ചുകളെങ്കിലും ആരംഭിക്കാൻ ബാങ്കിന് പദ്ധതിയുണ്ട്. കറുത്ത വടശ്ശേരിക്കടവും ബ്രാഞ്ചിനുള്ള അനുമതി സമീപസ്ഥമാണ്.

ക്രെഡിറ്റ് മേഖലയിൽ തിരുവല്ല ഈസ്റ്റ് കോഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പ്രവർത്തന മേഖലയാണ് കല്ലൂപ്പാറ. പഞ്ചായത്തിലെ തുരുത്തിക്കാട്ട് ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നു.

തിരുവല്ല കേന്ദ്രമാക്കി പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് പ്രവർത്തിക്കുന്നെങ്കിലും ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ വ്യാപകമാക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ പുതുശേരി എം. ജി. ഡി. സ്കൂളുമായി ബന്ധപ്പെട്ടു ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ ആരംഭിച്ച് ഇന്ന് തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിൽ എയ്ഡഡ് സ്കൂൾ അധ്യാപകർക്കായി വളർന്നു പടർന്ന പുതുശേരി അധ്യാപക സഹകരണ ബാങ്ക് നമ്മുടെ നാടിന് അഭിമാനമാണ്. ഈ പഞ്ചായത്തിലെ തന്നെ ശ്രീ. പി. വി. ജോസഫ്, ശ്രീ. റ്റി. എ. മാമ്മൻ തുടങ്ങിയവർ ഇതിന്റെ സ്ഥാപക നേതാക്കളാണ്. പ്രാദേശിക നിക്ഷേപ സ്വീകരണവും അധ്യാപകരുടെയിടയിൽ വായ്പാ വിതരണവും കൂടാതെ നാട്ടുകാർക്ക് സ്വർണ്ണപ്പണയ വായ്പ നൽകുന്നതിലും ഈ ബാങ്ക് ഫലപ്രദമായി പ്രവർത്തിക്കുന്നു.

## വായ്പേതര സംഘങ്ങൾ

കല്ലൂപ്പാറ കേന്ദ്രമാക്കി ഉപഭോക്തൃ സഹകരണ സംഘം പ്രവർത്തിക്കുന്നെങ്കിലും ഉപഭോക്തൃ മേഖലയിലെ ആവശ്യം പരിഗണിക്കുമ്പോൾ ഇതിന്റെ പ്രവർത്തനം അപര്യാപ്തമാണ്.

## വിപണനം ഉല്പാദനം

### റബ്ബർ

ഇപ്പോൾ നെല്ലിമൂട് ലേക്ക് മാറ്റിയെങ്കിലും റബ്ബർ ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന ചെങ്ങരൂർ റബ്ബർ ഉല്പാദക സഹകരണ സംഘത്തിന്റെ പ്രയോജനം പഞ്ചായത്തിലെ ഏതാനും റബ്ബർ കൃഷിക്കാർക്ക് ലഭ്യമാണ്.

കൂടാതെ ചുങ്കപ്പാറ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെയും പ്രവർത്തന മേഖലയാണ് നമ്മുടെ പഞ്ചായത്ത്. എങ്കിലും വർദ്ധിച്ചു വരുന്ന റബ്ബർ കൃഷിയുടെ വ്യാപനത്തിന് ഈ സംഘങ്ങളുടെ സേവനം തുലോം പരിമിതമാണ്. റബ്ബർ കർഷക മേഖലയിൽ ഗുണകരമായ വ്യതിയാനങ്ങൾ വരുത്താൻ പാകത്തിൽ ഉല്പാദക സഹകരണ മാർഗ്ഗങ്ങൾ വ്യാപകമാകേണ്ടിയിരിക്കുന്നു.

## ക്ഷീരോൽപാദക മേഖല

പഞ്ചായത്തിൽ ചെങ്ങരൂർ, കല്ലൂപ്പാറ, തുരുത്തിക്കാട് എന്നിവിടങ്ങളിൽ കേരള മിൽക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള ക്ഷീര ഉൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. പാലിന് ഒരു സ്ഥിര

വിപണി എന്ന നിലയിലും ക്രമമായി പണം നൽകുന്നു എന്ന നിലയിലും ഇവയെ ആശ്രയിക്കാമെങ്കിലും ഉല്പാദന ചിലവുമായി തട്ടിച്ച് നോക്കിയാൽ കർഷകന് പ്രയോജനം ചെയ്യുന്നതല്ല ഈ സംഘങ്ങൾ.

ക്ഷീരസംഘങ്ങൾ വഴിയുള്ള കർഷക സഹായ സംരംഭങ്ങളും കൂടുതൽ ക്രമീകൃതവും ഫലപ്രദവുമാകേണ്ടതുണ്ട്.

ക്ഷീര കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തിയും മൃഗസംരക്ഷണ പരിപാടികൾ നടപ്പാക്കിയും ഈ മേഖലയിൽ പുതിയ മാറ്റങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

## വനിതാ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ ഏഴ്, എട്ട് വാർഡുകളിൽ രണ്ട് വനിതാ വ്യവസായ സഹകരണ സംരംഭങ്ങൾ നടക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കുവാനും പുതിയ വനിതാ സംരംഭങ്ങൾ ആരംഭിക്കാനും വേണ്ട നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങളും സാധ്യതകളും നിർദ്ദേശങ്ങളും

- ചെങ്ങരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ചും വളം ഡിപ്പോകളും ഏഴ്, എട്ട്, ഒൻപത് വാർഡുകളിൽ ആരംഭിക്കുക.
- വായ്പാ നടപടികൾ ലഘൂകരിക്കയും വായ്പയുടെ പരിധി ഉയർത്തുകയും ചെയ്യുക.
- സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ കൂടിയും മറ്റു ഡിപ്പോകളിൽ കൂടിയും കാർഷിക ഉല്പന്ന ശേഖരണവും വിപണന സൗകര്യവും മെച്ചപ്പെടുത്തുക.
- സഹകരണ ബാങ്കും പഞ്ചായത്തുമായി സഹകരിച്ച് ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.
- സഹകരണ ബാങ്ക് കൃഷി വകുപ്പുമായി യോജിച്ച് പഞ്ചായത്തിലെ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കാര്യക്ഷമമാക്കുക.

## ക്രഡിറ്റേതരം

- പഞ്ചായത്തിലെ ഉപഭോക്തൃ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. കൃത്യമായ ഭരണ സംവിധാനത്തിലൂടെ എല്ലാ വാർഡുകളിലും പ്രയോജനപ്പെടുന്ന തരത്തിൽ സംവിധാനം ചെയ്യുക.
- പരമ്പാരാഗത വ്യവസായങ്ങളും ചെറുകിട ഇലക്ട്രോണിക്സ് വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കണം.
- സഹകരണാടിസ്ഥാനത്തിൽ മുട്ടക്കോഴി, ഇറച്ചി ക്കോഴി, മുയൽ, ആട് വളർത്തൽ കേന്ദ്രങ്ങളും അവയുടെ ശൃംഖലത്തിലൂടെ സാമ്പത്തിക പുരോഗതിയും കൈവരുത്തുക.
- കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങി ഉല്പാദന ചിലവു ലഘൂകരിക്കാം.
- ജനാധിപത്യ സംവിധാനങ്ങൾ കുറ്റമറ്റതാക്കി ക്ഷീര സംഘങ്ങളെ തകർച്ചയിൽ നിന്നും ഉയർത്തി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി പ്രവർത്തിക്കാൻ സജ്ജമാക്കുക.
- പട്ടികജാതി പട്ടിക വർഗ്ഗ, വനിത, വികലാംഗ ക്ഷേമം ഉന്നമാക്കി സഹകരണ സംരംഭങ്ങൾ ആരംഭിക്കുക.
- സഹകരണ പാരലൽ കോളജ്, ആശുപത്രി ഇവ ആരംഭിക്കുക.
- റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമാക്കുകയും റബ്ബറാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കു വഴി തുറക്കുകയും ചെയ്യുക.

| പഞ്ചായത്ത് പരിധിയിൽ വായ്പാ സംഘങ്ങളുടെ പ്രവർത്തനം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സംഘം | ആരംഭം | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | നൽകിയിട്ടുള്ള കാർഷിക വായ്പകൾ | സാധാരണ വായ്പകൾ | സ്വർണ്ണപ്പണ വായ്പ | IRDP | കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ |
| ചെങ്ങരൂർ സർവ്വീസ് സഹകരണ ബാങ്ക് 4149 | 1962 | 5978 | 14,78,030 | 0,23,92,542 | 13,49, 929.92 | 1,32,16, 224 | 36, 86, 795 | 3,85, 867 | 23,45, 822 |
| കാർഷിക വികസന ബാങ്ക് മല്ലപ്പള്ളി ശാഖ | | | | 2,09500 | | 4,80,000 | | | |
| ഹൗസിംഗ് സൊസൈറ്റി മല്ലപ്പള്ളി | | Houng Loan 8, 44,000 | | | | | | | |
| പുതുശേരി അധ്യാപക സഹകരണ ബാങ്ക് | 1972 | 2158 | 82,926 | 1,70, 92, 538 | - | 11,68, 122 | 2,17,400 | - | Fnâ. |

| ക്ഷീര സഹകരണ സംഘം സംബന്ധിച്ച് | | |
|---|---|---|
| സംഘത്തിന്റെ പേര് മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ | പഞ്ചായത്തിലെ വില്പന ലിറ്റർ | കേന്ദ്ര സംഘത്തിലേക്ക യ്ക്കുന്നത് ലിറ്റർ |
| ഏ. 28 ചെങ്ങരൂർ. ആകെ 650 ലിറ്റർ ദിവസേന | 100 നു മുകളിൽ കൊടുത്തിരുന്നു. ഇപ്പോൾ വില്പന നിരോധിച്ചിരിക്കുന്നു (അന്വേഷണവിധേയമായി) | 650 ലിറ്റർ |
| പാലത്തങ്കൽ സംഘം | 1025 ലിറ്റർ | 150200 ലിറ്റർ |
| കല്ലൂപ്പാറ സംഘം 200250 | 1030 ലിറ്റർ | 200250 ലിറ്റർ |

| ചെങ്ങരൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വിവരങ്ങൾ | | |
|---|---|---|
| വായ്പകൾ | കാലാവധി | പലിശ |
| കാർഷിക വായ്പ | 1 വർഷം | 12% |
| മദ്ധ്യകാല വായ്പ (വസ്തു ഈട്) | 18 മാസം | 17.5% |
| മദ്ധ്യകാല വായ്പ (വസ്തു ഈട്) | 18 മാസം മുതൽ 5 വർഷം | 17.5% |
| IRDP | 3 വർഷം | 12% |
| പദ്ധതി വായ്പ | 3 വർഷം | 17.5% |
| സ്വർണ്ണ പണയം | 7 വർഷം | 18% |

5-11

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

## അവലംബം സെക്കൻഡറി ഡാറ്റാ

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 9% പട്ടികജാതി വിഭാഗമാണ്. 330 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിക്കുന്നു. പന്ത്രണ്ട് അംഗീകൃത കോളനികളിലും ആറ് അംഗീകാരത്തിനു സമർപ്പിച്ച കോളനികളിലുമായി 252 കുടുംബ ങ്ങളും 78 കുടുംബങ്ങൾ ഇട കലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 2043 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ പലതരത്തിലുള്ള നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. നിരവധി കാലം ചൂഷണത്തിനിരയായിരുന്ന ഇക്കൂട്ടർക്ക് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരളവു വരെ സാമൂഹിക പുരോഗതി കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും പരിഗണിക്കപ്പെടുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന അനേകം സൗജന്യങ്ങൾ ഈ വിഭാഗത്തിനു നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ നേട്ടവും കോളനി നിവാസികൾക്കാണുണ്ടായിട്ടുള്ളത്.

എന്നാൽ ഇന്നും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. (വിവരം ഒന്നാം പട്ടികയിൽ.

ലഭ്യമായ കണക്കു പ്രകാരം കോളനിയിലടക്കം ജനസംഖ്യ 2043 ആണ്. അംഗീകാരത്തിനു സമർപ്പിച്ച കോളനികൾ അംഗീകരിക്കുന്നതിന് നടപടികകൾ സ്വീകരിക്കേണ്ടതുണ്ട്.

വിശേഷാൽ ഗ്രാമസഭയ്ക്കുശേഷം 9-ാം വാർഡിൽ പൂഞ്ഞതോട്ടു മേപ്രത്ത് കോളനി അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ വളരെ കുറവാണെങ്കി

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | നെടുംപാറ | 35 | 140 |
| 2 | III | മുടിമല | 27 | 132 |
| 3 | IV | വട്ടമല | 17 | 68 |
| 4 | V | നെല്ലിമൂട് (ചരിവ്) | 12 | 49 |
| 5 | VI | കണ്ടത്തിൽപുര | 9 | 36 |
| 6 | VII | മണ്ണുക്കുഴി (വെള്ളാംപൊയ്ക) | 11 | 54 |
| 7 | | മാരേട്ടു തോപ്പ് (ല. വീ) | 6 | 17 |
| 8 | VIII | കുംഭമല | 15 | 40 |
| 9 | | കുംഭമല അമ്പാട്ടുഭാഗം | 11 | 47 |
| 10 | | പൂഞ്ഞത്തോട്ടു മേപ്രത്ത് (കോമളം) | 17 | 66 |
| 11 | | പള്ളിക്കക്കുഴി | 15 | 57 |
| 12 | V | ചെങ്ങരൂർ (ല. വീ) | 11 | 43 |

| അംഗീകാരത്തിനു സമർപ്പിച്ചത് | | | | |
|---|---|---|---|---|
| 1 | IV | പുതിയോട്ടിൽ | 15 | 70 |
| 2 | V | തെങ്ങുനാമണ്ണിൽ (വല്ലകത്തും മണ്ണിൽ) | 15 | 60 |
| 3 | VII | പുതുശ്ശേരി | 13 | 52 |
| 4 | | പാലാംകുന്ന് (മടുക്കക്കാല) | 13 | 44 |
| 5 | VIII | മുട്ടത്തിൽ | 7 | 32 |
| | | | 252 | 1007 |

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീ | ഓട് | ഓല | | | |
| 1 | നെടുംപാറ | - | 33 | 2 | 10 | 30 | 5 |
| 2 | മുടിമല | - | 26 | 1 | 5 | 16 | 11 |
| 3 | വട്ടമല | - | 13 | 4 | 3 | 12 | 5 |
| 4 | നെല്ലിമൂട് (ചരിവ്) | - | 12 | - | 4 | 6 | 6 |
| 5 | കണ്ടത്തിൽപു | - | 9 | - | 5 | 5 | 4 |
| 6 | മണ്ണുക്കുഴി (വെള്ളാംപൊ | - | 11 | - | 5 | 6 | 5 |
| 7 | കുംഭമല | - | 14 | - | 4 | 10 | 5 |
| 8 | കുംഭമല അമ്പാട്ടുഭാഗം | 1 | 10 | - | 3 | 1 | 10 |
| 9 | പൂഞ്ഞത്തോട്ടു മേപ്രത്ത് (കോമളം) | - | 17 | - | 6 | 2 | 15 |
| 10 | മാരേട്ടുതോപ്പ് (ല. വീ.) | - | 5 | 1 | 2 | 4 | 2 |
| 11 | പള്ളിക്കക്കുഴി (ല. വീ) | - | 15 | - | 5 | 10 | 5 |
| 12 | ചെങ്ങരൂർ (ല. വീ) | - | 12 | - | 4 | 1 | 10 |
| 13 | പുതിയോട്ടിൽ | - | 15 | 5 | 5 | 5 | 10 |
| 14 | തെങ്ങനാമണ്ണി വല്ലകത്തുംമ | 2 | 13 | - | 4 | 9 | 6 |
| 15 | പുതുശ്ശേരി | - | 12 | 1 | 4 | 10 | 3 |
| 16 | പാലാംകുന്ന് (മടുക്കക്കോല) | - | 9 | 4 | 4 | 7 | 6 |
| 17 | മുട്ടത്തിൽ | - | 7 | - | 3 | 4 | 3 |

ലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രീഡിഗ്രി തലത്തിനുശേഷം പഠനം തുടരാൻ പലർക്കും കഴിയുന്നില്ല. രക്ഷിതാക്കളും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടിവരുന്നവർ തുലോം കുറവാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. എസ്. എസ്. എൽ. സി. പരാജയപ്പെട്ടാൽ തുടർന്നു പഠിക്കാൻ പലരും വിമുഖത കാണിക്കുന്നു. പൊതുവെ എസ്. എസ്. എൽ. സി. ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടതുണ്ട്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം കഴിച്ചു വരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളെ ആശ്രയിക്കാൻ നിർബന്ധിതമാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നത്. ഈ മേഖലയിൽ സ്ത്രീക്ക് 100 രൂപയും പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നു. കാർഷിക മേഖലയിൽ കൂലി ഇതിലും വളരെ കുറവാണ്. ആയതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി. നടീൽ നും കൊയ്ത്ത് നും ഇന്ന് തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ്. തൊഴിലെന്നതിനുപരി ഭക്ഷ്യധാന്യത്തിന്റെ ഉല്പാദന വർദ്ധനവു ലക്ഷ്യമാക്കി ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കാർഷിക മേഖലയിൽ സീസണിലാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷകത്തൊഴിലാളികളുടെയും പ്രധാന കൈത്തൊഴിലായിരുന്ന പായ നെയ്ത്ത്, കുട്ട, പരമ്പ് എന്നിവയുടെ നെയ്ത്ത് മുതലായവയ്ക്കുള്ള കൈതോല, ഈറ്റ എന്നിവ സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. കൂലി വേല മാത്രം ഉപജീവന മാർഗ്ഗമായ ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുന്നതിന് പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. അന്ന് പല പട്ടികജാതി കോളനികളും ചെറ്റക്കുടിലുകളിൽ നിന്നും മോചനം ആയിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. ഇവരിൽ പലരും പല ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പ എടുത്തു വലിയ കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. ഭൂമിയുടെ രേഖ ഇല്ലാത്തതിനാൽ സർക്കാരിൽ നിന്നും വായ്പയെടുക്കാൻ തടസ്സം നേരിടുന്നു. അതുകൊണ്ട് കൈവശഭൂമിക്ക് രേഖയുണ്ടാക്കികൊടുക്കുന്നതിന് ട്രൈബ്യൂണലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഒരു വീടിന് ഒരു കക്കൂസ് എന്ന രീതി നിർബന്ധമായും നടപ്പാക്കണം. ഒരു കോളനിക്ക് ഒരു കക്കൂസ് എന്നത് പല പ്രശ്നങ്ങളും ഉണ്ടാക്കും. മേൽപ്പറഞ്ഞ സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ രണ്ടാം പട്ടികയിൽ ചേർക്കുന്നു.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങ ളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം 76 വീടുകളും 111 കക്കൂസുകളും അനുവദിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

- വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് കൊഴിഞ്ഞു പോകുന്നു.
- കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു.
- എല്ലാവർക്കും സ്വന്തമായി വീടില്ല.
- വീടു വയ്ക്കാൻ സ്ഥലമില്ല. കിട്ടുന്ന ധനസഹായം തികയുന്നില്ല. പൂർത്തിയാക്കാൻ കഴിയാതെ ധനം ദുർവിനിയോഗം ചെയ്യുന്നു.
- കോളനികളിൽ ആവശ്യത്തിനു കുടിവെള്ളം ഇല്ല. വൈദ്യുതി ഇല്ല.

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ | വാർഡ് | ജനപങ്കാളിത്തത്തോടു കൂടി മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ |
|---|---|---|---|
| VIII | മുടിമല | VI | കണ്ടത്തിൽപുര |
| IV | വട്ടമല | VIII | കുംഭമല അമ്പാട്ടു ഭാഗം |
| V | നെല്ലിമൂട് | VIII | പള്ളിക്കക്കുഴി |
| VI | കണ്ടത്തിൽപുര | V | ചെങ്ങരൂർ |
| VII | മണ്ണുക്കുഴി | IV | വട്ടമല |
| VIII | കുംഭമല | | |
| VIII | കുംഭമല അമ്പാട്ടുഭാഗം | | |
| VIII | പൂഞ്ഞത്തോട്ടു മേപ്രത്ത് | | |
| VII | മാരേട്ടുതോപ്പ് | | |
| VIII | പള്ളിക്കക്കുഴി | | |
| IV | പുതിയോട്ടിൽ | | |
| IV | തെങ്ങുനാമണ്ണിൽ | | |
| VII | പുതുശ്ശേരി | | |
| VII | പാലാംകുന്ന് (മടുക്കക്കാല) | | |

- പൊതു ശ്മശാനം ഇല്ല.
- കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
- ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചമല്ല.
- നിർദ്ധനർക്ക് ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
- ഐ. ആർ. ഡി. പി. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
- പട്ടികജാതി വികസന കോർപ്പറേഷനും പട്ടികജാതി വികസന വകുപ്പും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
- പട്ടികജാതി വർഗ്ഗക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ല.
- കടക്കെണിയിൽപ്പെട്ടു പോകുന്നു.

പഞ്ചായത്തിലെ മിക്ക കോളനികളിലും

| ക്രമ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യം | അല്ലാത്തത് | ഇല്ലാത്തവ | ഉള്ളത് | കിണർ | ടാപ്പ് | പൊതു കക്കൂസ് |
| 1 | നെടുംപാറ | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2 | മുടിമല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 3 | വട്ടമല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | |
| 4 | നെല്ലിമൂട് (ചരിവ്) | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | |
| 5 | കണ്ടത്തിൽപ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | | |
| 6 | മണ്ണുക്കുഴി (വെള്ളാംപൊ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | | | |
| 7 | കുംഭമല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | |
| 8 | കുംഭമല അമ്പാട്ടുഭാഗം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | | |
| 9 | പൂഞ്ഞത്തോമേപ്രത്ത് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | | | |
| 10 | മാരേട്ടുതോപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | | |
| 11 | പള്ളിക്കക്കുഴ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | | |
| 12 | ചെങ്ങരൂർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | | | |
| 1 | പുതിയോട്ടിൽ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | | |
| 2 | തെങ്ങുനാമ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | |
| 3 | പുതുശ്ശേരി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | |
| 4 | പാലാംകുന്ന് (മടുക്കക്കാല) | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | |
| 5 | മുട്ടത്തിൽ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | |

വൈദ്യുതി ഇല്ല. ആവശ്യമായ പദ്ധതികൾക്കു രൂപം നൽകണം.

## കുടിവെള്ളം

കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം. സാദ്ധ്യതകൾ 3-ാം പട്ടികയിൽ

വിവിധ കോളനികളിലെ റോഡുകൾ വൈദ്യുതി, കുടിവെള്ളം, പൊതു കക്കൂസ് എന്നിവയുടെ സ്ഥിതി വിവരകണക്കുകൾ 4-ാം പട്ടിക

യിൽ കൊടുക്കുന്നു.

## പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം മുൻ നിർത്തി സത്വര ശ്രദ്ധ പതിക്കേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

- കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
- പായ, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- പഞ്ചായത്തു കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാ വിധ സഹായവും നൽകുക.
- കുടിവെള്ള പ്രശ്നം പരിഹരിക്കുക.
- സഹകരണമേഖലയിൽ ഹോളോ ബ്രിക്സ് യൂണിറ്റ് ആരംഭിക്കുക.
- അഭ്യസ്ഥ വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന വായ്പകളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുക. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുക.
- വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നു എന്നു പരിശോധിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
- സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ നെയ്ത്ത് റെഡിമെയ്ഡ് ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
- പട്ടികജാതി സർവ്വീസ് സഹകരണ സംഘം രൂപീകരിക്കുക.
- പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളുടെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും അതു വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ പച്ചക്കറി ഉല്പാദനത്തിനായി വിനിയോഗിച്ചുകൊണ്ടു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. കൃഷിഭവൻ നൽകി വരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയണം.
- വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക, വീടു വയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്തു സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിനു സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
- വീടു പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശ രഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
- ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ ഒറ്റ വീടാക്കി മാറ്റുക.
- പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പെക്കിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.
- ശ്മശാനം നിർമ്മിക്കുക,
- പട്ടികജാതി വികസന വകുപ്പു നടപ്പിലാക്കി വരുന്ന മൂന്നു മുതൽ അഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നേഴ്സറികളും ഏർപ്പെടുത്തുക.
- അഞ്ച് മുതൽ പത്ത് വരെ സ്റ്റാൻഡാർഡിൽ പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

- ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക.
- കോളനികളിൽ ബോധവൽക്കരക ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- വായനശാലകൾ സ്ഥാപിക്കുക.
- കുടുംബ ബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തുക.
- അഭ്യസ്ഥവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
- ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി. വി. സെറ്റുകൾ സ്ഥാപിക്കുക.
- അമ്പാട്ടുഭാഗം എൽ. പി. എസ്സിനു സമീപത്തു കൂടി കുംഭമല കോളനിയിലേക്ക് ഉള്ള വഴി റോഡാക്കി സഞ്ചാര യോഗ്യമാക്കുക.
- പാലാംകുന്ന് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.
- ചെങ്ങന്നൂർ ലക്ഷംവീടു കോളനിയിലേക്ക് റോഡ് വെട്ടുക.
- പുതിയോട്ടിൽ കോളനിയിലേക്കുള്ള വഴി ഗതാഗത യോഗ്യമാക്കുക.
- മാരേട്ടുതോപ്പ് ലക്ഷംവീടു കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.
- കുംഭമല രാഘവൻ പടിക്കൽ നിന്നും ഫാക്ടറി പടിക്കൽ ഇറങ്ങുന്ന വഴി സഞ്ചാര യോഗ്യമാക്കണം.
- പുതുശ്ശേരി കറുത്ത വടശ്ശേരിക്കടവു റോഡിൽ നിന്നും പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതിനു സമീപത്തു കൂടി പുതുശ്ശേരി കല്ലൂപ്പാറ റോഡിൽ ചേരുന്ന വഴി ഗതാഗത യോഗ്യമാക്കുക.

**ഇന്ത്യയിൽ ദളിത് ജനവിഭാഗം - 14.76%**
**ആദിവാസി ജനവിഭാഗം - 7.76%**
**മറ്റ് പിന്നോക്ക വർഗ്ഗക്കാർ - 54%**
**ആകെ പിന്നോക്ക വിഭാഗം - 76.5%**
**ആകെ അധീശ വർഗം -10%**
**10 വരുന്ന അധീശവർഗം കൈവശം വച്ചിരിക്കുന്ന കൃഷിഭൂമി - 70%**
**ഈ 10 ശതമാനത്തിൽ തന്നെ 93 കുടുംബങ്ങൾ ഇന്ത്യയുടെ സമ്പത്തിന്റെ 75% കൈവശം വച്ചിരിക്കുന്നു.**

OFFICE OF THE KALLOOPPARA GRAMA PANCHAYAT

5-12

# വിഭവ സമാഹരണം

ഓരോ പഞ്ചായത്തും ഓരോ ഗവൺമെന്റാണ് എന്നാണല്ലോ വയ്പ്. കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് വളരെ സാമ്പത്തിക ശേഷി കുറഞ്ഞ ഒരു പഞ്ചായ ത്താണ്. ഇവിടെ വരുമാന മാർഗ്ഗങ്ങൾ തുലോം കുറവാണ്. മൂന്നു വശവും ജലത്താൽ ചുറ്റപ്പെട്ടതും ഗതാഗതം കുറവും പട്ടണ പ്രദേശവുമായി വളരെ അകലത്തിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നതിനാൽ വികസനം എത്തിയിട്ടില്ലാത്തതു മാകുന്നു. എന്നാൽ പൗരാണി കത്വം സമ്പത്തായുള്ള ഇവി ടെ ആളുകൾ സാക്ഷര തയിൽ സ്വയം പര്യാപ്തരും സാംസ് ക്കാരിക പൈതൃകം

| തനതു വരുമാനം | 199192 | 199596 | bōlōemX | % |
|---|---|---|---|---|
| കെട്ടിട നിതുതി | 214426.25 | 284550.25 | 70124 | 32.7 |
| വിനോദ നികുതി | | | | |
| തൊഴിൽ നികുതി | 75217 | 141785 | 66568 | 88.5 |
| ഉപാധിരഹിത നികുതി | 170000 | 275000 | 105000 | 61.76 |
| S.C.V | | | | |
| J.R.Y | 282072 | 188695 | 93377 | 33.1 |
| ഗ്രാന്റുകൾ, സംഭാവനകൾ | 184267 | 345677 | 161410 | 87.59 |
| ആകെ വരവ്. | 925982.25 | 1235707.25 | 3097225 | 33.44 |

ഉൾക്കൊള്ളുന്നവരുമാണ്.

ഏതൊരു ഗ്രാമത്തിനും വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടണമെങ്കിൽ വിഭവങ്ങൾ ശരിയാംവണ്ണം സമാഹരിക്കപ്പെടേണ്ടതാണല്ലോ. ഈ പഞ്ചായത്തിന്റെ വികസനം ഈ ജില്ലയുടെയും സംസ്ഥാനത്തിന്റെയും മഹാരാജ്യത്തിന്റെയും വികസനത്തിന് വഴി തെളിക്കണം.

ഈ പഞ്ചായത്തിന്റെ മുൻകാലങ്ങളിലെ വരുമാനവും ഇന്നത്തെ വരുമാനവും തമ്മിലുള്ള വ്യതിയാനത്തിന്റെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

മുമ്പ് കെട്ടിട നികുതി ചുമത്തിയിരുന്നതിൽ പല അപാകതകൾ കടന്നു കൂടിയിരുന്നു. എന്നാൽ പുതിയ ഭരണ സംവിധാനത്തിൽ അത് പരിഹരിക്കുവാൻ കഴിയുന്നുണ്ട്. എങ്കിലും ഏറ്റവും പുതിയ രീതിയിൽ ഏകീകരണ സ്വഭാവം കൈവരിക്കേണ്ടതിന് നിയമനിർമ്മാണം നടന്നു കൊണ്ടേയിരിക്കുന്നു. ആയത് താമസം വിനാ പ്രയോഗത്തിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. ശരിയായ വിലയിരുത്തലിൽ കൂടി സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ച ചെയ്തു ഇപ്പോൾ കെട്ടിട നികുതി ചുമത്തി വരുന്നു. കാര്യമായ വരുമാന വർദ്ധനവ് അതിൽ കൂടി ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഒരു സിനിമാ ശാലയില്ലാത്തത് ഒരു വലിയ കുറവു തന്നെയാണ്. ആളുകളുടെ മാനസികോല്ലാസത്തിന് വഴി തെളിയുന്നതും പഞ്ചായത്തിന് ഒരു നല്ല വരുമാന മാർഗ്ഗവും ആണല്ലോ അത്. ആയതിനാൽ ഒരു സിനിമശാല തുടങ്ങാൻ കഴിവുള്ള ആരെയെങ്കിലും ഉത്സാഹിപ്പിക്കണം.

ഒരു മിനി സ്റ്റേഡിയം പണിതാൽ അവിടെ വിവിധ സ്ഥാപനങ്ങൾക്ക് സ്പോർട്സ് നടത്താനും പൊതുസമ്മേളനങ്ങൾ നടത്താനും അതിൽ കൂടി ഒരു ചെറിയ നികുതി ഏർപ്പെടുത്താനും സാധിക്കും.

ഓണാഘോഷം, കേരളോത്സവം തുടങ്ങിയ പൊതുപരിപാടികൾ കാണാൻ എത്തുന്നവരിൽ നിന്നും ടിക്കറ്റ് വിറ്റ് ഒരു ചെറിയ വരുമാനം പ്രതീക്ഷിക്കാം.

കേബിൾ ടി. വി പരിപാടിയുമായി ബന്ധപ്പെട്ട് ഒരു ചെറിയ നികുതി ഏർപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്.

ഈ പഞ്ചായത്തിന് ഒരു കമ്മ്യൂണിറ്റി ഹാൾ കസേര ഉൾപ്പെടെ പാലത്തുങ്കൽ ജംഗ്ഷന് സമീപം ആറാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഇതിന് ഉള്ള അപര്യാപ്തത പരിഹരിച്ച് കൂടുതൽ functions നടത്തുന്നതിന് പ്രോത്സാഹനം നൽകുക വഴി വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. നമ്മുടെ ശ്രദ്ധ ഇതിലേക്ക് പതിയേണ്ടതാണ്.

പഞ്ചായത്തിന് ഉള്ളിലുള്ള സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും Slab അടിസ്ഥാനത്തിൽ തൊഴിൽ നികുതി വിരിക്കുന്നു. എന്നാൽ ഈ പഞ്ചായത്തിൽ സ്ഥാപനങ്ങൾ കുറവാണ്. ഒൻപതാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ ഏക കോളേജാണ് B. A. M. College. ഇവിടെ നിന്നുമാണ് കൂടുതൽ തൊഴിൽ നികുതി വരവ്. കോളജ് പ്രദേശം കുറെ കൂടെ വികസനം വേണ്ട ഒരു പ്രദേശമാണ്.

പിന്നീടുള്ള സ്ഥാപനങ്ങൾ വില്ലേജാഫീസ് ഗവ. ഹോസ്പിറ്റൽ, ഗവ. ആയുർവേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പൻസറി, മൃഗാശുപത്രി, കൃഷിഭവൻ, ഗവ. ഹൈസ്ക്കൂൾ, ഗവ. യൂ. പി. സ്ക്കൂൾ, എൽ. പി. സ്കൂൾ, എയ്ഡഡ് ഹൈസ്ക്കൂളുകൾ രണ്ട്, എൽ. പി. സ്കൂളുകൾ അഞ്ച് എന്നിവയാണ്. ഇവിടെയെല്ലാം നിന്നുള്ള തൊഴിൽ നികുതി വളരെ കുറവു മാത്രമാണ്. ഇപ്പോൾ ഉള്ള സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി സ്ഥിരമായി തൊഴിൽ ചെയ്യുന്ന തൊഴിൽക്കാരിൽ നിന്നും കൂടി ചെറിയ തോതിൽ നികുതി ചുമത്തുന്നതും Slab ഉയർത്തുന്നതും കൂടുതൽ വരുമാന വർദ്ധനവിന് സാധ്യതയുണ്ടാകും. തൊഴിൽക്കരമടയ്ക്കുന്നേവർ 403

## Shoping Complex

പഞ്ചായത്തിൽ Shoping Complex കൾ waiting shed നോട് ചേർന്ന് ചില സ്ഥലങ്ങളിൽ പണി കഴിപ്പിച്ചിട്ടുണ്ട്. മൂന്ന് എണ്ണമാണുള്ളത്. പഞ്ചായത്തിന് അതിൽ നിന്നും കിട്ടുന്ന നികുതി അതിന്റെ Mantenance നടത്തുന്നതിന് ചിലപ്പോൾ മതിയാകാതെ വരുന്ന തരത്തിലാണ്. അവിടെ വ്യാപാരം ചെയ്യു

ന്നവർക്ക് കൂടുതൽ വിറ്റു വരവ് ഉണ്ടാകാതെ കൂടുതൽ നികുതി ഈടാക്കുന്നതും ശരിയല്ല. ആയതിനാൽ നമ്മുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും സമീപ സ്ഥലവാസികൾ കൂടുതൽ സാധനങ്ങൾ വാങ്ങി സഹകരിക്കണം. ന്യായവില ഗുണമേന്മയുള്ള സാധനങ്ങളുടെ വില്പന എന്നിവയിൽ അധികൃതർ ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ഈ വരുമാനം സ്വാഭാവികമായി ഉയരും.

പ്രകൃതി വിഭവങ്ങളിൽ ആറ്റിൽ നിന്നുള്ള മണൽ വാരൽ ആണ് പ്രധാനം. അതിൽ നിന്നുള്ള വരുമാനം യഥാവസരങ്ങളിൽ യഥായോഗ്യം പഞ്ചായത്തിന് ലഭിക്കാതെ പോകുന്നു. അനധികൃതമായ രീതിയിൽ, കോൺട്രാക്റ്റന്മാർ പെരുമാറുന്നതാണ് കാരണം. ഈ പഞ്ചായത്തിന് ഈ വരുമാനം തുലോം കുറവാണുതാനും. ആയതിനാൽ മധ്യവർത്തികളെ ഒഴിവാക്കി പഞ്ചായത്ത് നേരിട്ട് ഇടപെട്ട് ഈ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം.

ഇന്ന് ഉയർന്ന പല പ്രദേശങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവണത കണ്ടു വരുന്നു. ഈ മണ്ണും സ്വകാര്യ വ്യക്തിയുടെതെങ്കിലും പൊതു സ്വത്താണ്. ഇനിമേൽ ഒരു നികുതി ചുമത്തുന്നത് അഭികാമ്യമായിരിക്കും. വളക്കൂറുള്ള മേൽമണ്ണ് നീക്കം ചെയ്യുന്ന പ്രവണത നിരുത്സാഹപ്പെട്ടുത്തേണ്ടതുമാണ്. അത് നമ്മുടെ കാർഷിക വരുമാനത്തെ സാരമായി ബാധിക്കുന്നതാണ്.

കർഷക പ്രാധാന്യമുള്ള ഗ്രാമമാണ് നമ്മുടേത്.

ഇവിടുത്തെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ പ്രധാനമായതാണ് കാർഷികവരുമാനം. കർഷകർക്ക് വരുമാനം വർദ്ധിച്ചാൽ മാത്രമേ ഗ്രാമീണർക്ക് അഭിവൃദ്ധിയുണ്ടാകൂ.

അധിക കൃഷി ഭൂമിക്ക് നികുതി ചുമത്തപ്പെടുന്നുയെങ്കിലും അതിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. കാരണം ചെറുകിട കർഷകരാണ് 95% വും.

റബ്ബർ, തെങ്ങ്, കുരുമുളക് എന്നിവയാണ് പ്രധാന കൃഷിയായി ഇന്ന് മാറിയിരിക്കുന്നത്. തെങ്ങിന് വേണ്ടത്ര സംരക്ഷണം നൽകപ്പെടുന്നില്ല. ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയണം.

മറ്റ് കൃഷികൾ, ഏത്തവാഴ, കപ്പ, ചേമ്പ്, ചേന, കാച്ചിൽ, പച്ചക്കറികൾ മുതലായവയും വേണ്ടത്ര പ്രോത്സാഹനം നൽകിയെങ്കിൽ മാത്രമേ നമ്മുടെ ആഹാര കാര്യത്തിൽ സ്വയം പര്യാപ്തത നേടാനാവൂ. പച്ചക്കറിത്തോട്ടങ്ങൾ, ധാരാളമായി ഉണ്ടാകണം. നമ്മുടെ പഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പഞ്ചായത്തിൽ ഉള്ള പുറമ്പോക്കു ഭൂമികൾ കൃത്യമായി തിട്ടപ്പെടുത്തി ഉപയോഗ യോഗ്യമാക്കണം. പുറമ്പോക്ക് കൈയേറ്റം തടയണം. തരിശു ഭൂമികൾ ഏറ്റെടുത്ത് സംയുക്ത കൃഷി നടപ്പാക്കണം.

നമ്മുടെ പഞ്ചായത്തിൽ ഒരു നല്ല സഹകരണ ബാങ്ക് ഉണ്ട്. ചെങ്ങന്നൂർ സർവീസ് സഹകരണ ബാങ്ക്, കല്ലൂപ്പാറയിൽ ശാഖയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിപ്പോകളും സ്ഥാപിച്ച് ഗ്രാമവാസികൾ പല വിധത്തിൽ പ്രയോജനം ചെയ്തു വരുന്നു. വളം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും വായ്പകൾ ലഭ്യമാക്കുന്നതിനും സഹായകമാണ്.

Catholic Syrian Bank, South Indian Bank, Eravperoor, Co-oper. Bank എന്നിവയുടെ ബ്രാഞ്ച് കിം പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. I. O. B, SBT, അധ്യാപക കോ ഒപ്പറേറ്റീവ് ബാങ്ക് പുരശ്ശേരി ഇവയിൽ നിന്നും കൂടുതൽ വായ്പാ സൗകര്യങ്ങൾ ഉദാരമാക്കണം. വാണിജ്യ ബാങ്കുകളിൽ നിന്നും റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന മുഴുവൻ തുകയും ലഭ്യമാക്കണം. ഗൾഫ് മലയാളികളിൽ നിന്നും പണം സമാഹരിച്ച് വലിയ പദ്ധതികൾ നടപ്പാക്കണം.

ഈ പഞ്ചായത്തിൽ ഗ്രാമചന്തകൾ കുറവാണ്. കല്ലൂപ്പാറ ഒരു പ്രധാനപ്പെട്ട ചന്ത ഉണ്ടായിരുന്നു. അത് ഇന്ന് ചുരുങ്ങി നാമമാത്രമായിതീർന്നിരിക്കുന്നു. അതിനെ ഒരു വലിയ വ്യാപാര കേന്ദ്രമാക്കി മാറ്റാൻ ശ്രമിക്കണം.

അന്തി ചന്തകൾ, നമുക്ക് കുറവാകയാൽ വരുമാന മാർഗ്ഗവും കുറവാണ്. അവിടവിടെ അന്തിച്ചന്തകൾ

ഉണ്ടാകണം.

ചരിത്ര പ്രസിദ്ധമായ കല്ലൂപ്പാറ ഭഗവതീക്ഷേത്രവും അതിപുരാതനമായ പള്ളിയും മനോഹരമായ പാറക്കെട്ടുകളും നദീതീരവും മലമുകളിലുള്ള പ്രകൃതി ദൃശ്യങ്ങളും നമ്മുടെ തനതു സ്വത്താണ്. ടൂറിസ്റ്റുകളെ ആകർഷിക്കാൻ പോരുന്ന തരത്തിൽ മലമുകളിൽ ചില പ്രത്യേക സ്ഥലങ്ങൾ തെരഞ്ഞെടുത്ത് പക്ഷി വളർത്തൽ കേന്ദ്രം, snake park, childrens park എന്നിവ ഉണ്ടാക്കി ടൂറിസം വികസിപ്പിച്ചെടുക്കാൻ നമ്മുടെ പഞ്ചായത്തിന് സാധ്യതകൾ ഏറെയുണ്ട്.

പഞ്ചായത്തടിസ്ഥാനത്തിൽ നാഷണൽ സേവിംഗ് സ്കീം, ഇന്ദിരാ വികാസ് പത്ര R.D.എന്നിവ സാർവത്രികമാക്കണം. നമ്മുടെ ഗ്രാമവാസികളുടെ സമ്പാദ്യശീലം വർദ്ധിക്കുന്നതോടൊപ്പം ഗ്രാമം കൂടുതൽ ഉയർച്ച പ്രാപിക്കുകയും പഞ്ചായത്തിനും ചില ആദായം അതിൽ നിന്നു ലഭിക്കുകയും ചെയ്യും.

വിഭവ സമാഹരണത്തിൽ മാനവ വിഭവശേഷി അതി പ്രധാനമായ ഒരു ഘടകമാണ്.

നിർമ്മാണ പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവശേഷി ഉപയോഗിക്കുമ്പോൾ ഒരു വലിയ വരുമാന മാർഗ്ഗം കണ്ടെത്തുകയാണ്. 5000/- രൂപയ്ക്ക് ഒരു റോഡ് മെയിന്റൻസ് ചെയ്യാൻ തുടങ്ങിയാൽ അതിന്റെ മനുഷ്യാധ്വാനം മുഴുവൻ സ്വമേധയാ സേവനം ചെയ്യുന്ന ആൾക്കാർ ചെയ്താൽ ആ തുക മുഴുവനും ആ റോഡിന്റെ വികസനത്തിനു തന്നെ ചെലവാക്കാൻ കഴിയും.

വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയിലും മനുഷ്യന്റെ വിഭവശേഷി ഉപയോഗിക്കാം.

നമ്മുടെ പഞ്ചായത്തിന് ചെലവുകൾ വളരെ കൂടുതലാണ്. ഇന്നത്തെ നമ്മുടെ സാധനങ്ങളുടെ വിലക്കയറ്റം, പെട്രോൾ, ഡീസൽ വില വർദ്ധന എന്നിവ സാധാരണക്കാരുടെ ജീവിത ഭാരം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിന് ഒരു പരിഹാരം ഉണ്ടായേ തീരൂ. അതിന് സംസ്ഥാനതലത്തിലും കേന്ദ്ര തലത്തിലും നീക്കങ്ങൾ ഉണ്ടാവണം. അതിന് നാം ഒന്നിച്ചു ചേർന്ന് നമ്മുടെ വികാരങ്ങൾ പ്രതികരണങ്ങൾ അവിടെ എത്തിക്കണം. ഈ ജനകീയാസൂത്രണം കൊണ്ട് അതും സാധ്യമാക്കിയേ തീരൂ!

പഞ്ചായത്തിന് നേരിട്ട് ചെലവഴിക്കേണ്ട ഒട്ടേറെ വികസന പദ്ധതികൾ ഉണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള റോഡുകൾ ഗതാഗത യോഗ്യമല്ലാത്തത് ഒരു വലിയ പോരായ്മയാണ്. വരുമാനത്തിന്റെ നല്ല ഒരു ഭാഗം ഇതിന് ചെലവാക്കുന്നു. ഗ്രാന്റുകൾ കൂടുതൽ ലഭ്യമായെങ്കിൽ മാത്രമേ ഇതിന് ഒരു ചെറിയ പരിഹാരം ആകൂ.

വളരെയധികം ശ്രദ്ധിക്കപ്പെടേണ്ടവയാണ്. നിർബന്ധിതരായ കുട്ടികൾക്ക് ഉച്ചഭക്ഷണ വിതരണത്തിനു തന്നെ പഞ്ചായത്തിൽ നിന്നും സഹായം നൽകണം. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, മൂത്രപ്പുര, കക്കൂസ് നിർമ്മാണം ഇവയും ഭാരിച്ച തുക ചെലവഴിക്കപ്പെടുന്നവ യാണ്.

വായനശാലകൾ, റേഡിയോ, ടി. വി., പൊതു കക്കൂസുകൾ, വിതരണം

പൊതുജനാരോഗ്യത്തിന് പൊതുകിണറുകൾ ഇങ്ങനെ ചെലവിനങ്ങൾ വളരെയാണ്. ഇതിനൊക്കെയും ആസൂത്രിതമായ രീതിയിൽ ലഭിക്കുന്ന ഗ്രാന്റുകളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ.

ലൈസൻസ് ഫീസ് (കച്ചവട സ്ഥാപനങ്ങൾക്ക്) ഏർപ്പെടുത്തിയിരിക്കുന്ന ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചാൽ ആ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മാനവ ശേഷി നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമാഹരിക്കുന്നതിൽ സന്നദ്ധ സംഘടനകളുടെ സഹകരണം തേടണം.

നായ്ക്കളുടെ ലൈസൻസ് 25 രൂ ആയി വർദ്ധിപ്പിക്കണം.

മാംസ വില്പനയ്ക്കുള്ള ലൈസൻസ് ഫീസ് പ്രതി

വർഷം 500 Rs ആയി നിർദ്ദേശിക്കണം.

സാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.

ആഡിറ്റോറിയങ്ങൾ സ്കൂളുകൾ എന്നിവയിൽ നടക്കുന്ന വിരുന്നു സൽക്കാരങ്ങൾക്ക് സീറ്റൊന്നിന് ഒരു രൂപാ നിരക്കിൽ ടാക്സ് ഈടാക്കണം.

കേറ്ററിംങ്ങ് യൂണിറ്റുകൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.



**ആവശ്യത്തിനുള്ള വിഭവങ്ങൾ നമുക്കുണ്ട്.**
**ആവർത്തിക്കുള്ളതില്ല**

# 6

# ഉപസംഹാരം

1993 ഏപ്രിൽ 24 ഭരണഘടനയുടെ 73-ാം ഭേദഗതി ആക്ട് നിലവിൽ വന്ന ദിവസം വികേന്ദ്രീകൃത വികസനാസൂത്രണം, നടപ്പാക്കൽ എന്നീ മേഖലകളിൽ ഒരു വഴിത്തിരിവിന് തുടക്കം കുറിച്ചു. യഥാർത്ഥ ജനാധിപത്യ വികേന്ദ്രികരണത്തിലേക്കുള്ള യാത്രയ്ക്ക് തുടക്കം കുറിച്ചത് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വികേന്ദ്രീകരണ സ്വപ്നം മനസ്സിൽ സൂക്ഷിച്ച നമുക്കുള്ള സാക്ഷാത്ക്കാരമാണ് ഒൻപതാം പദ്ധതിയിൽ ജനകീയ പങ്കാളിത്വം.

താഴെത്തട്ടിൽ നിന്ന് ആസൂത്രണത്തിനായുള്ള ക്യാമ്പെയിൽ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന കേരളാ സർക്കാരിന്റെ ഈ മഹത് പ്രസ്ഥാനത്തിൽ പങ്കാളികളാകാൻ സാധിച്ചതിൽ നമ്മുടെ ഗ്രാമത്തിന് അഭിമാനമുണ്ട്.

കേരളത്തിൽ വികസന മുരടിപ്പിന് പല കാരണങ്ങൾ ഉണ്ടെങ്കിലും, ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം അതിന്റെ കേന്ദ്രീകൃത സ്വഭാവമാണ്. വികസനമെന്നാൽ ഉദ്യോഗസ്ഥ തലത്തിൽ മാത്രം നടത്തേണ്ട ഒരു പ്രവർത്തനമാണെന്ന ഒരു ധാരണ പടർന്നു പിടിച്ചു. വിദഗ്ധർക്കും ഉദ്യോഗസ്ഥർക്കും മാത്രമെ ഇത്തരത്തിലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാനാകൂ എന്നും കരുതപ്പെട്ടു.

ഇതൊരു ദുരന്തത്തിന്റെ രൂപത്തിലാണ് നമ്മുടെ ഗ്രാമങ്ങളിൽ പ്രകടമായത്. കല്ലൂപ്പാറയിലെ വെണ്ണീർ വിളപ്പാടത്തോ, ചെറിയ പാടത്തോ കൃഷി ചെയ്യുന്ന കൃഷിക്കാരന് എപ്പോൾ, എത്ര വെള്ളം കിട്ടണമെന്ന് തീരുമാനിക്കുന്നത് ദൂരെയെങ്ങോ ഉള്ള ഒരു സർക്കാർ ഓഫീസിലെ ഉദ്യോഗസ്ഥന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടു കൊടുക്കപ്പെട്ടു. ഗ്രാമത്തിലെ സ്കൂളും, ആരോഗ്യ കേന്ദ്രവും മറ്റു സ്ഥാപനങ്ങളും നടത്തുന്നതിൽ ഗ്രാമവാസികൾക്ക് യാതൊരു പങ്കുമില്ലെന്നു വന്നു. ഇത് ഒരു തരത്തിൽ അഴിമതിക്ക് വളം ചെയ്യുന്ന അവസ്ഥയും സൃഷ്ടിച്ചു.

ഇതിൽ നിന്ന് കേരളത്തെ കരകയറ്റാനുള്ള ഒരു ബൃഹത്തായ പദ്ധതിക്കാണ് നമ്മുടെ സർക്കാർ തുടക്കമിട്ടിരിക്കുന്നത്.

കുടിൽ തൊട്ട് കൊട്ടാരം വരെ, ജാതി വർഗ്ഗ വർണ്ണ രാഷ്ട്രീയ ഭേദമന്യേ വികസനത്തിന്റെ ഗുണഭോക്താക്കൾ അതിന്റെ യജമാൻന്മാരാകുകയാണ്.

ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാത്പര്യങ്ങൾ ഒരു പരിധി വരെ സംരക്ഷിക്കാൻ കഴിയും. പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം 40%

സർക്കാരിന്റെ 60% ത്തിൽപ്പെട്ട സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, നികുതി വരുമാനം എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസുകൾ പലതാണ്. ഇത് പ്രയോജനപ്പെടുത്താൻ നാം കൂട്ടായി ശ്രമിക്കണം.

ബഹുജന പങ്കാളിത്വം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ എല്ലാ മാർഗ്ഗങ്ങളും അടയ്ക്കാനും കഴിയും.

ഒൻപതാം പദ്ധതിയിൽ ജനങ്ങളുടെ പങ്കാളിത്വം ഉറപ്പുവരുത്താൻ വേണ്ടതായ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തലത്തിലുള്ള മൂന്നു ഘട്ടങ്ങൾ പിന്നിട്ടു. വളരെയേറെ ആവേശത്തോടു കൂടിയാണ് ജനങ്ങൾ ഇതിനെ വരവേറ്റത്. വിശേഷാൽ ഗ്രാമസഭകളിലെ വമ്പിച്ച ജനപങ്കാളിത്വം ഒരു ശുഭലക്ഷണമാണ്.

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയമാണെന്നു പറയേണ്ടതില്ലല്ലോ. ഫണ്ടില്ലാതെ വികസനം അസാദ്ധ്യമത്രെ. വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ ഉണ്ടായേ മതിയാകൂ. എല്ലാറ്റിനും സർക്കാരിനെ ആശ്രയിക്കുന്ന രീതി ശരിയല്ല. സർക്കാരേതര ഏജൻസികളെ കണ്ടെത്തി പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ ശ്രമിക്കണം.

സാമൂഹിക രാഷ്ട്രീയ രംഗത്തുള്ള കക്ഷി മനോഭാവം വികസനത്തിനുള്ള മറ്റൊരു വിലങ്ങു തടിയാണ്. പ്രശ്നങ്ങളെ കൂട്ടായി പഠിക്കുകയും വസ്തു നിഷ്ഠമായി വിശകലനം ചെയ്യുകയും ചെയ്താൽ വികസന പ്രശ്നത്തെ നേരിടാനാകും.

മുൻഗണനാക്രമം നിശ്ചയിക്കുന്നതിലുള്ള അപാകത മറ്റൊരു പ്രശ്നമാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കാൻ.

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ധാരാളം പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ഉയർന്നു വന്നിട്ടുണ്ട്. അവയൊക്കെ ഒരു പരിധിവരെയെങ്കിലും പരിഹരിക്കണമെങ്കിൽ നല്ല പ്രോജക്റ്റുകൾ തയ്യാറാകേണ്ടതുണ്ട്.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം.

ഒൻപതാം പദ്ധതിയുടെ അടങ്കൽ തുക 11000 കോടി രൂപയായി നിശ്ചയിച്ചു കഴിഞ്ഞു. 2400 കോടി രൂപയുടെ സംസ്ഥാന വാർഷിക പദ്ധതിക്ക് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകി കഴിഞ്ഞു. ഇതിൽ 960 കോടി രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രതിവർഷം ശരാശരി 57.6 ലക്ഷം രൂപ ലഭിക്കും.

താഴെത്തട്ടിൽ തയ്യാറാക്കുന്ന പദ്ധതികൾ, സാങ്കേതികമായും സാമ്പത്തികമായും ഗുണമേന്മയുള്ളതായിരിക്കണം. എങ്കിൽ മാത്രമെ പരമാവധി പദ്ധതി വിഹിതം തരപ്പെടുത്താനാകൂ.

ഈ വിഹിതം ലഭ്യമാക്കുമ്പോൾ, വ്യത്യസ്ഥ സമിതികളുടെ പഠനത്തിന്റേയും, ആലോചനയുടേയും തീരുമാനത്തിന്റെയും വെളിച്ചത്തിൽ വേണം മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്. വികസന പ്രക്രിയകൾ ഊർജ്ജസ്വലവും വ്യാപകവുമാക്കാനുള്ള ശക്തമായ ഉപകരണങ്ങളാകും ഈ സമിതികൾ. തെരഞ്ഞെടുക്കപ്പെട്ടവരെ അവഗണിക്കുകയല്ല ശക്തമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

പരിമിതമായ ഫണ്ടിന്റെ ഗുണം എല്ലാ മേഖലകളിലും എത്തിക്കാനുള്ള ശ്രമമാണ് ഇതുവരെ നടന്നതും നടക്കുന്നതും. 1995 Oct 2 ന് ശേഷം JRY, VTC, SCP, Flood M. P. ഫണ്ട് ഇവ ഉപയോഗിച്ച് 15 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് റോഡുകളുടെ ഉദ്ധാരണ വേലകൾ ചെയ്തു കഴിഞ്ഞു. പത്ത് ലക്ഷം രൂപയുടെ വർക്കുകൾ ടെൻഡർ ചെയ്തു കഴിഞ്ഞു. എസ്. എസ്. എൽ. സിയ്ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികൾക്ക് അവാർഡ് ഉൾപ്പെടെ, പാവപ്പെട്ട നൂറ് കുട്ടികളെ തെരഞ്ഞെടുത്ത് കുടകൾ വിതരണം, ഗവ. എൽ. പി., യൂ. പി. സ്കൂളുകളുടെ പുനരുദ്ധാരണം തുടങ്ങിയവ വിദ്യാഭ്യാസ മേഖലയിൽ ചെയ്ത പ്രവർത്തനങ്ങളാണ്.

പഞ്ചായത്തിന്റെ അതിർത്തികൾ തിരിച്ചറിയത്തക്കവണ്ണം ബോർഡുകൾ സ്ഥാപിച്ചു. ഒരു വാർഡിൽ മൂന്ന് എണ്ണം വീതം നോട്ടീസ് ബോർഡുകൾ തയ്യാറായി വരുന്നു.

അപ്രതീക്ഷിതമായി ഉണ്ടായ ജപ്പാൻ ജ്വരത്തിനെ

തിരെ രണ്ടു പ്രാവശ്യമായി പ്രതിരോധ മെഡിക്കൽ ക്യാമ്പുകൾ വാർഡു തലത്തിൽ നടത്താൻ കഴിഞ്ഞു. കീഴ്‌വായ്പൂർ ഹോമിയോ ആശുപത്രിയിലെ ഡോ. ഫിലിപ്പ് ഇതിനു നേതൃത്വം നല്കി. 1996-ൽ തുണ്ടിയംകുളത്ത് താൽക്കാലിക കെട്ടിടത്തിൽ തുടങ്ങിയ ഗവ. ഹോമിയോ ഡിസ് പെൻസറിക്ക് സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു.

പട്ടികജാതിയിൽ പെട്ടവർക്ക് സ്ഥലമുള്ളവർക്ക് മുഴുവൻ പേർക്കും വീടുകൾ വെച്ചു കൊടുക്കാൻ പദ്ധതി തയ്യാറാക്കി, കൃഷി ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ, പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതിയിൽപ്പെട്ട രണ്ടു പേർക്ക് പത്ത് സെന്റ് [illegible] വീതം, സൗജന്യമായി കൊടുത്തു. പട്ടികജാതി കോളനികളിൽ വെള്ളമെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നിലവിലുള്ള ടാങ്കിൽ നിന്നും നേരിട്ട് നെടുമ്പാറയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചു. മുടിമലയിലേക്ക് പ്രത്യേക പൈപ്പ് ലൈൻ വലിക്കാൻ ഉള്ള ശ്രമത്തിലാണ്.

ശോച്യാവസ്ഥയിൽ കഴിയുന്ന ലക്ഷംവീട് കോളനികളെ ഉദ്ധരിക്കാനുള്ള പദ്ധതിയുടെ തുടക്കമായി ചെങ്ങരൂർ ലക്ഷംവീടു കോളനിയെ ദത്തെടുക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. മൂന്നു കോളനികൾക്കും കൂടി ഒരു ലക്ഷം രൂപ നീക്കിവച്ചു.

ഓണത്തിന് ഒരു കുല എന്ന പദ്ധതിയിൽ പാവപ്പെട്ട 60 സ്ക്കൂൾ കുട്ടികളെ തെരഞ്ഞെടുത്ത് 180 വാഴവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. കർഷകരെ സഹായിക്കാൻ സെമിനാറുകൾ, സബ്സിഡി വിതരണം ഇവ നടപ്പാക്കി.

മേൽപ്പറഞ്ഞവ ചുരുങ്ങിയ കാലത്തിൽ ചെയ്യാൻ കഴിഞ്ഞ വികസന പ്രവർത്തനത്തിൽ ചിലതു മാത്രം അതോടൊപ്പം ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതി അവസാനിപ്പിക്കുക എന്നത് ഇന്നതിന്റെ ആവശ്യമാണെന്നു മനസ്സിലാക്കി എതിർപ്പുകളുണ്ടെങ്കിലും അതിനുള്ള ശ്രമത്തിലാണ്.

അതുകൊണ്ടു തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ സമൃദ്ധമാക്കി, ലക്ഷ്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം [illegible]ക്കാൻ മതിയാകും.

കക്ഷി രാഷ്ട്രീയത്തിനതീതമായി ജനം ഏക മനസ്സോടെ വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ പാലാഴി മഥനത്തിൽ നിന്ന് അമൃത കുഭം എന്ന പോലെ ഫലം ഉളവാകും എന്നതിൽ സംശയമില്ല.

മഹത്തരമായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപ ഭാവിയിൽ തന്നെ നമുക്കു കഴിയട്ടെ എന്ന ശുഭാശംസകളോടെ കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് വികസന രേഖ, സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു. സമഗ്ര വിശകലനത്തിനും പരിപൂർണ്ണതയ്ക്കും വേണ്ടി

**ബസി ചെറിയാൻ**

മണ്ണഞ്ചേരിൽ

(പ്രസിഡന്റ്)

ഗ്രാമപഞ്ചായത്ത് കല്ലൂപ്പാറ

# നോക്കൂ

ഈ മയക്കം മരണത്തിലേക്കാണ്.....
മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും
മായിക വലയത്തിൽ നിന്ന് വിമുക്തി നേടൂ.

ഈ ലഹരി ക്ഷണികമാണ്
ഇത് ജീവിതത്തിന്റെ ചൈതന്യം കെടുത്തും
ആരോഗ്യത്തെ ഹനിക്കും
നാശത്തിന്റെ അഗാധഗർത്തത്തിൽ
ഒടുവിൽ നിങ്ങളെ കൊണ്ടെത്തിക്കും

# അറിയുക

നിങ്ങളുടെ നാശം ഒരു കുടുംബത്തിന്റെ മാത്രം നാശമല്ല
ഒരു തലമുറയുടെയും
ഒരു രാഷ്ട്രത്തിന്റെയും കൂടിയാണ്.

ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്

**മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ജാഗ്രത!**

ഗ്രാമപഞ്ചായത്ത് കല്ലൂപ്പാറ






Bethany Offset Printers, Tiruvalla. Typesetting at Edessa Computers, Thiruvalla. Ph. 624070